WIDEST CIRCULATION IN KERALA

കൗമുദി

DO YOU ADVERTISE IN THE KAUMUDI

പുസ്തകം 1 | തിരുവനന്തപുരം | ലക്കം 5



1113 തുലാം 16, തിങ്കൾ

ആട്ടത്തിരുനാൾ

ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ആട്ടത്തിരുനാൾ പ്രമാണിച്ചുള്ള കറിക്കുവെട്ടു ഇന്നാണല്ലൊ. സർവ്വണ്ണഹിന്ദുക്കളായലെവിഉദ്യോഗസ്ഥന്മാർ മാത്രമേ 1112-മാണ്ടുവരെ കറിക്കുവെട്ടിൽ സംബന്ധിച്ചിരുന്നുള്ളു. 1112-ലെക്ഷേത്രപ്രവേശന വിളംബരത്തോടുകൂടി തിരുവിതാംകൂറിൽ ഹിന്ദുക്കളെന്ന ഒരൊറ്റ മനുഷ്യസമുദായമല്ലാതെ അവരിൽ പണ്ടുപണ്ടേ അഭേദ്യമെന്നപോലെ നിലനിന്നു വന്നിരുന്ന സവർണ്ണാവർണ്ണഭേദം ഇല്ലാതായി തീന്നിരിക്കുന്നു. അതിനാൽ 112വരെ അവർണ്ണരായി ഗണിക്കപ്പെട്ടുവന്നിരുന്ന ഈഴവ ലെവിഉദ്യോഗസ്ഥന്മാരും ഇന്നയാണ്ടു കറിക്കുവെട്ടു നടത്തിയിരിക്കുമെന്നു ഞങ്ങൾ വിശ്വസിക്കുന്നു.

* * *

രണ്ടുവർഷം മുമ്പേ ഹൈദ്രാബാദിൽവച്ചു സചിവോത്തമൻ സർ സി. പി. ഒരു പ്രസംഗം ചെയ്തതിൽ ഇരുപത്തഞ്ചുകൊല്ലത്തിനകം ഇൻഡ്യയിൽനിന്നു ജാതിവ്യത്യാസം നിശ്ശേഷം നശിക്കുമെന്നു പ്രവചിച്ചതായി ഏതോ പത്രത്തിൽ ഞങ്ങൾ വായിച്ചു. ആ ഇരുപത്തഞ്ചുകൊല്ലത്തിൽനിന്നു രണ്ടുകൊല്ലം ഇപ്പോൾ കഴിഞ്ഞു. ഇനി 23 കൊല്ലത്തിനകം സചിവോത്തമന്റെ പ്രവചനം അനുഭവഗോചരമാവണം. അതിനുള്ള സംരംഭങ്ങളാണു കന്യാകുമാരിയിൽനിന്നു ആരംഭിച്ചിരിക്കുന്നതെന്നു തോന്നുന്നു. മൂന്നു സമുദ്രങ്ങളും സദാപി കഴുകിക്കൊണ്ടിരിക്കുന്ന കന്യാകുമാരിയിൽനിന്നാണു ഭാരതഭൂമിയുടെ ജാതിക്കളങ്കം മുഴുവൻ കഴുകുന്ന മഹാകർമ്മം ആരംഭിച്ചതെന്നുള്ള ഒരു മഹാപാരമ്പര്യത്തിന്റെ അവകാശം വഞ്ചിരാജ്യവാസികൾക്കു ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ കാലത്തു സമ്പാദിച്ചു തന്നിരിക്കുന്നു.

* * *

ആ മഹാരാജാവു തിരുമനസ്സിലെ തിരുനാളാഘോഷം നാളെയാണ്. അതിന്റെ ചടങ്ങുകൾ തിരുവനന്തപുരത്തു ഒരു വിധത്തിലും, നാട്ടിന്റെ നാനാഭാഗങ്ങളിലും പലവിധത്തിലുമായിരിക്കുമല്ലൊ. ഇക്കൊല്ലം കറിക്കുവെട്ടും, ദീപാവലിയും, പദ്മനാഭസ്വാമിക്ഷേത്രത്തിലെ കൊടിയേറ്റും ഒരുമിച്ചാണു വന്നിരിക്കുന്നതു്. ഇവയിൽ ഓരോന്നും തന്നെ ഉത്സാഹകരങ്ങളാണ്. അങ്ങനെയുള്ള വിശേഷങ്ങൾ മൂന്നുംകൂടി ഒരുമിച്ചാലത്തെ കഥ ആർക്കും ഊഹിക്കാവുന്നതാണ്. ആണ്ടുതോറും ഇപ്പോൾ പതിവായി തീന്നിരിക്കുന്ന ചിത്രോത്സവവും ഇന്നുമുതൽ തിരുവനന്തപുരത്തു ആരംഭിക്കുന്നു. തത്സംബന്ധമായി നടത്തപ്പെടുന്ന പ്രദർശനം പത്തുദിവസത്തേക്കു നീണ്ടുനിന്നു ആറാട്ടോടുകൂടി അവസാനിക്കും. പ്രദർശനം കാണുവാനും, ആറാട്ടു ഉത്സവം കാണുവാനും നാട്ടിന്റെ നാനാഭാഗങ്ങളിൽനിന്നും ആളുകൾ തിക്കിക്കൂട്ടും എന്നുള്ളതിനു സംശയമില്ല. തിരുവനന്തപുരത്തെ കച്ചവടക്കാർക്കു ചിത്രോത്സവകാലം ഒരു സുഭിക്ഷകാലമായിത്തീന്നിരിക്കുന്നു. തിരുനാൾ മഹോത്സവം നാളെ നാട്ടിന്റെ നാനാഭാഗങ്ങളിലും കൊണ്ടാടുമെങ്കിലും അതിന്റെ ചടങ്ങുകൾ പലയിടത്തും പലതാണ്. എല്ലായിടത്തും ഒരേ ചടങ്ങുതന്നെ സ്വീകരിക്കുവാൻ എന്തെങ്കിലും ഒരേർപ്പാടു നാട്ടുകാർ ആലോചിച്ചോ തിരുവനന്തപുരത്തെ പ്രദർശന പ്രവർത്തകന്മാർ ആലോചിച്ചോ നടപ്പിൽ വരുത്തിയിരുന്നു എങ്കിൽ നന്നായിരുന്നേനെ.

* * *

ഈ സന്ദർഭത്തിൽ മഹാരാജാവു തിരുമനസ്സിലെ ദീർഘായുരാരോഗ്യങ്ങൾക്കും തിരുമനസ്സിലേക്കു സർവ്വവിധമായ മംഗളങ്ങളും കൈവരുന്നതിനും ഞങ്ങൾ പ്രാർത്ഥിച്ചുകൊള്ളുന്നു. ഇത്ര ചെറുപ്പത്തിലെ, ഇത്ര നല്ല പ്രവൃത്തികൾചെയ്ത ലോകം ഒട്ടുക്കു പ്രസിദ്ധിനേടിയ ഒരു മഹാരാജാവു ഉണ്ടായിരുന്നിട്ടുണ്ടോ എന്നു സംശയമാണ്. അക്ബർ ചക്രവർത്തിയെക്കുറിച്ചു വിശ്വപ്രസിദ്ധനായ തിരുമനസ്സുകൊണ്ടു ഒരു സന്ദർഭത്തിൽ പ്രസ്താവിച്ചതുപോലെ ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു ധർമ്മപ്രചരണം ചെയ്യുന്നകാലത്തു ജീവിച്ചിരിക്കുവാൻ സംഗതിവന്ന നമ്മളും ഭാഗ്യവന്മാർ തന്നെയാണ്.

—o.—

കേരകർഷകസമ്മേളനം

ഈമാസം രണ്ടുംമൂന്നും തീയതികളിൽ കേരകർഷകസമ്മേളനം കരുനാഗപ്പള്ളിയിൽ വച്ചു വളരെ ഭംഗിയായി കഴിഞ്ഞുകൂടിയിരിക്കുന്നു. സമ്മേളനം ഉൽഘാടനംചെയ്ത സചിവോത്തമന്റെ പ്രസംഗവും സമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ച മദ്രാസ്മന്ത്രി ബഹുമാനപ്പെട്ട മുനിസ്വാമിപ്പിള്ളയുടെ പ്രസംഗവും സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളും കേരകർഷകരുടെ ഉന്നമനത്തിനു ഉപയുക്തങ്ങളും ആയിരുന്നു എന്നുള്ളതിനു സംശയമില്ല. കേരകർഷകരുടെ വലുതായദുർഭാഗ്യം സിലോൺ കൊപ്രായുടെഇറക്കുമതിയാണല്ലൊ. ഇറക്കുമതിച്ചുങ്കം നിശ്ചയിക്കുവാനുള്ള അധികാരം ഇൻഡ്യാഗവമ്മെൻറിനാണ്. ഇൻഡ്യാഗവമ്മെൻറും സിലോൺ ഗവമ്മെൻറും തമ്മിൽ ഈ ദുർഘടവിഷയത്തെച്ചൊറി വാദമുണ്ടായാൽ അതിനെച്ചൊറി ഒരു തീരുമാനം ചെയ്യേണ്ടതു ഇൻഡ്യാസ്റ്റേറ്റു സിക്രട്ടറിയും കൊളോണിയൽ സിക്രട്ടറിയും കൂടിയാണെന്നാണു ചിലർ പറഞ്ഞു ഞങ്ങൾ ധരിച്ചിട്ടുള്ളതു്. അവരെ ഇതുവരെയും കാര്യസ്വഭാവം വിശദമായി മനസ്സിലാക്കിയിട്ടുണ്ടോ എന്നു സംശയമാണ്. സ്റ്റേറ്റു സിക്രട്ടറിയെ വിശദമായി കാര്യം ഗ്രഹിപ്പിക്കേണ്ടതു ഇൻഡ്യാഗവമ്മെൻറിന്റെ ചുമതലയാണ്. ഇൻഡ്യാഗവമ്മെൻറിനെ കാര്യം ഗ്രഹിപ്പിക്കുവാൻ മദ്രാസ്ഗവമ്മെൻറും കൊച്ചി തിരുവിതാംകൂർ ഗവമ്മെൻറുകളും ശ്രമിക്കുകതന്നെവേണം. അതിനുള്ള ഉത്സാഹം തിരുവിതാംകൂറിലെ കേരകർഷകർക്കുള്ളതുപോലെ കൊച്ചി മദ്രാസ് ഗവമ്മെൻറുകൾക്കു ഇതേവരെ ഉണ്ടായിട്ടില്ലെന്നു കാണുന്നതു ശോചനീയംതന്നെ. മദ്രാസ്ഗവമ്മെൻറു അവർക്കുള്ള വലിയ ആനക്കായ്ക്കളുടെയിടയിൽ ഇതൊരു ചേനക്കായ്മായിട്ടു മാത്രമേ ഇതേവരെ ഗണിച്ചിരുന്നുള്ളു എന്നുതോന്നുന്നു. ബഹു: മുനിസ്വാമിപ്പിള്ള ഇവിടത്തെ കേരകർഷകരുടെ ബുദ്ധിമുട്ടിന്റെ ശരിയായ രൂപം ഇപ്പോൾ മനസ്സിലാക്കിയിരിക്കുന്നതുകൊണ്ടു മദ്രാസു ഗവമ്മെൻറിന്റെ ദൃഷ്ടി ഈ വിഷയത്തിൽ പൂർവ്വാധികം ശക്തിയായി പതിയുമെന്നു വിശ്വസിക്കാം. അതിനുവേണ്ടി തന്നെയായിരിക്കാം ബുദ്ധിമാനായ ചങ്ങനാശ്ശേരി മദ്രാസു മന്ത്രിമാരിൽ ഒരാളെത്തന്നെ സമ്മേളനത്തിനു അദ്ധ്യക്ഷനായി ക്ഷണിച്ചു വരുത്തിയതെന്നു ഞങ്ങൾ വിചാരിക്കുന്നു. താൻ നേതൃത്വം വഹിക്കുന്ന ഏതൊരുകാര്യവും എത്രയും ഭംഗിയായി നയിച്ചുകൊണ്ടു പോകുവാനുള്ള സാമർത്ഥ്യം മി. ചങ്ങനാശ്ശേരിക്കു പണ്ടേതന്നെ ഉണ്ടെന്നുള്ളതു പ്രസിദ്ധമാണല്ലോ.

* * *

കേരകർഷകസംഘത്തിന്റെ അപേക്ഷകളിൽ ഒന്നു കേരോൽപന്നങ്ങളുടെ ഏറുമതിച്ചുങ്കം നിറുത്തൽ ചെയ്യണമെന്നായിരുന്നു. ആ അപേക്ഷയ്ക്കു നിഷേധരൂപമായ മറുപടി സചിവോത്തമനിൽ നിന്നു ലഭിച്ചതിൽ കർഷകർക്കുള്ള സീമാതീതമായ വ്യസനത്തിൽ ഞങ്ങളും അവരോടു സഹതപിക്കുന്നു. മുതലെടുപ്പു വർദ്ധിച്ചുകാണാതെ ചുങ്കം നിർത്തൽ ചെയ്വാൻ നിവൃത്തിയില്ലെന്നാണു സചിവോത്തമൻ പറഞ്ഞതു്. മുതലെടുപ്പു എത്ര വർദ്ധിച്ചാലും അതൊക്കെ പണ്ടേയുള്ള ചിലവുകൾക്കായി വിഴുങ്ങിവരുന്ന ഒരു പതിവാണു ഇവിടെ കണ്ടിട്ടുള്ളതു്. പെട്രോൾ ചുങ്കം, ടോൾ വരവു, ആദായ നികുതി, തീപ്പെട്ടിച്ചുങ്കം ഇവയെല്ലാം അടുത്തകാലത്തുണ്ടായ കൂട്ടൽ വരവിനങ്ങളാണ്. അവയെല്ലാം വിഴുങ്ങിത്തീർത്തു. അ

തിനു തക്കവണ്ണം ഇവിടത്തെ ഭരണപരിഷ്കാരങ്ങളിൽ വലിയ പരിവർത്തനങ്ങളൊന്നും സംഭവിച്ചിട്ടുമില്ല. വ്യവസായവല്കരണത്തിനായി അടുത്ത ഭാവിയിൽ വമ്പിച്ച ചിലവുകൾക്കു സചിവോത്തമൻ തന്നെ അടിസ്ഥാനങ്ങൾ ഇട്ടും കഴിഞ്ഞിരിക്കുന്നു. അവയിൽ നിന്നെല്ലാം ഉണ്ടാകുവാൻ പോകുന്ന ആദായത്തിന്റെ സ്വഭാവം കണ്ടറിഞ്ഞശേഷമേ നിർണ്ണയിച്ചു കൂടൂ. ആദായകരമല്ലാത്ത യൂണിവേഴ്സിറ്റി സ്ഥാപനത്തിനും, കുറെ ലക്ഷങ്ങൾ കരുതേണ്ടിയിരിക്കുന്നു, അതിനാൽ ഈ സന്ദർഭത്തിൽ ഗവൺമെൻറിന്റെ മുതലെടുപ്പിൽ സാരമായവയൊന്നും കുറയ്ക്കാൻ പാടില്ലെന്നു സചിവോത്തമൻ പറയുന്നതിൽ പരിഭവിക്കാനൊന്നും തോന്നുന്നില്ല.

* * *

നാളീകേരവ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തണമെന്നുള്ള ബുദ്ധി ഇവിടത്തെ കർഷകർക്കുണ്ടായതു ഈയിടെയാണു്. സിലോണിലെ കേരകർഷകർ ഈവിഷയത്തിൽ ഉണർന്നു ഉത്സാഹം തുടങ്ങിയിട്ടു രണ്ടുദശാബ്ദങ്ങളിൽ കുറയാതെയായി. പതിനഞ്ചുകൊല്ലംമുമ്പേ അവിടത്തെ നിയമസഭയിൽതന്നെ ഈ വിഷയത്തെപ്പറ്റി ഗൌരവമായ ചില ആലോചനകൾ നടന്നതായി ഞങ്ങൾ ഓർക്കുന്നുണ്ടു്. പുതിയ മാർഗ്ഗങ്ങൾ കണ്ടുപിടിക്കുക, നാളീകേരത്തിന്റെ ഉപയോഗം അറിഞ്ഞുകൂടാത്ത സ്ഥലങ്ങളിൽ അതിന്റെ ഉപയോഗങ്ങളെക്കുറിച്ചു പ്രചരണവേലകൾ നടത്തുക മുതലായി പലകാര്യങ്ങളും അന്നു സിലോൺ നിയമസഭയുടെ ആലോചനയിൽ വന്നു. അക്കാലത്തു നാളീകേരത്തിനു നല്ലവിലകിട്ടിവന്നിരുന്നതുകൊണ്ടു നമ്മുടെ ആളുകൾ ഉറക്കമായിരുന്നു. ഒരു സാധനത്തിനു കൂടുതൽ വിലകിട്ടുന്നു എന്നു കണ്ടാൽ അതിന്റെവില കുറഞ്ഞുപോകാതിരിക്കുവാൻ മാത്രമല്ല, അതിലുംകൂടുതൽ വില കിട്ടുവാനും കർഷകർ അന്വേഷിച്ചുകൊണ്ടിരിക്കേണ്ടതാണു്. ഈ അന്വേഷണം സിലോൺകാർ ചെയ്തു. നമ്മൾ അതു ചെയ്തില്ല. അതിന്റെ ഫലമാണു നാം ഇന്നു അനുഭവിക്കുന്നതു്.

* * *

കൊപ്രായും കയറുമല്ലാതെ തെങ്ങുകൃഷിയിൽ നിന്നു വിദേശങ്ങളിൽ അയച്ചു പണംവരുത്താവുന്ന മറെറാന്നും നമുക്കില്ലാത്തതാണു ഈ കൃഷിയുടെ അഭിവൃദ്ധിക്കുള്ള ഒരു വലിയ വൈഷമ്യം. തെങ്ങിൽനിന്നു രണ്ടുതരം കള്ളുകൾ ഇപ്പോൾ എടുത്തുവരുന്നുണ്ടു്. അവയിൽ ഒരുതരം കള്ളു നിരുത്തിക്കളയണമെന്നുള്ള അഭിപ്രായം പ്രബലപ്പെട്ടവരുന്നു. മധുരക്കള്ളു് വളരെ വിശേഷപ്പെട്ട ഒരു പാനീയമാണെന്നു മാത്രമല്ല, അതിൽനിന്നു ചക്കരയും പഞ്ചസാരയും ഉണ്ടാക്കാമെന്നും എല്ലാവരും അറിഞ്ഞിട്ടുണ്ടു്. തേൻപോലെ മാധുര്യമുള്ളതും ഒരുപക്ഷേ ഗുണംകൂടിയതുമായ പാനീയം ഈ കള്ളിൽനിന്നു ഉണ്ടാക്കിവരുന്നുണ്ടു്. ഇതിനു വിദേശമാർക്കറെറാ കിട്ടാതിരിക്കയില്ല. ഇത്തരം കള്ളിൽനിന്നോ, തെങ്ങായിൽനിന്നോ കൂടുതൽ ആദായം ഉണ്ടാക്കാവുന്നതെന്നു ആരും ഇതേവരെ സൂക്ഷ്മമായി പരീക്ഷിച്ചുനോക്കിയിട്ടില്ല. തൊണ്ടിൽനിന്നു കടലാസു ഉണ്ടാക്കുവാനുള്ള ഒരു വിദ്യ ഒരാൾ കണ്ടുപിടിച്ചിട്ടുണ്ടു്. പക്ഷേ അതു കമ്പോളത്തിലായി ആദായകരമായിരിക്കുമോ എന്നു പരീക്ഷിച്ചുനോക്കിയിട്ടില്ല. ഇതൊക്കെ പരീക്ഷിച്ചുനോക്കേണ്ടകാര്യങ്ങളാണു്. അതൊന്നും ചെയ്യാതെ കരം പകുതികുറയ്ക്കണം, ഇറക്കുമതിച്ചുങ്കം വർദ്ധിപ്പിക്കണം എന്നൊക്കെ മറെറാരു ഗവൺമെൻറിനെ അലട്ടുവാൻമാത്രമേ കേരകർഷകർക്കു കഴികയുള്ളു എങ്കിൽ സചിവോത്തമനെപ്പോലെയുള്ളവർ പറയുന്ന മറുപടിയും കേൾക്കുകയല്ലാതെ നിവൃത്തിയില്ല.

* * *

സമ്മേളനത്തിൽ പാസ്സാക്കപ്പെട്ട പ്രമേയങ്ങളെല്ലാം കേരകർഷകരുടെ അഭിവൃദ്ധിക്കു് ഉപയുക്തങ്ങളാണു്. ആലോഹരിഭാഗത്താൽ ആദായകരമായ കൃഷിക്കു് ഉപയുക്തമാകാത്തവിധം ശകലിതമാക്കപ്പെട്ട കൃഷിഭൂമികളെ സഹകരണതത്വത്തിന്മേൽ യോജിപ്പിച്ചു കൃഷിനടത്തണം എന്നുള്ള സചിവോത്തമന്റെ നല്ല ഉപദേശം അങ്ങനെതന്നെ കേൾക്കുന്നവരല്ല ഇവിടത്തെ കേരകർഷകർ. നിയമനിർമ്മിതികൊണ്ടു നിർബന്ധിച്ചാലെ അവർ വഴിപ്പെടുകയുള്ളു. അങ്ങനെ ചെയ്യരുതോ എന്നു കേരകർഷകസംഘവും ഗവൺമെൻറും ആലോചിക്കേണ്ടതാണു്.

കൊച്ചിയിലെ തിരഞ്ഞെടുപ്പു പരിഷ്കാരം

—o—

തിരുവിതാംകൂറിനോടു ചില കാര്യങ്ങളിലെങ്കിലും മത്സരിച്ചു മുമ്പോട്ടു പോകുവാൻ താല്പര്യപ്പെടുന്ന ഒരു രാജ്യമാണു് കൊച്ചി. അടുത്തകാലത്താണു തിരുവിതാംകൂറിൽ ഒരു നിയമസഭാപരിഷ്കാരം ഉണ്ടായതു്. തിരുവിതാംകൂറിനെ മുൻകടന്നുപോകുവാൻ താല്പര്യമുള്ള കൊച്ചി, തിരഞ്ഞെടുപ്പു പരിഷ്കാരത്തിൽ തിരുവിതാംകൂറിനോടൊപ്പമെങ്കിലും ആവാൻ ശ്രമിക്കാഞ്ഞതു് കഷ്ടമായി പോയി എന്നു ഫ്രാഞ്ചൈസുകമ്മിറ്റിയുടെ ശുപാർശയും അതിന്മേൽ കൊച്ചി ഗവൺമെൻറു പാസ്സാക്കിയ പ്രൊസീഡിംഗ്സും പ്രത്യക്ഷപ്പെടുത്തുന്നുണ്ടു്. വോട്ടവകാശയോഗ്യത തിരുവിതാംകൂറിലെക്കാൾ കുറച്ചതു ഒരു പരിഷ്കാരമാണെന്നു സമ്മതിക്കാമെങ്കിലും അങ്ങനെ കുറച്ചതിന്റെ പ്രയോജനം എന്തെന്നു് മനസ്സിലാക്കുവാൻ പ്രയാസമായിരിക്കുന്നു. ഈഴവർ, ലാറിൻ ക്രിസ്ത്യാനികൾ, മഹമ്മദീയർ എന്നിങ്ങനെ മൂന്നു സമുദായക്കാർക്കു സീറു വഗ്ദീയമണ്ഡലങ്ങളിൽ റിസർവു ചെയ്തുകൊണ്ടു പൊതുമണ്ഡലങ്ങളിൽ അവർക്കു നില്ക്കാൻ പാടില്ലെന്ന കമ്മിറ്റി ശിപാർശചെയ്തു.

കൊച്ചിയിലെ ഏറവും കൂടുതൽ ജനസംഖ്യയുള്ള ഈഴവർക്കു് അഞ്ചു സീറു റിസർവ് ചെയ്തതു ജനസംഖ്യയനുസരിച്ചു അവർക്കു കിട്ടുവാനുള്ള ഫുൾകോട്ടാ അല്ലെന്നുള്ളതു സ്പഷ്ടമാണു്. കണക്കിൻപ്രകാരം ഏഴിലധികം സീറു കിട്ടുവാൻ അവകാശമുണ്ടായിരുന്നിട്ടും അവർക്കു അഞ്ചു സീറു സാമുദായിക നിയോജകമണ്ഡലത്തിൽ കൊടുത്തുകൊണ്ടു മറു മണ്ഡലങ്ങളിലെങ്ങും തിരഞ്ഞെടുപ്പിനു നില്ക്കുവാൻ അവർക്കു് അവകാശമില്ലെന്ന കമ്മിറ്റിചെയ്ത ശിപാർശയെ ഗവൺമെൻറു അങ്ങനെ തന്നെ സ്വീകരിച്ചു.

* * *

മഹമ്മദീയർ വിട്ടില്ല. പൊതുമണ്ഡലങ്ങളിൽ തിരഞ്ഞെടുപ്പിനു നില്ക്കാൻ അവകാശമില്ലെങ്കിൽ അവർക്കു കമ്മ്യൂണൽ ഇലക്ടറേറ വേണ്ട എന്നു അവർ വാദിച്ചു. മഹമ്മദീയർ ശാഠ്യം പിടിച്ചു അവരുടെ വഗ്ദീയകാര്യം ആവശ്യപ്പെട്ടാൽ പാടില്ലെന്നു പറവാൻ ബ്രിട്ടീഷ് ഗവൺമെൻറിനു ധൈര്യമില്ല. കാൺഗ്രസ്സുകിടന്നു കൈലാസം മറിയും. ജസ്റ്റിസ് കക്ഷി ബ്രിട്ടീഷ് ഗവൺമെൻറു പറയുന്നതെല്ലാം "ഓ ഹോ പാതിരി പാതിരി" എന്നു പറയുന്ന കക്ഷിയാണു്. കൊച്ചി ദിവാൻ ജസ്റ്റിസ് കക്ഷിയാണു്. ബ്രിട്ടീഷ് ഗവൺമെൻറിനെ പോലെ ജസ്റ്റിസ് ദിവാൻ മഹമ്മദീയർ ചോദിച്ചതു "ഇതാ ഇരിക്കുന്നു" എന്നു പറഞ്ഞു ഉടൻ അനുവദിച്ചു കൊടുക്കുകയും ചെയ്തു. ഈഴവരും പൊതുമണ്ഡലത്തിൽ നില്ക്കാൻ അനുവാദം വേണമെന്നു പറഞ്ഞു. ഈഴവൻ പറഞ്ഞാൽ ആരു കേൾക്കാൻ പോകുന്നു അവൻ ജസ്റ്റീസുകക്ഷിയിലുണ്ടോ? കാൺഗ്രസുകക്ഷിയിലുണ്ടോ? സ്വന്തമായിതന്നെ അവർക്കു കൊച്ചിയിൽ ഉറച്ച ഒരു നിലയുണ്ടോ? കേരളത്തിനു വെളിയിൽ അവന്റെ കാര്യം ശ്രദ്ധിക്കാൻ വല്ലവരുമുണ്ടോ? മുസൽമാന്റെ കാര്യമാണെങ്കിൽ ആസേതുഹിമാചലം ഇളകി മറിയും. അതുകൊണ്ടു ഈഴവനോടു "പോടാ പോ" നീ വേറെതന്നെ തിരിഞ്ഞു നിന്നോളണം, നായരോടും, നസ്രാണിയോടും, പൊതുമണ്ഡലത്തിൽ ഒപ്പം നില്ക്കുവാൻ നിനക്കവകാശം ഇല്ല. എന്നു പറഞ്ഞു ജസ്റ്റീസുദിവാൻ അവരുടെ വാദം അങ്ങനെതന്നെ നിരസിച്ചു.

* * *

ഒരു മുറത്തു ഒരു കച്ചവടമല്ലാതെ രണ്ടു കച്ചവടം പാടില്ലെന്നുള്ള പഴമൊഴി വളരെ സാരമുള്ളതാണു്. ഒരുമുറത്തു രണ്ടു കച്ചവടമാണു് ഈ ഫ്രാഞ്ചൈസ് പരിഷ്കാരത്തിൽ ജസ്റ്റിസ് ദിവാൻ നടത്തിയിരിക്കുന്നതു്. ഈഴവരെ സംബന്ധിച്ചുള്ള കമ്മിറ്റിക്കാരുടെ ശിപാർശയെ ഈഴവർ പൊതുവിലും കൊച്ചിയിലെ തീയ്യമഹാജനസഭ ശക്തിയായും പ്രതിഷേധിച്ചു പ്രക്ഷോഭണം നടത്തിയിട്ടും ഫലമുണ്ടാകാതെ പോയതിനു വേറെയും ഒരു കാരണമുണ്ടു്. നിയമസഭയുടെ ആരംഭം മുതൽ അതിൽ ഒരു മെമ്പറും, കൊച്ചി തീയ്യമഹാജനസഭയുടെ പ്രസിഡണ്ടും, 'സഹോദരൻ' പത്രത്തിന്റെ പത്രാധിപരും ഈഴവരുടെസർവ്വസമ്മതനായ ഒരു നേതാവുമായ മി. അയ്യപ്പൻകൂടി കമ്മിറ്റിയുടെ ശിപാർശയെ അംഗീകരിച്ചു. പോരേ കാരണം? മി. അയ്യപ്പൻ പൊതുക്കായ്പ്പു പ്രസക്തനായിത്തീർന്നതുതന്നെ പ്രത്യേക നിയോജകമണ്ഡലവാദവുംകൊണ്ടാണു്. തിരുവിതാംകൂറിലും ഈ പ്രത്യേക മണ്ഡലവാദംതന്നെ അദ്ദേഹം പുറപ്പെടുവിച്ചുകൊണ്ടിരുന്നു എങ്കിലും പ്രത്യേക നിയോജകമണ്ഡലവാദത്തിൽ തീരെ അനഭിമതനായിരുന്ന മി. സി. കേശവന്റെയും മറവും ശ്രമത്താൽ ഇവിടെ ആ വാദം പ്രബലപ്പെടുവാൻ ഇടയായില്ല. പ്രായപൂർത്തിവോട്ടവകാശം അനുവദിക്കുന്നപക്ഷം റിസർവേഷൻതന്നെയും വേണ്ടെന്നുള്ള പക്ഷക്കാരനായിരുന്ന മി. സി. കേശവൻ. ഫ്രാഞ്ചൈസിൽ യാതൊരു ഭേദഗതിയും വരുത്തായ്കയുള്ള തിരഞ്ഞെടുപ്പു വ്യവസ്ഥ നടപ്പിലായതുകൊണ്ടാണു റിസർവ്വേഷനു വേണ്ടി നിവർത്തനപ്രക്ഷോഭണം നടത്തിയതു്.

* * *

പ്രത്യേക നിയോജകമണ്ഡലം അനുവദിച്ചുകിട്ടുന്നവർക്കു വോട്ടവകാശയോഗ്യത കുറഞ്ഞാലെന്തു കൂടിയാലെന്തു എന്നു ആലോചിക്കുവാൻ കഴിയാതെ പോകുന്നതു ആശ്ചര്യമായിരിക്കുന്നു. കൊച്ചിയിലെ ഈഴവരുടെ ദൃഷ്ടി വോട്ടിലല്ല സീറിലാണു്. വോട്ടവകാശം പ്രായപൂർത്തിയുള്ള എല്ലാവർക്കും ലഭിക്കുന്നതായാൽ കൊച്ചിയിലെ ഈഴവർക്കു തിരഞ്ഞെടുപ്പിൽ പരാജയം വരുമെന്നു ഭയപ്പെട്ടിട്ടു ആവശ്യമില്ലാത്ത വണ്ണം അവർക്കു ജനസംഖ്യയുണ്ടു്. കരത്തിന്റെ സംഖ്യനോക്കാതെ എല്ലാകരം കൊടുക്കുന്നവർക്കും വോട്ടവകാശം നല്കിയിരിക്കുന്ന കൊച്ചിയിലെ ഇപ്പോഴത്തെ വ്യവസ്ഥപ്രകാരം പൊതുമണ്ഡലത്തിൽ അഞ്ചുസീറുകിട്ടുന്നതിനു ഈഴവർക്കു പ്രയാസം ഉണ്ടാകുമെന്നു തോന്നുന്നില്ല. വഗ്ദീയമണ്ഡലം ആരോടും മത്സരിക്കാതെ സുഖവഴിക്കു സീറു കരസ്ഥമാക്കുന്നതിനുള്ള ഒരു എളുപ്പവിദ്യയാണെന്നു ഞങ്ങളും സമ്മതിക്കുന്നു. പക്ഷേ അതു ഭീരുത്വത്തിന്റെയും ഇൻഫീരിയോരിറ്റി കാംപ്ലക്സ് എന്നു പറയുന്നതിന്റെയും ഒരു തെളിഞ്ഞ ദൃഷ്ടാന്തമാണു്. സുഖവഴിക്കു അഞ്ചു ഈഴവർക്കു നിയമസഭയിൽപോയാൽ മതിയെങ്കിൽ പ്രത്യേകമണ്ഡലത്തേക്കാൾ വളരെ തെളിഞ്ഞ സുഖവഴി നോമിനേഷനാണു്. നാമമാത്രമായ കരമൊടുക്കുകൊണ്ടു ഈഴവർക്കുകിട്ടിയ വോട്ടവകാശം പൊതുനിയോജകമണ്ഡലങ്ങളിൽ കൊണ്ടുചെന്നു ആർക്കെങ്കിലും തൂശനിലപ്പുറത്തുവച്ചു തൊഴുതുകൊടുക്കുവാനല്ലാതെ ഈഴവർക്കു എന്തു പ്രയോജനമെന്നു ഞങ്ങൾക്കു മനസ്സിലാകുന്നില്ല. വഗ്ദീയവാദം വളരെ നടത്തി തഴമ്പിച്ച ഭീരുക്കളല്ലാതെ പ്രത്യേകമണ്ഡലവാദം പുറപ്പെടുവിക്കുകയോ വഗ്ദീയവാദത്തിൽ പഴകിയ ജസ്റ്റിസുകക്ഷി മന്ത്രിയല്ലാതെ ഇക്കാലത്തു അതനുവദിച്ചുകൊടുക്കുകയോ ചെയ്യുന്നതല്ല. കൊച്ചിയിലെ ഈഴവരും, ലാറിൻ കത്തോലിക്കരും, അല്പാല്പമായി അങ്ങുമിങ്ങും ഇളകിയിരിക്കുന്ന അവിടത്തെ സുറിയാനിക്രിസ്ത്യാനികളും വിചാരിച്ചാൽ ഇതിനു പരിഹാരം ഉണ്ടാകുവാൻ കഴികയില്ലെന്നു വരുമോ?

—o—

സചിവോത്തമനു മംഗളപത്രം

1112-മാണ്ടുവരെ തിരുവിതാംകൂറിനെ ഭരിച്ചിട്ടുള്ള മന്ത്രിമാരിൽ ആരെങ്കിലും മദിരാശിക്കാർ മംഗളപത്രം കൊടുത്തു കേട്ടിട്ടുണ്ടോ? എന്നാൽ 1112-ൽ ദിവാനായ സർ സി. പി. രു മദ്രാസ് കാർപൊറേഷൻ ഒരു മംഗളപത്രം സമർപ്പിച്ചിരിക്കുന്നു. ബ്രിട്ടീഷ് ഇൻഡ്യയിൽ സർ, ആയിരുന്ന രാമസ്വാമിഅയ്യരവർകളും തിരുവിതാംകൂറിൽ വന്നപ്പോളും "സചിവോത്തമനാ"യി. എന്താണു സചിവോത്തമൻ എന്ന ബിരുദത്തിന്റെ വിശേഷം? "ക്രടെപ്പോകുന്നവൻ" എന്നാണ് ആ വാക്കിന്റെ അർത്ഥമെന്നു ഒരു മഹാപണ്ഡിതൻ തിരുവനന്തപുരത്തു നടന്ന സാഹിത്യപരിഷത്തിൽ പറഞ്ഞുകേട്ടു. ആരുടെക്രടെ പോകുന്നവനാണ് നമ്മുടെ സചിവോത്തമൻ? മഹാരാജാവു തിരുമേനിയോട്ടക്രടെ. എന്നാൽ കാൺഗ്രസ്സിനോട്ടക്രടെ പോകുന്നവൻ എന്നു മദ്രാസ്കാർപൊറേഷൻകാർ ഒരു അർത്ഥംക്രടി അതിനു സങ്കല്പിച്ചിരിക്കുന്നു. സചിവോത്തമൻ കാൺഗ്രസ്സിന്റെക്രടെ പോകണമോ, കാൺഗ്രസ്സ് സചിവോത്തമന്റെക്രടെ പോകണമോ എന്നാണു സംശയം.

* * *

മഹാരാജാവു തിരുമനസ്സിലെ ക്ഷേത്രപ്രവേശനവിളംബരം നടപ്പിൽ വരുത്തുന്നതിൽ സചിവോത്തമൻ കാണിച്ച ധൈര്യത്തെയാണ് കാർപൊറേഷൻ കീർത്തിക്കുന്നതു്. അഗസ്ത്യക്രടത്തിലെ പാറപോലും ആ വിളംബരത്തെ സ്തുതിച്ചുപോകും. ഇക്ഷുരായകളിൽ നെപ്പിനു കിളിയടിക്കുന്ന ശാലിഗോപികളായ നിഷാദകന്യകകളും അതിനെ പാട്ടാക്കി പാടും. അതു വലിയൊരു കാര്യമാണു്. അയിത്തജാതിക്കാക്കു ക്ഷേത്രപ്രവേശനം നൽകി, അയിത്തക്കാരല്ലാത്ത ജാതിക്കാക്കു സ്വല്പം അയിത്തം ഉണ്ടായിരുന്നതു് ഒഴിക്രടി കഴികി പരിശുദ്ധമാക്കിയ ക്ഷേത്രപ്രവേശനവിളംബരം. ആ വിളംബരം തിരുവിതാംകൂറിൽ നടപ്പാക്കുവാൻ സചിവോത്തമൻ കാട്ടിയ ധീരതയെ മദ്രാസുകാർപൊറേഷൻ എന്തിനു സങ്കീർത്തനം ചെയ്യുന്നു? പ്രതിഫലം മോഹിക്കാതെ സങ്കീർത്തനംപാടുന്ന മുമുക്ഷുക്കളാണോ കാർപൊറേഷൻകാർ? വലുതായ ഒരു ഫലേച്ഛയോട്ടക്രടിയ സങ്കീർത്തനമാണ് കാർപൊറേഷൻകാർ ചെയ്തിരിക്കുന്നതു്. ബ്രി. ഇൻഡ്യയിൽ ക്ഷേത്രപ്രവേശനം അനുവദിക്കാതെ കാൺഗ്രസ്തന്നെ ചൂളവച്ചു ചൂടുപിടിപ്പിച്ച മണ്ണിൽ കാലുംപൊള്ളാതെ ചവുട്ടിനില്ക്കാൻ സാധിക്കയില്ല. കാര്യംസാധിച്ചു കാണിച്ചുകൊടുത്ത സചിവോത്തമനെ സ്തുതിക്കാതെയും അദ്ദേഹത്തിന്റെക്രടെ പോകാതെയും കാൺഗ്രസ്സിനു നിവൃത്തിയുണ്ടോ?

* *

ആരാണു ഈ കാർപൊറേഷൻകാർ? അവരും കാൺഗ്രസ്സുകാർതന്നെ. മദ്രാസ്സിലെ മന്ത്രിമാരും കാൺഗ്രസ്സുകാർതന്നെ. കാർപൊറേഷന്റെ പേരിൽ കാൺഗ്രസ്സുമന്ത്രിമാരും മറ്റു കാൺഗ്രസ്സുപ്രധാനന്മാരും ക്രടിയാണു സചിവോത്തമനെ വലിയ കോലാഹലത്തോട്ടക്രടി എഗ്മൂർസ്റ്റേഷനിൽ സ്വീകരിച്ചു കാർപൊറേഷനിൽവച്ചു മംഗളപത്രം സമർപ്പിച്ചതു്. ബ്രി. ഇൻഡ്യൻ ഭരണാധികാരികളിൽ വൈസ്രോയി, ഗവർണ്ണർ, മുതലായവരിൽ ആരെങ്കിലും കാൺഗ്രസ്സുകാർ ഇക്കാലത്തു ഒരു മംഗളപത്രം കൊടുക്കുമോ? വൈസ്രോയിക്കു ഈയിടെ പഞ്ചാബിൽവച്ചു ചിലർ ഒരു മംഗളപത്രം കൊടുത്തതിനു ക്ഷണിച്ചിട്ടും കാൺഗ്രസ്സുകാർ തിരിഞ്ഞുനോക്കുകപോലും ചെയ്തില്ലല്ലൊ. ആ കാൺഗ്രസ്സുകാക്കു നാട്ടുരാജ്യമന്ത്രിമാരെക്കുറിച്ചു വല്ല "കൺഗ്രിഡുറേഷനും" ഉണ്ടോ? നാട്ടുരാജ്യപ്രതിനിധികളേയും ബ്രി. ഇൻഡ്യൻ പ്രതിനിധികളേയും ചേർത്തു ഒരു ഫെഡുറേഷൻ ഉണ്ടാക്കുന്നതു, കാളയേയും പോത്തിനേയും ഒരു നുകത്തിൽ പൂട്ടുന്നതുപോലെയാണെന്നു പരസ്യമായി പറയുന്ന കാൺഗ്രസ്സുകാരുടെ മനസ്സിൽ നാട്ടുരാജ്യങ്ങളെക്കുറിച്ചു എന്തൊരു പുച്ഛമാണെന്നു പറയേണ്ടല്ലൊ. കാളയേയും പോത്തിനേയും എന്നുമാത്രമേ സംശയമുള്ളു. പോത്തു കാലൻറെയും കാള കാലകാലൻറെയും വാഹനങ്ങളാണ്. കാൺഗ്രസ്സുകാർ അവരെ പോത്തായിട്ടു സംശയിച്ചോ, നമ്മളെയൊക്കെ കാളകളായിട്ടു സങ്കല്പിച്ചോ അവർക്കേ അറിഞ്ഞൂകൂടൂ. കാൺഗ്രസ്സുകാക്കു അനുവദിക്കുവാൻ കാലപക്വമായിട്ടില്ലാത്ത കാര്യം കാലത്തെ ജയിച്ചു പക്വമാക്കിതീർത്ത സചിവോത്തമനെ കാർപൊറേഷന്റെ പേരിൽ കാൺഗ്രസ്സുകാക്കു സ്തുതിക്കാതെ നിവ്വാഹമുണ്ടോ?

* * *

കൊച്ചിദിവാൻജിയും മദ്രാസുകാരനാണല്ലൊ. അധ:കൃതരോടു അനുകമ്പയും അയിത്തത്തോടു വെറുപ്പും അദ്ദേഹത്തിനുമുണ്ടല്ലൊ. പരിക്ഷാരത്തിൽ തിരുവിതാംകൂറിനോടു തുല്യതയുണ്ടെന്നു ഭാവിക്കുന്ന കൊച്ചിയിലെ സചിവനെക്കൊണ്ടു ഈ കാര്യം സാധിക്കുമോ? അദ്ദേഹത്തിനു മദ്രാസു കാർപൊറേഷനോടു ഒരു മംഗളപത്രം വാങ്ങുവാൻ ഈ ജന്മം സാദ്ധ്യമാകുമോ? ജസ്റ്റിസ്കക്ഷി അധികാരത്തിൽവരുമ്പോൾ പക്ഷേ സാധിക്കുമായിരിക്കും. ആ "പക്ഷേ" അതിവിദൂരഭാവിയിലെ ഒരു പക്ഷേ ആണെന്നു തോന്നുന്നു. സമീപഭാവിയിൽതന്നെ ആയിരുന്നാൽ കാൺഗ്രസുകാരുടെ കീഴിൽ വീർപ്പും വഴിച്ച ഹരിജനങ്ങളും കറുത്ത കൊടിയുംപിടിച്ചു "ഷണ്മുഖം പോ, പോ ഹരിയോഹരി" എന്നുവിളിച്ചുണ്ടെന്നു വരുമോ? "ചെട്ടികളെ ചെന്നിളക്കി"ക്കൊണ്ടല്ലേ സനാതനികളും "കൊടുത്തുപോകരുതേ ക്ഷേത്രപ്രവേശനം" എന്നു പ്രാർത്ഥിച്ചുകൊണ്ടു സർ ഷൺമുഖത്തിന്റെ അടുക്കൽ ഡെപ്യൂട്ടേഷൻ വന്നുകൊണ്ടിരിക്കുന്നതു്? നാട്ടുരാജ്യങ്ങളുടെ ക്രട്ടത്തിലും ഉണ്ടു് കാളയുംപോത്തും.

* * *

ക്ഷേത്രപ്രവേശനം അനുവദിച്ചതിനു സചിവോത്തമനെ സ്തോത്രം ചെയ്ത കാൺഗ്രസുകാക്കു അവരുടെ കാര്യപരിപാടിയിൽ ഇനിയും ചില നല്ല "ഐറ്റംസും" ഉണ്ടല്ലൊ. അഡൽറ്റ്റ്റാഞ്ചൈസ് അനുവദിക്കണം; ജനപ്രതിനിധികളോടു ഉത്തരവാദിത്വമുള്ള ഭരണം ഉണ്ടാകണം. ഖദറിനുപ്രചാരം വരുത്തണം, ഗ്രാമഭരണാധികാരം കൊടുക്കണം, മുനിസിപ്പാലിറ്റികൾക്കു സ്വതന്ത്രഭരണാധികാരം നൽകണം. കാൺഗ്രസിന്റെ കാര്യപരിപാടികളിൽപെട്ട ഈ വക കാര്യങ്ങളിൽ ഏതെല്ലാം സചിവോത്തമൻ സർ സി. പി. ഇനിയുള്ള ഭരണകാലത്തിൽ സാധിക്കും എന്നു കാൺഗ്രസുകാരും നിരീക്ഷിക്കുന്നുണ്ടു്, ഈ നാട്ടുകാരും നിരീക്ഷിക്കുന്നുണ്ടു്. സർ ടി. മാധവറാവുവിനു അഭിമുഖമായി ഭാവിയിൽ ഒരു വിഗ്രഹംക്രടി ഉയർന്നു നിൽക്കുവാൻ തക്ക ഭാഗ്യോദയം വഞ്ചിഭൂമിക്കുണ്ടോ എന്നു ആരെങ്കിലും ജോൽസ്യന്മാർ ശാസ്ത്രാനോക്കി പറയട്ടെ.

* * *

സർ സി. പി. രു തിരുവിതാംകൂർ ദിവാൻജിയായിരുന്ന ഒരു കൊല്ലത്തിനിടയിൽ എത്ര മംഗളപത്രം സമർപ്പിക്കപ്പെട്ട എന്നു കണക്കെടുക്കുവാൻ ഞങ്ങൾ ശ്രമിക്കുന്നില്ല. ഓരോ സ്ഥലത്തുകാരും, സമുദായക്കാരും അഹമഹമികയാ അദ്ദേഹത്തിനു സമർപ്പിച്ച മംഗളപത്രങ്ങൾ അനവധിയാണെന്നേ ഞങ്ങൾ പറയുന്നുള്ളു. അദ്ദേഹത്തിന്റെ കണ്ണത്തിൽ സമർപ്പിക്കപ്പെട്ട പുഷ്പമാല്യങ്ങൾക്കും, കസവുമാല്യങ്ങൾക്കും വല്ല കണക്കും ഉണ്ടോ? ഒരു ദിവസംതന്നെ ഒരു ഡസനിലധികം മാലകൾ അപ്പിച്ച എസ്. എൻ. ഡി. പി. യോഗക്കാർതന്നെ ഉണ്ടല്ലൊ. എന്നിട്ടുണ്ടോ എസ്. എൻ. ഡി. പി. യോഗക്കാർ ദിവാൻജിക്കു ഒരു മംഗളപത്രം കൊടുക്കുവാൻ ഒരുങ്ങി? എസ്. എൻ. ഡി. പി. യോഗക്കാരും ദിവാൻജിമാക്കു മംഗളപത്രസമർപ്പണം ചെയ്യുന്നവരാണ്. അങ്ങനെ ഒരു പാരമ്പര്യം അവക്കുണ്ടു്. എന്നാൽ എപ്പോഴാണു ഈ സമർപ്പണം അവർ നടത്തുന്നതു്? പഴയകണക്കുകൾ തിട്ടപ്പെടുത്തിനോക്കാം. വി. പി. മാധവറാവുവിനു സാഷ്ടാംഗപ്രണാമമായ ഒരു യാത്രയയപ്പുനൽകുക എന്നുള്ള മംഗളാശംസയാണ് യോഗത്തിന്റെ ചരിത്രത്തിൽ ആദ്യമായി കാണുന്നതു്. അന്നു യോഗം സിക്രട്ടറിയായിരുന്ന മഹാകവി ഇങ്ങനെ ഒരു വഞ്ചിപ്പാട്ടും പാടി.

"മാധുരിയിയന്നവഞ്ചി മഹിയായ മലക്കാവിൽ
മാധവകാലംവന്നാലു മടങ്ങുമാറോ,
മാധവൻമധുരവിട്ടു മടങ്ങിയെഴുന്നള്ളുന്ന
മാതിരിയോ പോകുന്നിതാ മാധവരായർ"

ദിവാൻജിക്കു സാക്ഷാൽ മംഗളപത്രസമർപ്പണം ആദ്യം എസ്. എൻ. ഡി. പി. യോഗം നടത്തിയതു സർ പി. രാജഗോപാലാചാരിക്കാണ്. കൊടുക്കണ്ടേടത്തോ എസ്. എൻ. ഡി. പി. യോഗം അദ്ദേഹത്തിനു മംഗളപത്രം? ഈഴവക്കു ഉദ്യോഗം കൊടുത്താൽ നാടുമുടിയുമെന്നു വിചാരിച്ചിരുന്ന കൊച്ചിയിലെ ഹജൂരാഫീസിൽ ഒരീഴവ ബി. എ. ക്കാരനെകൊണ്ടുചെന്നു കയറ്റി അയിത്തക്കാരെ ഒക്കെ മാക്രിചാടിച്ച ഒരു പരമരസികനാണു സർ. രാജഗോപാലൻ. തിരുവിതാംകൂറിലെ ഹൈക്കോടതിയിൽ പകർപ്പു ഗുമസ്താവിന്റെ പണി നിഷേധിച്ച ഒരീഴവനെ പിടിച്ചു മുൻസിപ്പാക്കിയ വീരനാണദ്ദേഹം. കൊടുക്കണ്ടേടത്തോ മംഗളപത്രം? കൊടുത്തു. വളരെ വളരെ കേമമായിട്ടുതന്നെ കൊടുത്തു.

പിന്നീടു മംഗളപത്രം വാങ്ങിയ ദിവാൻ സർ എം. കൃഷ്ണൻനായരാണ്. അദ്ദേഹം ഇപ്പോളും തിരുവിതാംകൂറിലുണ്ടു്. ആ മഹാനുഭാവൻ എസ്. എൻ. ഡി. പി. യോഗത്തെ താലോലിച്ച ദിവാൻജിമാരിൽ അഗ്രേസരനായിരുന്നു. അതിനുതക്കവണ്ണം അദ്ദേഹം ഉദ്യോഗം ഒഴിഞ്ഞുപോയപ്പോൾ രണ്ടു മംഗളപത്രങ്ങളാണു എസ്. എൻ. ഡി. പി. യോഗം അദ്ദേഹത്തിനു സമർപ്പിച്ചതു്. ഒന്നു ശിവഗിരിയിൽവച്ചും മറ്റേതു രാജ്യത്തിന്റെ അതൃത്തിയായ ആലുവാ അദ്വൈതാശ്രമത്തിൽവച്ചും. പിന്നീടു ചില ദിവാൻജിമാർ തിരുവിതാംകൂറിനെ ഭരിച്ചു. അവരിൽ വാട്സിനു അദ്ദേഹം ഉദ്യോഗം ഒഴിഞ്ഞുപോകാറായപ്പോൾ എസ്. എൻ. ഡി. പി. യോഗം വളരെ കോലാഹലമായി കോട്ടയത്തെ വാഷ്കിപൊതുയോഗത്തിൽവച്ചു ഒരു മംഗളപത്രം സമർപ്പിച്ചു. യോഗത്തിന്റെ ഒരു മംഗളപത്രം അർഹിക്കുവാൻ തക്കവണ്ണം മി. വാട്സ് എന്തുചെയ്തു എന്നു "സഹോദരൻ" പത്രം അന്നു ചോദ്യംചെയ്തു. നാട്ടിനു പല നന്മകളും ചെയ്തതിനു പുറമേ ഈഴവനു താഴെ പറയുന്ന ഉദ്യോഗങ്ങളും നൽകിയെന്നു അന്നത്തെ ജനറൽസിക്രട്ടറി മറുപടിയും കൊടുത്തു. ആ മറുപടി ഇങ്ങനെയാണു്: —

"നാലുകൊല്ലക്കാലംകൊണ്ടു അദ്ദേഹം നടത്തിയ ചില പ്രധാനപ്പെട്ട ഉദ്യോഗങ്ങളുടെ വിവരമാണു താഴെചേർക്കുന്നതു്.

1) മുൻസിപ്പായിരുന്ന ഒരീഴവനെ ഡിവിഷൻ അസിസ്റ്റൻറാക്കി.

2) ഒരീഴവവക്കീലിനെ ജഡ്ജിയാക്കി.

3) ഒരു ഹജൂർക്ലാക്കിനെ മജിസ്ട്രേട്ടാക്കി.

4) ഒരു മജിസ്ട്രേട്ടിനെ തഹശീൽദാരാക്കി.

5) നാലു ഈഴവ യുവാക്കന്മാരെ പോലീസ് ഇൻസ്പെക്ടറന്മാരാക്കി.

6) രണ്ടു ഈഴവ യുവാക്കന്മാരെ സബ് രജിസ്ട്രാറന്മാരാക്കി.

7) ഒരീഴവനെ കാളേജ് ട്യൂട്ടറാക്കി.

8) ഒരീഴവനെ ഡോക്ടറാക്കി.

9) പ്രൊമോഷനു ശിപാശ്ശചെയ്യേണ്ട അധികാരികളിൽ പലരും കൃത്രിമംകൊണ്ടു അന്യഥാ എഴുതിയിരുന്നതിനെ അവഗണിച്ചു ഒരീഴവനു ആരുടേയും ശിപാശ്ശകൂടാതെ ഒരു നല്ല ഉദ്യോഗം കൊടുത്തു പ്രൊമോഷൻ നല്കി.

ഞങ്ങളുടെ ഓർമ്മയിൽപെട്ടവ പറഞ്ഞു എന്നേയുള്ളു. മൂന്നര സംവത്സരക്കാലത്തിനുള്ളിൽ ഇതിലധികം ഉദ്യോഗങ്ങളും ഈഴവക്കു നല്കിയവേറെ ഒരു ദിവാൻജിയുടെ പേരു സഹോദരനു പറയാൻ കഴിയുമോ?"

അങ്ങനെയുള്ള ദിവാൻജിക്കു മംഗളപത്രം കൊടുത്തശേഷം വന്നിട്ടുള്ള ദിവാൻജിമാർ എസ്. എൻ. ഡി. പി. യോഗത്തെ പുകഞ്ഞുനോക്കി. യോഗവും ചിരഞ്ഞുനോക്കികൊണ്ടു

വാരവൃത്താന്തങ്ങൾ

ക്ഷേത്രം തുറന്നു.

ആഴവാഞ്ചേരി തമ്പ്രാക്കളുടെ മേൽക്കോയ്മയിലുൾപ്പെട്ട ചെങ്ങമനാട്ടു ശിവക്ഷേത്രം, തമ്പ്രാക്കളുടെ ക്ഷേത്രപ്രവേശനാനന്തരം പ്രസ്തുത വനയെ സമാദരിച്ചു ഹരിജനങ്ങൾക്കായി തുറന്നുകൊടുത്തിരിക്കുന്നു. തമ്പ്രാക്കളുടെ പ്രസ്താവന കളവാണെന്നു വരുത്തുവാൻ ചിലർ ചെയ്ത പരിശ്രമങ്ങൾ പരാജയപ്പെട്ടുകണ്ടപ്പോൾ, ക്ഷേത്രങ്ങളുടെ ഭരണത്തിൽ തമ്പ്രാക്കൾക്കു അധികാരമില്ലെന്നുവരുത്തുവാനും ചില ശ്രമങ്ങളും നടന്നതു വായനക്കാർ ഓർക്കുന്നുണ്ടായിരിക്കുമല്ലോ.

* * *

തൊഴിലാളിപ്രശ്നം പഠിക്കുവാൻ

തൊഴിലാളിപ്രശ്നത്തെപ്പറ്റി കൂടുതൽ പഠിക്കുന്നതിനും പ്രായോഗികപരിചയം സമ്പാദിക്കുന്നതിനുംവേണ്ടി വിൻഡ്സർപ്രഭു അടുത്തുതന്നെ അമേരിക്കയിൽ പോകുന്നതാണെന്നു കാണുന്നു. അദ്ദേഹം കുറച്ചുകാലം ബാൾട്ടിമൂറിലുള്ള ഭാഗ്യാഗ്രഹത്തിൽ താമസിക്കുന്നതാണ്. പ്രഭു അവർകളുടെ ഈ ഉദ്യമം അഖിലലോക തൊഴിലാളിപ്രശ്നത്തിനു സാരമായ ചില പരിവർത്തനങ്ങൾ വരുത്തുമെന്നു വിശ്വസിക്കാം.

സത്യമൂർത്തിയുടെ ഉപദേശം

ഫെഡറേഷനെപ്പറ്റി എത്ര കഠിനമായ എതിർപ്പുണ്ടായിരുന്നിട്ടും അധികൃതന്മാർ ഇൻഡ്യയുടെ തലയിൽ അതു കെട്ടിവെയ്ക്കുകയാണെങ്കിൽ, കോൺഗ്രസ്സുകാർ ഫെഡറൽ നിയമസമിതിയിലെ എല്ലാസ്ഥാനവും കൈവശത്താക്കി ഭരണാധികാരികൾക്കു കഴിയുംവിധം ബുദ്ധിമുട്ടുകൾ ഉണ്ടാക്കണമെന്നാണ് സത്യമൂർത്തിയുടെ ഉപദേശം. ഇൻഡ്യയുടെ അടിമതത്തെ നിലനിറുത്തുവാൻ നാട്ടുരാജാക്കന്മാർ വിദേശിയരെ സഹായിക്കരുതെന്നു് അദ്ദേഹം അവരോടു അപേക്ഷിക്കുകയും ചെയ്തിരിക്കുന്നു.

* * *

കൈക്കൂലി നിറുത്തുവാൻ

പോലീസുകാരുടെ ഇടയിൽ നിലനിന്നുവരുന്ന കൈക്കൂലി ഏപ്പാടു നിറുത്തുവാൻ ബാംബെ ഗവൺമെൻറു ഒരു പദ്ധതി തയ്യാറാക്കിവരുന്നു. പൊതുജനങ്ങളുടെ സഹായസഹകരണങ്ങളാണ് ഈ പദ്ധതിയുടെ വിജയപൂർവ്വമായ പ്രവർത്തനത്തിനു നിദാനം എന്നു ഗവൺമെൻറു പറയുന്നു. തിരുവിതാംകൂറിലും പൊതുജനസഹകരണത്തോടുകൂടി, ഈ അക്രമത്തിനു പരിഹാരംവരുത്തുവാൻ ഒരു പദ്ധതി നിർദ്ദേശിക്കേണ്ട കാലം വൈകിയിരിക്കുന്നു. സാധുക്കളുടെ രക്ഷയെ കരുതിയാണ് ഇതു ചെയ്യേണ്ടതു്.

* * *

വിദ്യാഭ്യാസകാൺഫറൻസു

കോൺഗ്രസ്സുകാർ ഭരണം നടത്തുന്ന പ്രവിശ്യകളിൽ അംഗീകരിക്കേണ്ട വിദ്യാഭ്യാസനയത്തെപ്പറ്റി ആലോചിക്കുവാൻ വാർധായിൽവെച്ചു മഹാത്മാഗാന്ധിയുടെ അദ്ധ്യക്ഷതയിൽ ഒരു വിദ്യാഭ്യാസ കാൺഫറൻസു നടന്നിരിക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം നിർബന്ധിതമാക്കണമെന്നും സ്കൂൾഫൈനൽ ക്ലാസുവരെ അദ്ധ്യയനം മാതൃഭാഷയിൽ ആയിരിക്കണമെന്നും, വിദ്യാർത്ഥികളെ കൊണ്ടു് ഓരോ തൊഴിൽ ചെയ്യിച്ചു അതിൽനിന്നും കിട്ടുന്ന ആദായം കൊണ്ടു് ചിലവു നിർവഹിക്കണമെന്നുമാണ് മഹാത്മാഗാന്ധിയുടെ നിർദ്ദേശങ്ങൾ. ഒരു സപ്തവത്സര പദ്ധതിയാണ് അദ്ദേഹം നിർദ്ദേശിച്ചിരിക്കുന്നതു്. ഈ പദ്ധതിയുടെ അപ്രായോഗികവശങ്ങളെ ചൂണ്ടിക്കാണിച്ചുകൊണ്ടു സർ. കെ. വി. റെഡ്ഡി ദീർഘമായ ഒരു പ്രസ്താവന പുറപ്പെടുവിച്ചിട്ടുണ്ട്.

* * *

തിരുമേനിമാർക്കു ഡി. ലിറ്റ് ബിരുദം

തിരുവിതാംകൂർ മഹാരാജാവു തിരുമനസ്സുകൊണ്ടും മഹാറാണി സേതുപാർവ്വതീഭായി തിരുമനസ്സുകൊണ്ടും, പരമ്പരയാ മാമൂൽ പ്രിയമായ ഈ സംസ്ഥാനത്തിലെ ക്ഷേത്രങ്ങൾ ഹരിജനങ്ങൾക്കു പ്രവേശിക്കാനായി തുറന്നു കൊടുക്കുന്ന ആ മഹത്തും, ധീരവും, സാമുദായികസ്വാതന്ത്ര്യ സ്ഥാപകവും, ദേശീയാത്മവത്തുമായ പ്രവൃത്തിയെ അഭിനന്ദിച്ചു തിരുമേനിമാർക്കു 'ഡി.ലിറ്റ്' എന്ന ആണററിബിരുദം നൽകണമെന്നു ആന്ധ്രാസവ്കലാശാലാ സിൻഡിക്കേറു ചാൻസലറോടു ശുപാർശചെയ്തിരിക്കുന്നു.

* * *

ഇൻഡ്യൻവൈമാനികന്റെ നിശ്ചയം

തിരുവനന്തപുരം സ്വദേശിയും ഇൻഡ്യൻ വൈമാനികനും ഒരു ഗ്രന്ഥകാരനുമായ ശ്രീമാൻ ജീ. പി. നായർ ഉത്തര അറ്റ്ലാൻറിക്കും ദക്ഷിണ അറ്റ്ലാൻറിക്കും മഹാസമുദ്രങ്ങളും വിമാനമാർഗ്ഗം തരണംചെയ്യുന്നതാണെന്നുള്ള തന്റെ നിശ്ചയം ഒരു സല്ക്കാരമദ്ധ്യേ പ്രഖ്യാപനംചെയ്തിരിക്കുന്നു. അക്ടോബർ 24-ാംതീയതിയാണ് യാത്ര ആരംഭിക്കുന്നതിനു നിശ്ചയിച്ചിരുന്നതെങ്കിലും അദ്ദേഹം ഉപയോഗിക്കുവാൻ വിചാരിക്കുന്ന "ദി സ്പിരിറ് ആഫ് ഇൻഡ്യ" എന്ന വിമാനത്തിനു ഏതോ തകരാറുണ്ടെന്നു കാണുകയാൽ യാത്രാരംഭം ഒരാഴ്ചക്കുകൂടി നീട്ടിയിരിക്കുന്നു. ഇതുണ്ടാക്കൊണ്ടു തന്റെ ഉദ്യമം നിർവ്വഹിക്കാമെന്നാണ് മി. നായരുടെ പ്രതീക്ഷ. വീരോചിതകൃത്യങ്ങളിൽ ഇൻഡ്യാക്കാർ പാശ്ചാത്യരുടെ പിന്നിലല്ലെന്നു തെളിയിക്കുവാനാണ് ഇദ്ദേഹത്തിന്റെ ഉദ്യമം. 30 വയസ്സുമാത്രം പ്രായമുള്ള മി. നായർ കഴിഞ്ഞ 7 കൊല്ലമായി ഇംഗ്ലണ്ടിൽതന്നെയാണ് താമസം.

ചിലവു ചുരുക്കുവാൻ

ചിലവുചുരുക്കുന്നതിനുള്ള മാർഗ്ഗങ്ങളെപ്പറ്റി ആലോചിച്ചു റിപ്പോർട്ടുചെയ്യുവാൻ മലബാർ ഡിസ്ട്രിക്റ്റ്ബോർഡു നിയോഗിച്ചിരുന്ന കമ്മറ്റിചെയ്ത ശുപാർശകളുടെ കൂട്ടത്തിൽ, ബോർഡിന്റെ കീഴിൽ ജോലിനോക്കുന്ന സ്ത്രീകൾക്കു മൂന്നുവർഷത്തിൽ ഒരിക്കൽ മാത്രമെ പ്രസവാവധി അനുവദിക്കാവൂ എന്നു നിർദ്ദേശിച്ചിരിക്കുന്നു. ഈ നിർദ്ദേശം ഏതുകൊണ്ടും ആദരണീയമാണ്. ചിലവു ചുരുങ്ങുന്നതിനു പുറമെ അതു ജനനനിയന്ത്രണത്തിനുള്ള ഒരു ഉപാധികൂടി ആയിതീരുന്നു. തിരുവിതാംകൂറിലെ വിദ്യാഭ്യാസവകുപ്പിൽ 'മെറേർനിറിറി ലീവി"നുവേണ്ടി ആണ്ടോടാണ്ടു കൂട്ടത്തിൽ ചിലവുവരുന്നതുകയും ഇവിടത്തെ ജനവർദ്ധനനിരക്കും പരിഗണിക്കുമ്പോൾ, ഇപ്രകാരം ഒരു നിയമം തിരുവിതാംകൂറിൽ പാസ്സാക്കുന്നതു അനഭിലഷണീയമായിരിക്കുകയില്ല. കാലദൈർഘ്യം സ്വല്പം കൂടിയാലും തരക്കേടില്ല.

* * *

പൌരസ്വാതന്ത്ര്യസംരക്ഷണം

സിവിൽസ്വാതന്ത്ര്യത്തെ കോൺഗ്രസ്സു ഗവൺമെൻറു എപ്രകാരം സംരക്ഷിക്കണമെന്നു വിവരിച്ചുകൊണ്ടു് മഹാത്മാഗാന്ധി ഒരു ലേഖനം പ്രസിദ്ധംചെയ്തിരിക്കുന്നു. സാമാന്യനിയമപ്രകാരം ഒരാൾക്കു എഴുതുവാനും പ്രസംഗിക്കുവാനും, യോഗം കൂടുവാനും പ്രവർത്തിക്കുവാനും ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യമാണ് പൗരസ്വാതന്ത്ര്യമെന്നും, ശിക്ഷാനിയമത്തിലും, നടപടിനിയമത്തിലും, പ്രത്യേക നിയമങ്ങളിലും ജനസ്വാതന്ത്ര്യത്തെ ഹനിക്കുന്നതിനു ഭരണാധികാരികൾക്കുണ്ടാക്കിയിട്ടുള്ള വകുപ്പുകളെ സാമാന്യനിയമങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തരുതെന്നും, ഹിംസകളെ പ്രേരണയേയും, ഹിംസാപരമായ പ്രസംഗങ്ങളേയും തടയണമെന്നും, സിവിൽസ്വാതന്ത്ര്യത്തിന്റെ പേരിൽ നിയമവിരുദ്ധമായ നടപടികളും അനുവദിക്കരുതെന്നുമാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഗാന്ധിയുടെ ഈ ഉപദേശം ആക്ടും മനസ്സിലാക്കുവാൻകഴിയും. പക്ഷെ ഗവൺമെൻറിന്റെ നയത്തിനു യോജിക്കാതെയുള്ള പ്രസ്താവനകളെ രാജദ്രോഹമെന്നു പറഞ്ഞു നടപടി നടത്തുമ്പോഴാണ് വിഷമം നേരിടുന്നതു്.

* * *

നരിമാൻ-പട്ടേൽതർക്കം

ബാംബെ പാർലമെൻറുബോർഡു അദ്ധ്യക്ഷസ്ഥാനത്തിരഞ്ഞെടുപ്പു സംബന്ധിച്ചു മി. നരിമാനും മി. പട്ടേലുംതമ്മിൽ ഉണ്ടായ തർക്കം മഹാത്മാഗാന്ധിയും ബഹദൂർജിയും ഉൾപ്പെട്ട ഒരു മധ്യസ്ഥകോടതിയുടെ തീർച്ചക്കു വിധേയമായിരുന്നുവല്ലൊ. തർക്കത്തിന്റെ വിധി ഇപ്പോൾ പ്രസ്താവിച്ചിരിക്കുന്നു. മി. നരിമാൻ കുറക്കാരനാണെന്നാണ് വിധി. വിധിയെ സ്വീകരിച്ചുകൊണ്ടു് മി. നരിമാൻ പുറപ്പെടുവിച്ച ഒരു പ്രസ്താവനയിൽ, വിധിയിൽ താൻ പരിപൂർണ്ണ തൃപ്തനാണെന്നും, തെറ്റിദ്ധാരണകൾമൂലം മി. പട്ടേലിന്റെ പേരു കളങ്കപ്പെടുത്തിയതിൽ അത്യന്തം ദുഃഖിക്കുന്നു എന്നും പ്രസ്താവിക്കുന്നു. ഇതിനു പ്രായശ്ചിത്തം എന്നോണം അദ്ദേഹം കോൺഗ്രസ്സിൽ ഉത്തരവാദിത്വമുള്ള യാതൊരു സ്ഥാനത്തിനും ഇനിമേൽ തിരഞ്ഞെടുപ്പിനു നിൽക്കുന്നതല്ലെന്നു തീരുമാനിച്ചിരിക്കുന്നു. നമ്മുടെ രാഷ്ട്രീയപ്രവർത്തകന്മാരിലും ഈ മനോഭാവം വളർന്നുകണ്ടാൽ കൊള്ളാം.

മി. സി. കേശവനു അനുമോദനം

ഈ മാസം 28-ാംനു- പത്തനംതിട്ട എസ്. എൻ. ഡി. പി. യൂണിയന്റെ ആഭിമുഖ്യത്തിൽ മി. സി. കേശവനു ഒരു മംഗളപത്രവും പണക്കിഴിയും സമർപ്പിക്കുന്നതാണെന്നു കാണിച്ചു യൂണിയൻ സിക്രട്ടറി ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു.

നിന്നു. അപ്പോഴാണു സർ. സീ. പി. വന്നതു്. സകല എസ്. എൻ. ഡി. പി. യോഗക്കാരും ഒരു പുകഞ്ഞ ദിഷ്ടിയോടുകൂടിയാണു അദ്ദേഹത്തിന്റെ ദിവാൻ സ്ഥാനാരോഹണത്തെ നോക്കിക്കൊണ്ടു നിന്നതു്. ക്ഷേത്രപ്രവേശന വിളംബരദിവാകരോദയത്തോടുകൂടി ആ പുക പാടെമാറി. ഇനിയും പുകയുന്നോ എന്തോ? കീഴ്നടപടികൾ ആലോചിച്ചാൽ ദിവാൻജിമാർ ഭരണം അവസാനിപ്പിച്ചു തിരുവിതാംകൂറിനോടു യാത്രപറയുമ്പോഴാണു എസ്. എൻ. ഡി. പി. യോഗം ഈഴവരുടെ പ്രത്യേകവകയായി ഒരു മംഗളപത്രം നൽകുന്നതു്. അങ്ങനെയൊരു മംഗളപത്രം സർ. സീ. പി. ക്കു അദ്ദേഹം ഉദ്യോഗം ഒഴിഞ്ഞുപോകുമ്പോൾ എസ്. എൻ. ഡി. പി. യോഗത്തിൽ നിന്നു സമർപ്പിക്കുവാൻ സംഗതിവരുമോ? വരാതിരിക്കില്ലെന്നു ഞങ്ങൾക്കു ഒരു ഭൂതോദയം.

പത്രാധിപക്കുള്ള കത്തുകൾ

അതിന്റെ ആവശ്യം

ജനങ്ങൾ വിവിധസമുദായങ്ങളായി വർത്തിക്കുന്നകാലത്തോളം പബ്ലിക്കു സർവീസിൽ എല്ലാസമുദായങ്ങൾക്കും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യം അനുവദിക്കേണ്ടതു് ജനങ്ങളുടേയും രാജ്യത്തിന്റേയും ക്ഷേമസമാധാനങ്ങൾക്ക് അത്യന്താപേക്ഷിതമായിട്ടുള്ളതാണ്. ക്ഷുദ്രൽ പ്രാതിനിദ്ധ്യമുള്ള സമുദായങ്ങളിലെ സ്വാർത്ഥരികളായ ചില വ്യക്തികൾ ഈ വാദത്തെ എതിർക്കുന്നുണ്ട്. അവരുടെ എതിർപ്പ് സമുദായങ്ങളുടെ ഐക്യത്തിനും രാജ്യക്ഷേമത്തിനും ഹാനിവരുത്തുന്ന എന്നുള്ള പരമാർത്ഥം ബുദ്ധിയുള്ളവർ മനസ്സിലാക്കുന്നുമുണ്ട്. അവരുടെ ദുഷിച്ച പ്രചരണവേലകൾക്കു ആരും എതിർവാദംചെയ്ത സമയം ചിലവഴിക്കുന്നതിനു ശ്രമിക്കാതിരിക്കുന്നതുകൊണ്ട് രാജ്യംമുഴുവനും അവരുടെ പിൻപാകെയുണ്ടെന്നും മറ്റും അവർ അന്യഥാ ധരിക്കുന്നുണ്ടാവാം.

ഉദ്യോഗങ്ങൾ അധികാരസ്ഥാനങ്ങളാണെന്ന് എല്ലാവരും പഠിച്ചുകഴിഞ്ഞു. ഈ അധികാരസ്ഥാനങ്ങൾ ക്ഷുദ്രൽ കൈവശംവെച്ചുകൊണ്ടിരിക്കുന്നവക്ക് അവർ നീതിബാധമുള്ളവരല്ലെങ്കിൽ അവരുടെ സമുദായങ്ങൾക്കു അനുകൂലമായി പലതും ചെയ്യുന്നതിനും അതേ അവസരത്തിൽ ഇതരസമുദായങ്ങളെ മനഃപൂർവ്വം ഉപദ്രവിക്കുന്നതിനും സാധിക്കും. ഈ നാട്ടിൽ ഈ ഉപദ്രവം ധാരാളമായി നടക്കുന്നുമുണ്ട്. ഇതിന് ഒരു പരിഹാരം ഉണ്ടാകണമെങ്കിൽ ഈ അധികാരസ്ഥാനങ്ങളിൽ എല്ലാസമുദായങ്ങൾക്കും ശരിയായ പ്രാതിനിദ്ധ്യമുണ്ടാകണം. അപ്പോൾ അന്യോന്യം ഭയന്ന് കാര്യക്ഷമതയോടുകൂടി അവർ അവരുടെ കൃത്യം നിർവ്വഹിക്കും. അഥവാ ഇതു ദോഷദുഷ്ടമായിട്ടാണെങ്കിൽ ഗുണഫലവും ദോഷഫലവും ഏതു നിലയിലും എല്ലാവരും വീതിച്ചനുഭവിക്കുന്നതുതന്നെയാണ് ന്യായമായിട്ടുള്ളത്. അല്ലെങ്കിൽ ജനങ്ങൾ യോജിച്ചുനിന്ന് ജാതിമതഭേദമെന്യേ അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ഗവൺമെന്റിന്റെ ദൃഷ്ടിയിൽകൊണ്ടുവരാവുന്നതുമാണ്. ഇപ്പോഴാകട്ടെ പ്രാതിനിദ്ധ്യം ക്ഷുദ്രലുള്ള സമുദായങ്ങളിലെ ഉദ്യോഗസ്ഥന്മാക്ക് അവരവരുടെ സമുദായങ്ങളുടെ പിൻതുണ ഏതഴിമതിക്കും ലഭിക്കുന്നു. ഈനില മാറുന്നതിനു എല്ലാസമുദായങ്ങൾക്കും ശരിയായ പ്രാതിനിദ്ധ്യം കൊടുക്കുക തന്നെയാണു വേണ്ടതു്.

തഴവാ കേശവൻ എം. എൽ. എ.

—o—

പോലീസുഡിപ്പാർട്ടുമെന്റും ഈഴവരും

സർ,

ആറു പോലീസു ഇൻസ്പെക്ടർമാരുടെ നിയമനത്തിനുള്ള അപേക്ഷകൾ ക്ഷണിച്ചുകൊണ്ടു പബ്ലിക്കുസർവീസുകമ്മിഷണർ വിജ്ഞാപനം പ്രസിദ്ധംചെയ്തിരിക്കുന്നു. 1108-ൽ മി. ബി. നാണുപിള്ള കമ്മിഷണർ ആയിരുന്നപ്പോൾ നടന്ന തിരഞ്ഞെടുപ്പിൽ ഒരു ഈഴവനെ പോലീസു ഇൻസ്പെക്ടറായി നിയമിച്ചതിനുശേഷം, പോലീസുഡിപ്പാർട്ടുമെന്റിൽ 15 സ്ഥിരം ഇൻസ്പെക്ടർമാരേയും 18 അക്ടിംഗ് ഇൻസ്പെക്ടർമാരേയും നിയമിച്ചിട്ടുണ്ട്. ഈ ഭാഗ്യവാന്മാരുടെ കൂട്ടത്തിൽ 12 നായന്മാരും 6 മുഹമ്മദീയരും 9 ക്രിസ്ത്യാനികളും 6 ബ്രാഹ്മണരും ഉൾപ്പെടുന്നു. ഈഴവരുടെ കൂട്ടത്തിൽനിന്നും ഒരാളെ എങ്കിലും കുടി തിരഞ്ഞെടുത്തു സമുദായനീതി അല്പമെങ്കിലും പരിപാലിക്കണമെന്നുള്ള സൽബുദ്ധി ഗവൺമെന്റിനുണ്ടായില്ല. ഉദ്യോഗനിയമനവിഷയത്തിൽ ഈഴവർ അസമത്വമനുഭവിക്കുന്നു എന്നും ഗവൺമെന്റു അനുഭാവപൂർവ്വം അവരോടു പെരുമാറുന്നില്ലെന്നും പരാതിപറഞ്ഞാൽ വർഗ്ഗീയവാദികൾ എന്നുപറഞ്ഞു അവരെ ആക്ഷേപിക്കുവാൻ ദേശീയവാദികൾ ചാടിപ്പുറപ്പെടുന്നതു കാണാം. നാലുകൊല്ലക്കാലംകൊണ്ടു ഗവൺമെന്റു ഒരു ഡിപ്പാർട്ടുമെന്റിൽതന്നെ നടത്തിയ 33 നിയമനങ്ങളിൽനിന്നും ഈഴവരെ നിശ്ശേഷം ഒഴിച്ചുനിറുത്തുവാൻ അവരെ പ്രേരിപ്പിക്കത്തക്കവണ്ണം ഈഴവർചെയ്ത അപരാധം ഏതെന്നു മനസ്സിലാകുന്നില്ല. ഈ സ്ഥിതിഗതികളെ പരിഗണിച്ചെങ്കിലും അടുത്തു നടക്കുന്ന തിരഞ്ഞെടുപ്പിൽ കുറഞ്ഞപക്ഷം 3 ഈഴവരെ എങ്കിലും നിയമിക്കുവാൻ സമുദായനീതി പുലർത്തുന്നതിൽ അതിതല്പരനെന്നു വിശ്വസിക്കപ്പെടുന്ന സഹിവോത്തമൻ സർ സി. പി. രാമസ്വാമിഅയ്യർ ഏർപ്പാടുചെയ്യുമെന്നു വിശ്വസിക്കുന്നു. ദേശീയവാദികൾ വർഗ്ഗീയവാദത്തെ എതിർക്കുന്നതു വെറുതെയല്ല.

പി. ആർ. വാമദേവൻ

—o—

കയറു "പാ" നെയിത്തിന്റെ കൂലിയിൽ ഐകരൂപ്യംവരുത്തണം

കയറുവ്യവസായം കേരളത്തെ, വിശേഷിച്ചു് തിരുവിതാംകൂറിനെ ധനപരമായി, മുന്നണിയിലേയ്ക്കു നയിക്കുന്ന ഏറ്റവും പ്രധാന വ്യവസായമാകുന്നു. ഈ വ്യവസായംമൂലം രണ്ടുകോടിയിൽപരം ഉറുപ്പിക നമ്മുടെ രാജ്യത്തിന് കിട്ടുന്നതായി 104-ൽ കോട്ടയത്തുവച്ചു കൂടിയ ഒരു എസ്. എൻ. ഡി. പി. യോഗത്തിൽ പ്രസ്താവനായ ദിവാൻ മി: വാട്ട്സ് പ്രസ്താവിച്ചതായി ഓർക്കുന്നു. മറ്റു പല വ്യവസായങ്ങളും ഈ പണംകൊണ്ടു അഭിവൃദ്ധിപ്പെടുന്നുണ്ടെന്നു കാണാൻ കഴിയും. ആലപ്പുഴ കയറു "ഫാക്ടറി"കളിൽ തൊഴിലില്ലാതെ വരുമ്പോൾ ഇവിടുള്ള പല ചരക്കുകച്ചവടക്കാർക്കും ജവുളിക്കടക്കാർക്കും എന്നുവേണ്ട പലതരം വ്യവസായങ്ങൾക്കും സ്തംഭനം നേരിടുന്നു. വ്യവസായംചില മുതലാളിമാരുടെ ദുർമ്മത്സരംനിമിത്തം; അധഃപതനത്തിലേയ്ക്കു ആണ്ടുകൊണ്ടിരിക്കുന്നു. പല താലൂക്കുകളിൽ നിന്നും കൊണ്ടുവന്ന "കണ്ടിരുന്നുക്ക്" നൂറിയെടുവപ്പിയ്ക്കായിരുന്നു ആലപ്പുഴവില്പന നടത്തിയിരുന്നതു്. എന്നാൽ മേല്പറഞ്ഞ താലൂക്കുകളിൽ ഇപ്പോൾ "പായ്"ത്തിരകൾ സ്ഥാപിച്ചു ജോലിനടത്തുകയുംമറ്റും ചെയ്യപോരുന്നു. ഇതുമൂലം ആ താലൂക്കുകളിലുള്ളവർക്കു തൊഴിലുണ്ടാക്കികൊടുക്കുന്നു എന്നുള്ള ഒരു കൃതാർത്ഥത തൊഴിലാളികൾക്കും പക്ഷെ മുതലാളികൾക്കും കണ്ടേയ്ക്കാം. ഒരു കണ്ടി കയറുകൊണ്ടു അഞ്ചു "പാ" നെയ്യുന്നതിക്കാം. ഈ അഞ്ചു 'പാ' ആലപ്പുഴയിൽ കൊണ്ടുവന്ന 75 രൂപയ്ക്കാണ് വിൽക്കുന്നതു്. കയർ, തരംതിരിയുന്നതിനും വണ്ടി ചുമക്കുന്നതിനും ചായം മുക്കുന്നതിനും ചായം വിലയ്ക്കുവാങ്ങുന്നതിനും 'ഔബമ്പിളി' ഓടുന്നതിനും 'പാ' നെയ്യുന്നതിനും ഉണ്ട ചുമക്കുന്നതിനും മറ്റുമുള്ള കൂലിച്ചിലവുകൾ ഈ എഴുപത്തിയഞ്ചു രൂപായിൽനിന്നും കഴിക്കണം. ഈ നെയിത്തുജോലി തുടങ്ങുന്നതിനുമുമ്പ് കയർപിരിച്ചുകൊണ്ടിരുന്ന സ്ത്രീകളുടെമാത്രം പ്രയത്നം കൊണ്ടു ഒരുകണ്ടിക്കയറിനു നൂറിൽപരം രൂപാ കിട്ടിക്കൊണ്ടിരുന്നു. ഇന്നാകട്ടെ അനേകം ആണുങ്ങളുടെയും തടിപൊടിഞ്ഞു വേല ചെയ്തിട്ടു എഴുപത്തിയഞ്ചു രൂപായോളമെന്നെ കഷ്ടിച്ചു കിട്ടുന്നുണ്ടോ എന്നും സംശയമാണ്. ചേർത്തല, വൈക്കം മുതലായ താലൂക്കുകളിലെ സ്ത്രീകളും പുരുഷന്മാരും നെൽകൃഷി ചെയ്യുന്നതിനും മറ്റും വളരെ സാമർത്ഥ്യമുള്ളവരാകുന്നു. ഈ കൂട്ടരുടെ കൃഷിവാസനയെ നശിപ്പിച്ചുകളയുന്ന ഒരേപ്പാടാണ് ഫാക്ടറിവേല. ആ താലൂക്കുകളിൽ ഫാക്ടറി സ്ഥാപിച്ചതുകൊണ്ടു് ധനപരമായി യാതൊരുയർച്ചയും അവിടത്തെ തൊഴിലാളികൾക്കു സിദ്ധിക്കുന്നില്ലെന്നു മുകളിൽപറഞ്ഞ കണക്കുതന്നെ സ്പഷ്ടമാക്കുന്നുണ്ടല്ലൊ?

ഓരോ മുതലാളിയും ലാഭം കിട്ടുവാൻ വേണ്ടി തൊഴിലാളികളുടെ കൂലിവെട്ടിക്കുറയ്ക്കുന്ന ഒരേ ഒരു വിദ്യയാണ് പ്രയോഗിച്ചുപോരുന്നതു്. ഇതെത്രയും അനാശാസ്യവും അപകട സമ്പൂർണ്ണവുമായ ഒന്നാണെന്നു ഈ മുതലാളിമാർ ഓർക്കാത്തതു മഹാകഷ്ടമാണെന്നു പറയേണ്ടിവന്നതിൽ വ്യസനിക്കുന്നു. ഒരു കമ്പനിക്കാരൻ ഒരു സാമ്പിൾ ഉണ്ടാക്കി നെയ്യുന്ന വേലക്കാരുടെ കൂലിക്കു ഐകരൂപ്യം വരുത്തുന്ന ഒരു ബിൽ മുതലാളിപ്രതിനിധികളും കൂടി ആലോചിച്ചു് പാസാക്കിക്കുന്ന കാര്യത്തിൽ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തൊഴിലാളികളുടേയും മുതലാളികളുടേയും ഭാവിക്ഷേമൈശ്വര്യാദികൾക്കുതന്നെ ഒരു പ്രകാരത്തിലും ഒഴിച്ചുകൂടാൻ പാടില്ലാതെയാണിരിക്കുന്നതു്. കയറിനും ചായത്തരങ്ങൾക്കും മറ്റും എല്ലാ മുതലാളിമാരും ഒരേ വിലകൊടുക്കണം. വേലക്കാരന്റെ കൂലിനിരക്കിനു കുടി ശരിയായ വ്യവസ്ഥയുണ്ടായാൽ യാതൊരു മുതലാളിയും റോഡു കുറഞ്ഞ ഓർഡർ പിടിക്കുകയില്ല. കൂലികുറയ്ക്കുന്ന മുതലാളിമാരോടു് തൊഴിലാളികൾക്ക് വളരെ വെറുപ്പാണ്. പക്ഷെ രാജ്യത്തെ നിയമ സമാധാനങ്ങളെ ഓർത്തു പല നാളുകളായി ക്ഷമിച്ചുപോരുന്നു. അതൊരു പരീക്ഷണ ഘട്ടത്തിൽ എത്തിക്കത്തക്ക ക്രൂരവൃത്തികളാണ് ചില മുതലാളിമാരും അവരുടെ സിൽബന്ധികളും കൂടി കാട്ടിക്കൂട്ടുന്നതു്. കയറു വ്യവസായം അഭിവൃദ്ധിപ്പെടണമെങ്കിൽ നിശ്ചയമായും "പാ" നെയ്ത്തുകാരുടെ കൂലിക്കു ഐകരൂപ്യം വരുത്തണം. മുതലാളിമാരുടെ ഓർഡർമത്സരം കൊണ്ടു് വില കുറച്ചു കുറച്ചു, അന്യരാജ്യക്കാരിൽ നിന്നും രണ്ടു കോടിയിൽ പരം ഉറുപ്പിക കിട്ടിക്കൊണ്ടിരുന്നതു് ഒരു കോടിയായും അമ്പതുലക്ഷമായും മുരുങ്ങാനിടയാകുന്നു. നമ്മുടെ കയറു വ്യവസായത്തോടു മത്സരിക്കാൻ യാതൊരു രാജ്യക്കാക്കും സാദ്ധ്യമല്ല. ഈ വിഷയത്തിൽ ഗവൺമെന്റും, നിയമനിർമ്മാണസഭാ മെമ്പറന്മാരും, ബഹുജനക്ഷേമകാംക്ഷികളും, അവരുടെ സൽപ്രേരണകൊണ്ടു് ഒരു ബിൽ പാസാക്കിത്തരുവാൻ വേണ്ടുംവിധം ബാധിപ്പിച്ചുകൊള്ളുന്നു.

പി. കെ. ശങ്കു, തെക്കൊയ്മനാട്

—o—

അന്യപത്രങ്ങൾ

പത്രനിയമം റദ്ദ് ചെയ്യണം

വൃത്താന്ത പത്രത്തെ നിയന്ത്രിക്കുവാൻ 1101-ാമാണ്ടു തിരുവിതാംകൂറിൽ ഒരു റഗുലേഷൻ പ്രഖ്യാപിതമായി. ആ നിയമപ്രകാരം എല്ലാ പത്രങ്ങളും ഗവൺമെൻറിൽ ഒരു തുക യൊടുക്കി ലൈസൻസു വാങ്ങേണ്ടതാണ്. അതിനുമുമ്പുവരെ പത്രപ്രവർത്തകന്മാക്ക് സാധാരണ പൗരന്മാരുടെ സ്വാതന്ത്ര്യങ്ങളുണ്ടായിരുന്നു. ഒരു പൌരൻ പീനൽകോഡിൻ പ്രകാരം ഒരു തെറ്റു ചെയ്താൽ അയാളെ ഒരു കോടതിയിൽ നിയമപ്രകാരം വിസ്തരിച്ചു കുറ്റക്കാരനെന്നു വിധി കല്പിക്കേണ്ടിയിരിക്കുന്നു. എന്നാൽ ഒരു പത്രപ്രവർത്തകൻ തെറ്റുചെയ്താൽ യാതൊരു വിസ്താരവും തെളിവും കൂടാതെ അയാളുടെ ലൈസൻസു റദ്ദ് ചെയ്യുവാനും വ്യാപാരം മുടക്കുവാനും ഗവൺമെൻറിനധികാരമുണ്ട്. പോലീസു കമ്മിഷണരുടെ യുക്തം പോലെ ഒരു ബസ്സിൻെറ പെർമിറ്റു റദ്ദു ചെയ്യാവുന്നതുപോലെയാണു വൃത്താന്ത പത്ര റഗുലേഷനിലും വ്യവസ്ഥ ചെയ്തിരിക്കുന്നത്. നോട്ടീസു കൊടുത്തോ കൊടുക്കാതെയോ സമാധാനമാവശ്യപ്പെടാതെയോ എക്സിക്യൂട്ടീവു ഗവൺമെൻറിനു ഒരു പത്രത്തെ നാമാവശേഷമാക്കുവാൻ കഴിയത്തക്കവിധത്തിലാണു നമ്മുടെ റഗുലേഷനിലെ വ്യവസ്ഥ. ഗവൺമെൻറിൻെറ ന്യായവിരുദ്ധമായ പ്രവൃത്തികൊണ്ടു ഒരു പത്രപ്രവർത്തകനു നഷ്ടം വന്നാൽ സിവിൽകോടതി മുഖാന്തിരം നഷ്ടപരിഹാരം നേടുന്നതിനും നിയമം ബാധകമാണ്. വൃത്താന്തപത്രങ്ങളുടെ ചുമതല രാജ്യകാര്യങ്ങളേയും ഉദ്യോഗസ്ഥന്മാരുടെ നയങ്ങളേയും ചെയ്തികളേയും പറ്റി വിമർശനങ്ങളും പ്രസിദ്ധപ്പെടുത്തുകയാണല്ലൊ. ഈ വിമർശനങ്ങൾക്കു ന്യായമായ മറുപടി പറയുന്നതിനുപകരം പത്രങ്ങളുടെ വാ മൂടിക്കെട്ടുവാൻ ഉദ്യോഗസ്ഥന്മാക്കധികാരം കൊടുത്താൽ ജനങ്ങളുടെ സങ്കടങ്ങളും പരാതികളും ആക്ഷേപങ്ങളും നിർഭയം പ്രകാശിപ്പിക്കുവാൻ സാധിക്കുകയില്ല. ഒരു പ്രാസംഗികനും ലഘുലേഖാകർത്താവിനും ഗ്രന്ഥകാരനും സ്വതന്ത്രാഭിപ്രായം പുറപ്പെടുവിച്ചാൽ പീനൽകോഡനുസരിച്ചു ഒരു കോടതി മുഖാന്തിരമല്ലാതെ അവരെ ശിക്ഷിക്കുവാൻ സാധിക്കുകയില്ല. ഏതെങ്കിലും ഒരു പൌരൻ കുറ്റംചെയ്തോ ഇല്ലയോ എന്നു നിശ്ചയിക്കുന്നതിനാണു കോടതികളുണ്ടാക്കിയിട്ടുള്ളതു്. ഒരു പത്രപ്രവർത്തകനു സാമാന്യപൌരനുള്ള പ്രാഥമികമായ അവകാശമില്ലെന്നു വരുന്നതും അയാൾ എക്സിക്യൂട്ടീവു ഉദ്യോഗസ്ഥന്മാരുടെ കളിപ്പാട്ടമാകുന്നതും പൊതുജനങ്ങൾക്കു തന്നെ ദോഷകരമാകുന്നു. ഈ റഗുലേഷൻെറ ആവിർഭാവംമുതൽ ഇന്നുവരെ പത്രപ്രവർത്തകന്മാരും പൊതുജനങ്ങളും ഈ നിയമത്തെ പ്രതിഷേധിച്ചിട്ടുണ്ട്. വൃത്താന്തപത്ര റഗുലേഷൻ പ്രകാരം ഓരോരുത്തക്ക് ഓരോ വിധം ലൈസൻസു ഫീസു നിശ്ചയിക്കുന്നതും ഒരാളിൻെറ വ്യാപാരാവകാശം ഇതരനു കൈമാറ്റം ചെയ്യാൻ വയ്യാതെ വരുന്നതും ഒരു പത്രപ്രവർത്തകൻ മരിച്ചാൽ പുതിയ ലൈസൻസുകൂടാതെ അയാളുടെ അവകാശികൾക്കു വ്യാപാരം തുടരാൻ പ്രയാസമായി വരുന്നതും മറ്റും ഈ റഗുലേഷനിലെകക്കരവ്യവസ്ഥകൾ മൂലമാണ്. ജനങ്ങൾ പത്രറഗുലേഷനെപ്പറ്റി ആക്ഷേപങ്ങൾ പുറപ്പെടുവിക്കുമ്പോൾ ഗവൺമെൻറു പറയുന്ന സമാധാനം ഇതിനേക്കാൾ കർക്കശതരമായ നിയമങ്ങൾ ബ്രിട്ടീഷ് ഇന്ത്യയിലും ചില നാട്ടുരാജ്യങ്ങളിലുമുണ്ടെന്നായിരിക്കും. മറ്റു നാട്ടുരാജ്യങ്ങളെക്കാൾ പുരോഗമനോന്മുഖമായ ഒരു നിലയാണു തിരുവിതാംകൂറിനും തിരുവിതാംകൂറുകാക്കുള്ളത്. ബ്രിട്ടീഷ് ഇന്ത്യയിലേപ്പോലെ ഗവൺമെൻറിനെ തകിടംമറിക്കാനോ സാഹസത്തിനു പ്രേരിപ്പിക്കുവാനോ ഉള്ള ശ്രമങ്ങൾ തിരുവിതാംകൂറിലില്ല. ഇവിടെ രാജഭക്തിയില്ലാത്ത ഒറ്റ പൌരൻ പോലുമില്ലെന്നാണു ഞങ്ങളുടെ അഭിപ്രായം. അതുകൊണ്ടു തിരുവിതാംകൂറിൻെറ മാനത്തെ കെടുത്തുന്നതും സിവിൽ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുന്നതും ആയ ഈ നിയമം മുഴുവൻ റദ്ദ് ചെയ്യുന്നതിനോ അല്ലാത്തപക്ഷം എക്സിക്യൂട്ടീവിനു തോന്നിയതുപോലെ പത്രപ്രവർത്തകരുടെ സ്വാതന്ത്ര്യത്തെ ഭഞ്ജിക്കുവാനീ വയ്യാത്ത വ്യവസ്ഥ ചെയ്യുന്നതിനോ നിയമസമിതികളിൽ ഭേദഗതി ബില്ലവതരിപ്പിക്കുന്നതിനു ഞങ്ങൾ ജനപ്രതിനിധികളായ നിയമസഭാസമാജികന്മാരോടപേക്ഷിച്ചുകൊള്ളുന്നു.

(മലയാളി)

കായ്ക്ഷമതാവാദം

500 ക. മാസപ്പടിയിൽ ആദായനികുതി അന്വേഷണകമ്മറിയിലെ മെമ്പറായിരുന്ന മി. ചേംബർ എന്ന വെള്ളക്കാരനെ 2500—3000 ക. മാസപ്പടിയിൽ ആദായനികുതി കമ്മീഷണറായി നിയമിച്ചതിനെപ്പറ്റി ഗവൺമെൻറിനെ ആക്ഷേപിച്ചു ഇന്ത്യാ അസംബ്ലിയിൽ ഒരു അടിയന്തിരപ്രമേയം പാസ്സാക്കിയിരിക്കുന്നു. ഇതിനെപ്പറ്റിയുള്ള വാദപ്രതിവാദത്തിൽ മി. ബുലാഭായിദേശായി പരിഹാസരൂപത്തിൽ ചെയ്ത പ്രസംഗം വളരെ ശ്രദ്ധേയമായിട്ടുണ്ട്. അദ്ദേഹം പറഞ്ഞതാവിതു:—"500 ക. മാസപ്പടിയുള്ള ഒരാളെ അതിൻെറ ഏഴിരട്ടി ശമ്പളത്തിൽ വെച്ചിട്ടു അദ്ദേഹത്തോടു ആദരാതിശയം തോന്നാനാണ് ധനകായ്മെമ്പർ (മി. ഗ്രിഗ്) സഭയോടു അവശ്യപ്പെടുന്നതു്. ആ മനുഷ്യൻ കാണിച്ചിരിക്കുന്ന ഭീമമായ ത്യാഗത്തെ അഭിനന്ദിക്കാനും മി. ഗ്രിഗ്ഗ് പറയുന്നു. ബ്രിട്ടീഷ്കാർ വിദഗ്ദ്ധന്മാരെ സൃഷ്ടിക്കുന്നതു് എങ്ങനെയെന്നു ഞാൻ ചോദിക്കുന്നു. കഴിഞ്ഞ 150 കൊല്ലം ഭരണം കൈവശംവെച്ചു സ്വന്തം അബദ്ധങ്ങളും കണ്ടുപിടിച്ചാണു മി. ചേംബറെപ്പോലെയുള്ള അതിമാനുഷനെ അവർ സൃഷ്ടിച്ചതു്. അതേ പ്രയോഗംകൊണ്ടു് ഇന്ത്യക്കും ചേംബർമാരെ മാത്രമല്ല ഗ്രിഗ്ഗുമാരേയും സൃഷ്ടിക്കാൻ കഴിയുമെന്നു വിശ്വസിക്കുന്നു. (ചിരി) ഞാൻ വക്കാലത്തു തുടങ്ങിയപ്പോൾ ബോംബയിൽ 20 യൂറോപ്യൻ വക്കീലന്മാർ ഉണ്ടായിരുന്നു. ഇപ്പോൾ ബോംബൈ ഹൈക്കോടതിയിൽ അവർക്കു തീരെ കേസ്സ് കിട്ടുന്നില്ല. മറ്റു സംസ്ഥാനങ്ങളിലും അനുഭവം ഇതുതന്നെയാണ്. മറ്റു ജീവനരംഗങ്ങളിൽ ഇന്ത്യക്കാക്ക് ഒരവസരവും കൊടുക്കുന്നില്ല. അവസരം കിട്ടാത്തതുകൊണ്ടു പഠിക്കുന്നില്ല. പഠിക്കാത്തതുകൊണ്ടു അവസരംകിട്ടുന്നുമില്ല എന്നു മറിച്ചാൻ തിരിച്ചാൻ ഗതിയാണു ഇന്ത്യക്കാക്ക് വന്നിരിക്കുന്നതു്. ഇംഗ്ലീഷുകാർ എപ്പോഴും ഞങ്ങളുടെ കായ്ക്ഷമതക്കുറവിനെപ്പറ്റി ഞങ്ങളെ ഓർമ്മപ്പെടുത്തുന്നുണ്ട്. കായ്ക്ഷമത സമ്പാദിക്കുവാൻ ഞങ്ങളെ അനുവദിക്കുകയും ഇല്ല."

സായ്പന്മാർ ഇന്ത്യക്കാരോടു പറയുന്ന എഫിഷ്യൻസി വാദം തന്നെയാണു ഇന്ത്യയിലെ കുത്തകസമുദായങ്ങളും പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങളോടു പറയുന്നതു്. സായ്പൻമാരോടു മി. ബുലുഭായി പറയുന്ന മേൽപറഞ്ഞ സമാധാനമാണു കുത്തകസമുദായങ്ങളോടു പ്രാതിനിധ്യംകുറഞ്ഞ സമുദായങ്ങൾക്കും പറയുവാനുള്ളതു്. മി. ബുലുഭായി പറയുമ്പോൾ അതു ദേശീയം. പ്രാതിനിധ്യം കുറഞ്ഞ സമുദായങ്ങൾ പറയുമ്പോൾ അതു കമ്മ്യൂണലിസം.

(സഹോദരൻ)

—o—

വക്കീലന്മാർ

'വക്കീലന്മാർ വല്ലപ്പോഴും നന്മചെയ്തിട്ടുണ്ടെന്നു പറയാമെങ്കിൽ അതു അവരുടെ വക്കീൽ നിലയ്ക്കല്ല; പ്രത്യുത നല്ല മനുഷ്യർ എന്നുള്ള നിലയിലായിരിക്കും. അഭിഭാഷകവൃത്തി നിങ്ങളെ അധമ്മത്തെ പഠിപ്പിക്കുന്നുവെന്നു കാണിക്കുവാനാണ് ഞാൻ ഉദ്ദേശിക്കുന്നതു്. അതിൻെറ ദുഷ്പ്രേരണയ്ക്കു വശംവദരാകാത്തവർ അപൂർവമാണ്.

'വഴക്കുകളെ ശമിപ്പിക്കുന്നതിനു പകരം അവ വർദ്ധിപ്പിക്കുവാൻ ശ്രമിക്കുകയാണു വക്കീലന്മാരുടെ ജോലി. മനുഷ്യർ തമ്മിൽ കലഹിച്ചുകൂട്ടുമ്പോൾ അവർക്കു സന്തോഷമാണ്. അവർക്കു വളരെ കുറച്ചു ജോലിയേയുള്ളു. സുഖത്തിൽ മുഴുകി ജീവിതം നയിക്കണമെന്നു ആശിക്കുന്നവരാണ് അഭിഭാഷകവൃത്തി സ്വീകരിക്കുന്നതു്. ഇതു് പരമാർത്ഥമായ ഒരു പ്രസ്താവനയാണ്. തങ്ങളുടെ ജോലി വളരെ മേന്മയുള്ളതാണെന്നു് അവർതന്നെ കണ്ടുപിടിച്ചിരിക്കുന്നു. ആത്മപ്രശംസകൾ വകഞ്ഞു കെട്ടിയുണ്ടാക്കുന്നതുപോലെതന്നെ അവർ നിയമങ്ങളും സൃഷ്ടിക്കുന്നു.

അഭിഭാഷകവൃന്ദം കോപിക്കേണ്ടതില്ല. ഇന്നത്തെ ഇന്ത്യയുടെ ആരാധ്യപുരുഷനായ മഹാത്മജി ഒരു ബാരിസ്റ്ററായിരുന്നപ്പോൾ എഴുതിപ്പിട്ടുള്ളതിൽ നിന്നാണ് മേലെഴുതിയ പ്രസ്താവനകൾ ഉദ്ധരിച്ചിട്ടുള്ളതു്.

ഇതു മാത്രമല്ല ഇത്തരത്തിലൊരഭിപ്രായം പ്രകടിപ്പിച്ചിട്ടുള്ളതു്. പാറ്റ്നാ ബാറിലെനേതാവും എം. എ. എം. എൽ. ക്കാരനുമായ ബാബു രാജേന്ദ്രപ്രസാദ് പ്രസ്താവിക്കുന്നതു നോക്കുക—"നിങ്ങളുടെ കേസ് സത്യത്തിൽ അടിയുറച്ചതായിരുന്നാലും നിങ്ങൾ അതിൽ ജയിക്കുമെന്നു കരുതേണ്ട. വക്കീലന്മാരാണിതിനു കാരണം."

ഇന്ത്യയിലെ ഒരൊറ്റ സുപ്രസിദ്ധ അഭിഭാഷക നേതാവായിരുന്ന പരേതനായ മോട്ടിലാൽ ഇങ്ങനെ പറയുന്നു:—കോടതിയിലെ വിജയം പരാജയമാണ്—പരാജയം മരണവും."

രാജാജി ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി:—"സ്റ്റാമ്പ്ഡ്യൂട്ടി കുറച്ചതിനു വക്കീലന്മാർ ബഹളം കൂട്ടിവരികയാണ്. വ്യവഹാരങ്ങൾ വർദ്ധിക്കുവാനും തദ്വാരാ തങ്ങൾക്കു ജോലി കൂടുതൽ ലഭിക്കുവാനുമാണ് അവർ ആശിക്കുന്നതു്" എന്നു്. ഇതിനാണ് അഭിഭാഷകന്മാർ മുഖം വീർപ്പിക്കുന്നതു്.

(ഗോമതിയിൽനിന്നു്)

—o—

എസ്. എൻ. ഡി. പി. യോഗവും ധർമ്മസംഘവും

വക്കല 18—10—37

ധർമ്മസംഘവും എസ്. എൻ. ഡി. പി. യോഗവും തമ്മിലുള്ള വ്യവഹാരം ഒരു സന്ധികരാറുവഴി തീർന്നിരിക്കുന്നു. യോഗത്തിനെ പ്രതിനിധീകരിച്ചതു മെസ്സേർസ് അയ്യപ്പനും, റിട്ടയർഡ് ജഡ്ജി ഗോവിന്ദനും, റിട്ടയർഡ് സബ്ബ്റജിസ്ട്രാർ പി. എം. രാമനുമായിരുന്നു. മി. സി. വി. കുഞ്ഞുരാമൻ തിരുവനന്തപുരത്തു നിന്നു ഇവിടെവന്നു നടപടികളെ നിരീക്ഷിച്ചു രണ്ടുദിവസം കഴിഞ്ഞു തിരിച്ചുപോകയുണ്ടായി.

ധർമ്മസംഘത്തിൽ കാഞ്ചീപുരം മഠാധിപതിയും മധുരയിലെ സ്വാമി ഹനുമാൻ ഗിരി മുതലായ ചില സന്യാസിമാരും, സന്ധിസംസാരം നവരാത്രിവാരത്തിൽ കൂടുന്ന ധർമ്മസംഘത്തിന്റെ വാർഷികയോഗത്തോടുകൂടി നടക്കുവാനിടയുണ്ടെന്നറിഞ്ഞിട്ടും, ഇവിടെ സന്നിഹിതരായില്ല. സന്യാസിപക്ഷത്തിലെ ഉപദേഷ്ടാക്കന്മാരായി സ്ഥലത്തെ പൌരപ്രമാണിയായ കാക്കക്കുഴിപത്മനാഭൻ വൈദ്യനും, ഡാക്ടർ നടരാജനും, തുപ്പാടങ്ങളുടെ മുക്യാർ ദാരായിരുന്ന ആളും രാമനാഡ് ഡിസ്ട്രിക്ടിലെ ഒരു മെഡിക്കൽ ആഫീസറുമായ ഡാക്ടർ വേലപ്പനും ഉണ്ടായിരുന്നു.

സന്ധികരാറിന്റെ ഒരു കരിപ്പു തയ്യാറാക്കി രണ്ടുകൂട്ടരും ഒപ്പുവെച്ചിരിക്കുന്നു. അതിന്റെ ചുരുക്കം ഇപ്രകാരമാണ്.

ധർമ്മസംഘത്തിൽനിന്നു ഏഴു അംഗങ്ങളും ഒരു പ്രസിഡണ്ടും എസ്. എൻ. ഡി. പി. യോഗത്തിൽനിന്നു ഏഴു അംഗങ്ങളുംകൂടി 15 പേരടങ്ങിയ ഒരു കമ്മിറ്റി തുപ്പാടങ്ങളുടെ മഠങ്ങളും, വിദ്യാലയങ്ങളും, ദേവാലയങ്ങളും മുതലായ സ്ഥാപനങ്ങളും, സകല സ്ഥാവരജംഗമസ്വത്തുക്കളും ഭരിക്കുന്നതാകുന്നു.

എസ്. എൻ. ഡി. പി. യോഗത്തിൽനിന്നും നിയമിക്കുന്ന അംഗങ്ങളിൽ മൂന്നുപേർ തിരുവിതാംകൂറിന്റെ ദക്ഷിണ മദ്ധ്യ ഉത്തരപ്രദേശങ്ങളിലുള്ളവരും, ഈരണ്ടുപേർ കൊച്ചിയുടേയും, മലബാറിന്റെയും ദക്ഷിണ ഉത്തരഭാഗങ്ങളിൽനിന്നും എടുക്കുന്നവരും ഉൾപ്പെടെ ഏഴുപേരായിരിക്കണമെന്നാണ് നിശ്ചയം. ധർമ്മസംഘത്തിൽ നിന്നു അഞ്ചുപേരും, കേരളത്തിനു വെളിയിലുള്ള സ്വാമിശിഷ്യന്മാരുടെ മഠങ്ങളിലെ ധർമ്മകർത്താക്കന്മാരിൽനിന്നു മൂന്നുപേരും ഇങ്ങനെ സന്യാസിപക്ഷത്തിൽനിന്നു ഏഴു അംഗങ്ങളേയും തിരഞ്ഞെടുക്കുന്നതും ധർമ്മസംഘാദ്ധ്യക്ഷനും മഠാധിപതിയുമായ സന്യാസിവര്യൻ ഈ കമ്മിറ്റിയുടെ പ്രസിഡണ്ടായിരിക്കുന്നതുമാണ്.

ഏഴു അംഗങ്ങളും ചേർന്നാലെ കോറം തികയുകയുള്ളൂ. എന്നാൽ സന്യാസിമാരിൽനിന്നോ, യോഗത്തിൽനിന്നോ, ഈരണ്ടു അംഗങ്ങളെങ്കിലും ഇല്ലെങ്കിൽ കോറം തികഞ്ഞതായി കരുതാവുന്നതല്ല.

കമ്മിറ്റി തീർച്ചചെയ്യുന്ന വിഷയങ്ങളും പൊതുജനങ്ങൾക്കു അഹിതമായിരിക്കുമെന്നു പ്രസിഡണ്ടിനു ബോദ്ധ്യം വരുന്നതായാൽ കമ്മിറ്റിയുടെ തീരുമാനത്തെ നിഷേധിക്കുന്നതിനു പ്രസിഡണ്ടിനു അധികാരമുണ്ട്.

മഠാധിപതിയുടെ പിൻഗാമിയെ നിശ്ചയിക്കുന്ന വിഷയത്തിൽ സന്യാസിമാരിൽനിന്നു ആദ്യമായി മൂന്നുപേരെ തിരഞ്ഞെടുക്കുവാനുള്ള അധികാരം യോഗത്തിനും, അതിൽ നിന്നു ഒരാളെ തിരഞ്ഞെടുക്കുവാനുള്ള അധികാരം സംഘത്തിനും ഉണ്ടായിരിക്കുന്നതാണ്. ഇതു എന്തുകൊണ്ടും സമുചിതമായിരിക്കുന്നു.

ബിൽപ്രകാരം ധർമ്മസംഘത്തിനു സിദ്ധിച്ചിട്ടുള്ള മേൽവിവരിച്ച സ്ഥാപനങ്ങളുടെയും വസ്തുക്കളുടെയും അവകാശവും കൈകാര്യകർതൃത്വവും ധർമ്മസംഘത്തിനുതന്നെ ഇരിക്കുന്നതും S. N. D. P. യോഗത്തിനു ഇതുപ്രകാരം ഭരണത്തിൽ പങ്കുമാത്രം ഉണ്ടായിരിക്കുന്നതുമാണ് എന്നാണ് നിശ്ചയം. എന്നാൽ വല്ല കാരണവശാലും ധർമ്മസംഘം നാമാവശേഷമായും മഠാധിപതിയുടെ പിൻഗാമിയെ നിശ്ചയിക്കാൻ സാദ്ധ്യപ്പെടാതെയുമായാൽ സംഘത്തിന്റെ സ്വത്തുക്കൾ S. N. D. P. യോഗത്തിൽ ലയിക്കുന്നതും യോഗത്തിൽനിന്നു മഠാധ്യക്ഷനെ അവരോധിച്ചു ധർമ്മസ്ഥാപനങ്ങളെ ഇപ്പോഴത്തെപോലെ മഠാധിപതി മുഖേന നടത്തിച്ചു തുപ്പാടങ്ങളുടെ ഉദ്ദേശത്തിനു ഹാനി വരാതെ സൂക്ഷിക്കേണ്ടതിനുയോഗം കടപ്പെട്ടിരിക്കേണ്ടതുമാണ്.

ധർമ്മസംഘത്തിന്റെ വാർഷികയോഗം, റിപ്പോർട്ട് സ്വീകാരം ഒഴികെ, സർവ്വും നിർവ്വഹിച്ചിരിക്കുന്നു. സിക്രട്ടറി ധർമ്മതീർത്ഥസ്വാമികളുടെ റിപ്പോർട്ടു ആഡിറ്റർ പരിശോധന കഴിഞ്ഞിട്ടും ശരിയായിട്ടില്ലാത്തതുകൊണ്ടു അടുത്തകൂടാറായിരിക്കുന്ന സ്പെഷ്യൽ വീറാഞ്ചിലേക്കു മാറ്റിവെച്ചിരിക്കുന്നു. സിക്രട്ടറിയായി രാമാനന്ദസ്വാമികളേയും ഖജാൻജിയായി ദർശനാനന്ദസ്വാമികളേയുമാണു നിശ്ചയിച്ചിരിക്കുന്നതു.

—o— (മിതവാദി)

മദ്രാസ് പ്രസിഡൻസിയിലെ ശമ്പളച്ചിലവു്

— 8 —

1935—36-ാംവർഷത്തിൽ മദ്രാസ് പ്രസിഡൻസിയിലെ ശമ്പളച്ചിലവു 812.16 ലക്ഷം രൂപാ ആയിരുന്നു എന്നു ഒരു പ്രസ്താവകമ്മീണിക്കിൽ കാണുന്നു. ആ കമ്മീണിക്കിൽനിന്നു തന്നെ താഴെകാണുന്ന കണക്കുകളും വ്യക്തമാകുന്നുണ്ട്.

ഉദ്യോഗവിവരം	ഉദ്യോഗത്തിന്റെ ആകെയുള്ള എണ്ണം	ശമ്പളച്ചിലവു (ലക്ഷക്കണക്കു്)
എ. സി. എസ്സ്	162	28.69
എ. സി. എസ്സ് ഒഴിച്ചുള്ള സമസ്തോദ്യോഗസ്ഥന്മാർ	261	38.68
പ്രോവിൻഷ്യൽ സർവീസ്	1414	101.74
മറ്റു താണതരം ഉദ്യോഗങ്ങൾ	2,04,162	550.52
പെൻഷൻചിലവു	—	92.53
ആകെ	205999	812.16

നായന്മാരുടെ രാഷ്ട്രീയ പ്രക്ഷോഭണങ്ങൾ

—o—

(മലയാളരാജ്യത്തിൽനിന്നും)

നായന്മാർ രാഷ്ട്രീയപ്രക്ഷോഭണങ്ങളും ധാരാളം നടത്തിയിട്ടുണ്ട്.

1. സർ സി. പി-യെ തന്നെ ഇവിടത്തെ ലീഗലും കാൺസ്റ്റിട്യൂഷനലും അഡൈസറായി നിയമിച്ചപ്പോൾ അതിനെ പ്രതിഷേധിക്കാൻ മുമ്പോട്ടുവന്നതു നായന്മാരായിരുന്നു. അന്നു ഇന്നത്തെ നിവർത്തനക്കാർ സർ സി. പി. യെ അനുകൂലിച്ചു.


2. ചേർത്തലയിലെ നായാട്ടു നടത്തിയതു ഒരു കുസ്സൻ ഉദ്യോഗസ്ഥന്റെ നിയന്ത്രണത്തിലുള്ള നായരുദ്യോഗസ്ഥന്മാരായിരുന്നു. എന്നിട്ടു പട്ടം കമ്മറാമുഖാകെ കുസ്സാനികളിൽ 99 ശതമാനവും മൊഴികൊടുത്തില്ല.

3. കൊട്ടാരം മാനേജരായിരുന്ന മി. ടി. ശങ്കരൻതമ്പിയെ അതിരുവിട്ടധിക്ഷേപിച്ചതു അക്കാലത്തു നായന്മാർ മാത്രമായിരുന്നു. കുസ്സാനികളും അന്നു നായരോടേതിനു ഒരക്ഷരം ഉരിയാടിയൊ?

4. റീജൻസി ഗവർമ്മെൻറിനു എതിരായി കുറെ നായന്മാർ വൈസ്രായിക്കു മെമ്മോറിയൽ അയച്ചു. ഒരു കുസ്സൻപണ്ടാർ ഒപ്പുകാരെ കൊണ്ടു പിൻവലിപ്പിക്കാൻ ശ്രമിച്ചു. സാധിച്ചില്ല. ആ മെമ്മോറിയലിൽ ഒരു ഒപ്പുകാരനായിരുന്ന തെക്കൻതിരുവിതാംകൂറിലെ അപൂർവം ചിലരിൽ ഒരാളായിരുന്ന ഞാൻ.

5. മലയാളിമെമ്മോറിയൽ വിദേശികളുടെ ഇറക്കുമതിയെ തടയാനായിരുന്നു. വിദേശികളധികവും ബ്രാഹ്മണരായിരുന്നു ഇന്നു ബ്രാഹ്മണരുടെ ഇറക്കുമതിയെ അപലപിക്കുന്നതു നിവർത്തനക്കാരാണല്ലൊ.

ഇങ്ങനെ പോകുന്നു നായരുടെ രാഷ്ട്രീയപ്രക്ഷോഭണം.



[സർവ്വേന്ത്യാകാൺഗ്രസ്സോഷ്യലിസ്റ്റ് കക്ഷി ജനറൽ സിക്രട്ടറി ശ്രീ ജയപ്രകാശ് നാരായണൻ നെല്ലൂരിൽ എത്തി ജാമ്യത്തിൽ വിടപ്പെട്ട ശ്രീ. എസ്. എസ്. ബാറ്റ്ലിവാലായെ സന്ദർശിച്ചിരിക്കുന്നു.]

കൗമുദി

വരിസംഖ്യാവിവരം

(എല്ലായ്പോഴും മൻക്രർ)

അഞ്ചലിൽ

ഒരാണ്ടത്തേയ്ക്കു്	4—0—0
മൂന്നുമാസത്തേയ്ക്കു്	1—0—0

ഇൻഡ്യയ്ക്കു പുറമേ

ഒരാണ്ടത്തേയ്ക്കു്	6—0—0
6 മാസത്തേയ്ക്കു്	3—0—0

ഒറ്റപ്രതി ഒരണാ

കവിതാപംക്തി

ഭിക്ഷാക്കാരൻ

[കെ. കെ. അയ്യപ്പൻ, കൊളമ്പ്]

അംബരം മുട്ടമാവന്നതമായൊരു
നിർമ്മല സൌധത്തിന്നങ്കണത്തിൽ
പട്ടിണി പീഡയാൽ വാടിയകൈകളിൽ
പൊട്ടിപ്പൊളിഞ്ഞൊരു പാത്രവുമായ്
ഉദ്ദേശം നൂറുവയസ്സുചെല്ലുന്നൊരു
വൃദ്ധൻ പുലയൻ വിനയശാലി
"അല്ലലുണ്ടേറെ മടിയനൊരുപിടി
കല്ലരി നല്കണെ! തമ്പുരാനേ!"
വല്ലാത്ത തൊണ്ട വിറയലാലിങ്ങനെ
ചൊല്ലി വിവശനായ് നിന്നിടുന്നു.
എല്ലുകൾ തന്മെയ്യിലെത്രയുണ്ടെന്നെണ്ണി
കില്ലുകൂടാതെ കണക്കെടുക്കാം.
കീറിത്തുണികൊണ്ടരമറച്ചിട്ടുണ്ടു
മാറിയുടുക്കുവാൻ മറ്റൊന്നില്ല
ആരുണ്ടു കേൾക്കുവാനാ സാധുവൃദ്ധന്റെ
രോദന മാമഞ്ജുമാളികയിൽ?
ഊണുകഴിച്ചു സുഖമായിക്കട്ടികൾ
വീണവായിച്ചു വിനോദിക്കുന്നു.
ചാരുകസേരയിൽ ജന്മിയും പത്നിയും
ചാരിക്കിടന്നെല്ലാം കേട്ടിടുന്നു.
ചൊല്ലിനാൻ വീണ്ടും "മടിയനൊരുപിടി
കല്ലരി നല്കണെ! തമ്പുരാനേ!"
കേട്ടടൻ ജന്മിതിരിഞ്ഞൊന്നു വൃദ്ധനിൽ
നീട്ടിത്തുറിച്ചമിഴികൾ രണ്ടും
അപ്പൊഴുതപ്പിച്ചു ജന്മിക്കായ് വൃദ്ധന്റെ
കൃപ്പുകരങ്ങളാം കുമ്പളങ്ങൾ
സ്വാതൈകപ്പട്ടം വരിച്ചവക്കെങ്ങനെ
സാധുക്കളോടു കനിവുതോന്നും?
പെട്ടെന്നു ജന്മിയെണീറ്റു നിന്നങ്ങിടി-
വെട്ടും സ്വരത്തിലുരച്ചാനേവം
"പോടാകഴുവേറി! ഭിക്ഷയാചിക്കവാ—
നോടിവരുന്ന സ്ഥലമിതാണോ?
നെല്ലരിയില്ലൊരു കല്ലരിയുമില്ല
തല്ലിനിക്കാതെ പോടാവേഗം"
ജന്മിതൻ വാഗ്ശരമാ സാധുവൃദ്ധന്റെ
മർമ്മംപിളർക്കുവാൻ പോരുമല്ലൊ
ഭക്ഷണമൊന്നും കഴിക്കാതയല്പവും
സ്വച്ഛതയില്ലാത്ത വൃദ്ധനപ്പോൾ
പറടിവെച്ചു നടക്കുന്നകുട്ടിപോ—
ലൊറടിവെച്ചു മടങ്ങുകയായ്.
അന്യനൊരുവനല്ലിന്നിദം യാചിച്ചു
വന്നു മടങ്ങുന്ന ഭിക്ഷക്കാരൻ
മാളികയെന്നല്ല നമ്മുടെ ജന്മിക്കാ—
യുള്ള ധനങ്ങളും സംഭരിയ്ക്കാൻ
ബാല്യകാലം മുതൽ ജന്മിതന്നച്ഛന്റെ
കാലം മുതൽക്കും പണിയെടുത്തു്
ചോരനീരാക്കി വയസ്സനായപ്പോൾ കൈ—
ത്താരിലൊരു ഭിക്ഷപ്പാത്രവുമായ്
സ്വന്തം പടിക്കലെ തമ്പ്രാക്കന്മാരൊട്ടു
സങ്കടം ബോധിപ്പാൻ വന്നവൻ താൻ
പാരമിരന്നൊന്നും കിട്ടാതെ സങ്കട-
ഭാരവും താങ്ങി മടങ്ങിടുന്നു.
"വൃദ്ധ! നീ പോരുക! നമ്മുടെ ജന്മിയോ-
ടുത്തരം ചോദിക്കും സ്വർഗ്ഗശക്തൻ"

മതത്തിൽ നിന്നും

[ശങ്കരൻ കരിപ്പായി]

നീലവാനിലാ നീർകൊണ്ടലോക്കയും
നീന്തി നീന്തിക്കളിക്കുന്ന വേളയിൽ
ക്രൂരിരുട്ടിന്റെ കുഞ്ഞുങ്ങളാവഴി
കൂടുവിട്ടു പറക്കുന്ന വേളയിൽ
ഞാനൊരോമന സ്വപ്നവും നോക്കിയി-
ക്കാനനം വിട്ടുപോകയാണിങ്ങനെ.

കാട്ടറവിന്റെ കള്ളക്കഥകളെ
ക്കേട്ടുകേട്ടു തഴമ്പിച്ച കാനനം—
പൂമണത്തെ വ്യഭിചരിച്ചീടുവാൻ
പുകിടും പവമാന നിടകതനം—
പാതിരാപ്പക്ഷി പാഴ്വറ പാട്ടുകൾ
പാടിപ്പാടി മയങ്ങുന്ന മന്ദിരം
കണ്ണടച്ചു കടന്നിങ്ങു പോരുവാൻ
കാലുവെച്ചു തുടങ്ങുകയാണു ഞാൻ.

* * *

പുഞ്ചിരിക്കൊരു പുഞ്ചിരിയുള്ളതും
കണ്ണുനീരിന്നു കണ്ണുനീരുള്ളതും
കാണുകയില്ല കാനനച്ഛായയിൽ—
കാളിമകാളും കാപട്യനീതിയിൽ.
'മന്നിനൊന്നു തുണ'യെന്നു തന്നെയി-
ങ്ങൊറ്റ വാക്യം പഠിപ്പിച്ചലോകമേ!
നിന്നിലീവിധ മന്ധകാരത്തിന്റെ
നിന്ദ്യമാകു മടിപിടി കാണുവാൻ
നിശ്ചലമിങ്ങു നില്പ്പുകയില്ല ഞാൻ
നിശ്ചയമിക്കൊടുംകാട്ടിലീവിധം.

* * *

ജീവിതത്തിൻ പരുഷപാഷാണക
ഭാവമേകുന്ന കാലപ്പകർച്ചകൾ
പാവമീവഴിപോക്കനെയെന്തിനായ്
ആവിലാത്തിയാലാഞ്ഞടിച്ചീടുന്നു?
വല്ലദിക്കിലും വിശ്രമത്താവളം
നല്കുവതുണ്ടെങ്കിലാശ്വാസമാർന്നു ഞാൻ
മന്ദമന്ദമായ് പൊയ്ക്കൊള്ളാം ലോകമേ!
നിന്ദിക്കില്ലതിലാരുമിസ്സാധുവെ.
മർത്യനീതിയെ മാറ്റിവരച്ചീടുന്ന
കൃത്യാകൃത്യങ്ങൾ കൈക്കുപിടിച്ചെന്നെ
ആനയിച്ചീടുമാത്മാർത്ഥമായൊരു
ആവാസ സ്ഥലമെത്തുവനെന്നുമേ.

* * *

വരിക്കുവേഗം

[പി. എൻ. മാധവൻ—വക്കം]

സരസ സാഹിത്യകാരിണീ ശാരദേ!
കരുണയില്ലയോ തെല്ലുമിവനേറമേൽ?
അരികിലെത്തിയെൻ മേനിതലോടുവാൻ
വിരസത നിനക്കിന്നിയുമെന്തയേ!
അരുണിമചേർന്ന നിൻ ചേവടികളെൻ-
സ്മരണയിൽത്തന്നെ നില്പുണ്ടിതെപ്പൊഴും,
സതതമെന്നാത്മാവു നിന്നേറയാ-
പ്പുതുമധുരസ്മിതത്തെ പ്രതീക്ഷിപ്പൂ!
സുമമനോഹരേ! സ്വപ്നത്തിൽ മാത്രമേ
മമതനുവിനെപ്പുൽകുന്നതുള്ളു നീ;
അതുലസങ്കല്പസൌഖ്യം നുകർന്നു ഞാ-
നെതുസമയവും നിർവൃതിക്കൊള്ളുന്നു;
അകളങ്കേ! തൽപ്രണയം ചൊരിയുകിലെൻ-
വികലമാനസ വല്ലരി പൂത്തിടും;
തവകടാക്ഷമെനിക്കു ലഭിക്കിലീ-
കുവലയത്തിങ്കൽ ഞാനെത്രഭാഗ്യവാൻ!
പരമനിർവ്വാണദായിനീ! ലജ്ജയാ
പരിഹരിലെൻമുന്നിൽ വന്നണഞ്ഞീടുവാൻ?
കുടിലതനിറഞ്ഞീടുമീ ലോകത്തിൽ
ജഡിലചിത്തനായ് ഞാൻ പിറന്നീവിധം,
ഇരുളകറ്റി വിജ്ഞാനപ്രദീപമെൻ-
കരളിൽ നീയല്ലാതാരു കൊളുത്തിടും?
പരമസംതൃപ്തിയിൽ മുഴുകീടുവാൻ
തരമെനിക്കില്ല നിന്നഭാവത്തിനാൽ,
നിശിതനൈരാശ്യമേറാറുമല്ലവും
ഭൃശകദനത്തിലാണ്ടുപോകില്ലഞാൻ,
ദുരിതസങ്കുലമാമീ ജഗത്തിങ്കൽ
കരയുവാനല്പായുസ്സുണ്ടോ നിമേഷങ്ങൾ?
"വരിക വേഗ"മെൻ നിസ്സഹായനന്ദമേ!
തരികനിൻ ദിവ്യ സാമീപ്യദർശനം!!

മാമകമഞ്ജു സ്വപ്നരാജ്യത്തിൽ ഞാൻ
മാടിമാടി വിളിച്ചുകൊണ്ടീവിധം
എത്രനാളു നടക്കണമെന്നെനി-
ക്കിത്രയായിട്ടുമില്ലൊരു നിർണ്ണയം.
കാനനത്തിന്റെ കണ്ണുകാണായ്മയാൽ—
കാലത്തിന്നുള്ള കാഠിന്യശീതിയാൽ
കാന്തിയോലുന്ന കായമനൊക്കെയും
കാട്ടുകല്ലാക്കിയെണ്ണുകയാണഹോ!
ബുദ്ധിയേകുന്ന വൈഭവമൊക്കെയും
ചിത്തഭ്രാന്തിയെന്നോതുകയാണഹോ!

* * *

ജീവിതത്തിൻ വെളിച്ചവും നോക്കി ഞാൻ
ഈ വനംവിട്ടു പോകയാണിങ്ങനെ.

TRAVANCORE NATIONAL
& QUILON BANK LTD

(Amalgamating the Travancore National Bank Ltd., and The Quilon Bank Ltd.)

(INCORPORATED IN TRAVANCORE—1912)

Over 70 branches and a large organisation at the service of the public.

Banking business of every description undertaken.

For rates, terms etc. application may be made to any office of the Bank.

C. P. Mathen,
K. M. Eapen,
MANAGING DIRECTORS

K. S. Ramanujam,
GENERAL MANAGER

കോഴഞ്ചേരിക്കുശേഷം അഥവാ എന്റെ ജയിൽജീവിതം

രാജശ്രീ സി. കേശവൻ ബി. എ., ബി. എൽ-അവർകളുടെ ആത്മകഥാകഥനം; ലളിതവും ഉജ്ജ്വലവും വികാരതരളിതവുമായ ഭാഷയിൽ എഴുതിയിട്ടുള്ള ഒരു വിശിഷ്ടസാഹിത്യഗ്രന്ഥം.

വില രൂപാ ഫ

1113 വൃശ്ചികം 15-ാംനു- പുസ്തകം പ്രതീക്ഷിക്കുക. അപേക്ഷകർ നേരത്തേ രജിസ്റ്റർ ചെയ്തിരിക്കേണ്ടതാകുന്നു.

മാനേജിംഗ് എഡിറ്റർ,
കൗമുദി, തിരുവനന്തപുരം

യഥാർത്ഥമായ സേവനം

(ഡാക്ടർ കെ. വി. നാരായണൻ)

നമ്മുടെ രാജ്യഭരണരീമാംസകന്മാരും നിയമ നിർമ്മാതാക്കളായ നിയമസഭാ സാമാജികന്മാരും എല്ലാം ഇവിടത്തെ വെറും അല്പപക്ഷക്കാരായ മൂലധനക്കാരാണ്. ഈ അല്പപക്ഷക്കാരായ കുബേരന്മാരുടെ താല്പര്യങ്ങളെ മാത്രം പരിരക്ഷിക്കാൻവേണ്ടി ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളാണ് ഇവിടത്തെ ഭൂരിപക്ഷക്കാരായ ദരിദ്രന്മാരെ ഭരിക്കുന്നത്. അതുകൊണ്ട് ഭൂരിപക്ഷക്കാരായ ദരിദ്രന്മാരുടെ താല്പര്യങ്ങളെ പ്രതിനിധീകരിക്കുന്ന പ്രായോഗിക നിയമങ്ങൾ വളരെ വിരളമായിട്ടുമാത്രമേ സ്വാർത്ഥമതികളായ ഈ മൂലധനക്കാരുടെ നിയമനിർമ്മാണശാലയിൽ ജന്മമെടുക്കുന്നുള്ളൂ. എന്നു മാത്രമല്ല, ദരിദ്രന്മാരെ എന്നും ദരിദ്രന്മാരാക്കി നിലനിറുത്തേണ്ടതിന് ഈ കുബേരന്മാരുടെ താല്പര്യങ്ങളുടെ സ്ഥിരപ്രതിഷ്ഠയ്ക്കു അത്യന്താപേക്ഷിതമാകയാൽ, ഈ കഠിനചിത്തന്മാരുടെ കയ്യിൽ നിയമനിർമ്മാണത്തിനുള്ള അവകാശം നിലനിൽക്കുന്നിടത്തോളംകാലം ദരിദ്രന്മാക്ക് മേൽഗതിയില്ല. ഇവിടത്തെ ഭരണപരിഷ്കാര പദ്ധതികളും കാഷ്കോലാരണനിയമങ്ങളും ഒന്നും ഇവിടത്തെ ദാരിദ്ര്യത്തിന്റെയോ തൊഴിലില്ലായ്മയുടെയോ മൌലികഹേതുക്കളെ സ്പർശിക്കാൻപോലും ശേഷിയില്ലാത്ത വെറും നിഷ്ഫലപരിപാടികളാണ്. 'സന്താന നിയന്ത്രണം' എന്ന മൃതസഞ്ജീവനിയെ പ്രയോഗക്ഷമമാക്കാതിരിക്കുന്നിടത്തോളംകാലം തിരുവിതാംകൂറിൽ ആപല്ക്കരമാംവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ദാരിദ്ര്യത്തെയോ തൊഴിൽശൂന്യതയേയോ പരിഹരിക്കാമെന്നുള്ള മോഹം വെറും വ്യാമോഹംമാത്രമായി അവശേഷിക്കുകയെയുള്ളൂ.

പ്രതിവർഷം ഇവിടത്തെ ജനസംഖ്യ രണ്ടരശതമാനംവീതം വർദ്ധിച്ചുകൊണ്ടിരിക്കുന്നതായി സെൻസസ്സ് റിപ്പോർട്ടുകൊണ്ടു വ്യക്തമാകുന്നു. ഇവിടത്തെ ഭൂപ്രകൃതിയും സാമ്പത്തികസ്ഥിതിയും ക്രമാതീതമായ ജനസംഖ്യാവർദ്ധനവിനെ സഹായിക്കുന്നതാണ്. മനുഷ്യന് ജീവാഹാരക്രമം കുറയുമ്പോഴാണ് സന്താനോൽപാദനം കൂടുന്നത്. 'പ്രൊട്ടീഡ്' അംശങ്ങളും കൊഴുപ്പ് എന്നീ അംശങ്ങളും കൂടുന്നതുമായ അരി, മരച്ചീനി, മുതലായ ആഹാരസാധനങ്ങളും കഴിക്കുന്നവർക്ക് ജീവാഹാരക്രമം കുറഞ്ഞിരിക്കുകയും, തൻമൂലം സന്താനോല്പാദനശക്തി കൂടിയിരിക്കുകയും ചെയ്യും. ദരിദ്രന്മാരുടെ ഇടയിൽ ജനനനിരക്കു കൂടിയിരിക്കുന്നതിന്റെ പ്രധാന കാരണങ്ങളിൽ ഒന്ന് 'പ്രൊട്ടീഡ്' അംശങ്ങളും കുറവായ അരിയും മരച്ചീനിയും അവർ പ്രധാന ആഹാരമാക്കിയിരിക്കുന്നതാണ്. 'പ്രൊട്ടീഡ്' അംശങ്ങളും ധാരാളമുള്ള പയറുവർഗ്ഗങ്ങളും, മാംസവും മത്സ്യവും അധികം ഉപയോഗിക്കുന്നതുകൊണ്ടു കുബേരകുടുംബങ്ങളിൽ ജനനനിരക്കു വളരെ കുറവായുമിരിക്കുന്നു. ഏറ്റവും വിലകുറഞ്ഞ മരച്ചീനികൊണ്ടുപോലും നിത്യതകഴിക്കാൻ പ്രയാസപ്പെടുന്ന ദരിദ്രന്മാരുടെയിടയിൽ പ്രൊട്ടീഡ് അംശങ്ങളും ധാരാളമുള്ള പയറുവർഗ്ഗങ്ങളും മാംസവും മറ്റും വേണ്ടിടത്തോളം വിതരണംചെയ്യുന്ന സന്താനോല്പാദനശക്തി കുറയിക്കാമെന്നുവച്ചാൽ അതു അത്രയെളുപ്പം പ്രായോഗികമല്ല.

ഇവിടത്തെ പരിതഃസ്ഥിതിയിൽ കൃത്രിമമാർഗ്ഗങ്ങളും ഉപയോഗിച്ചല്ലാതെ നിമിഷംപ്രതി ആപല്ക്കരമാംവണ്ണം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ജനസംഖ്യയെ തടയാൻ നിവൃത്തിയില്ല. വിവാഹപ്രായം പുരുഷന് കുറഞ്ഞപക്ഷം മുപ്പതും സ്ത്രീക്കു ഇരുപതും വയസ്സാക്കി ഉയർത്തുന്ന നിയമനിർമ്മാണംകൊണ്ടും ജനനനിരക്കിൽ കുറയൊക്കെ പരിവർത്തനം വരുത്താം. എന്നാൽ തിരുവിതാംകൂറിലെ ഭൂപ്രകൃതിയും എല്ലാം കൂടി പരിഗണിച്ചാൽ, ഒരു കുടുംബത്തിന് രണ്ടിലധികം സന്താനങ്ങളെ ജനിപ്പിക്കാനുള്ള അവകാശങ്ങളെ തടയുന്ന നിയമങ്ങളും, അതിന്റെ പ്രവർത്തനത്തിന് ആവശ്യമായ വിദഗ്ധോപദേശങ്ങളുടേയും ഉപകരണങ്ങളുടേയും വിതരണവും ഒഴിച്ചു വയ്ക്കാൻ പാടില്ലാത്ത ആവശ്യങ്ങളാണെന്നു നിസ്സംശയം പറയാവുന്നതാണ്. പതിനഞ്ചു വയസ്സിനും ഇരുപതു വയസ്സിനും മദ്ധ്യേയുള്ള സ്ത്രീപുരുഷന്മാരുടെ വിവാഹം ജനനനിരക്കു വർദ്ധിക്കുന്നതിനു വളരെ സഹായിക്കുന്ന ഒരേർപ്പാടാണ്. ജനനനിയന്ത്രണം ദരിദ്രകുടുംബങ്ങൾക്ക് ഒരനുഗ്രഹവും കുബേര കുടുംബങ്ങൾക്ക് ആനന്ദസന്ദായകവുമാണ്. പ്രസവത്തിന്റെ എണ്ണം കുറയുന്നതോടെ സ്ത്രീകൾക്കു ആരോഗ്യവും ദീർഘായുസ്സും വർദ്ധിക്കുന്നു. ഇപ്പോൾ സ്ത്രീകൾക്ക് ഭാര്യമാരായിരിക്കുക എന്നൊരു തൊഴിൽ മാത്രമേ ഇടത്തരക്കാരുടെയിടയിൽ പ്രധാനമായിട്ടുള്ളൂ. ഈ സ്ഥിതി മാറ്റി സ്ത്രീകൾക്ക് പുരുഷന്മാരോടൊപ്പം വിവിധതൊഴിലുകൾ ഉണ്ടാക്കിക്കൊടുക്കുന്നതായാൽ പ്രായം ചെന്നിട്ടു നടക്കുന്ന വിവാഹങ്ങളുടെ സംഖ്യവർദ്ധിക്കുകയും അതുമൂലം ജനനനിരക്കു കുറയുകയും ചെയ്യും.

സന്താന നിയന്ത്രണം എന്നു കേൾക്കുമ്പോൾ 'ഛെയ്, അശ്ലീലം' എന്നു വെകിളിപിടിക്കുന്ന ഉപരിപ്ലവബുദ്ധികളും, "വാനു കീറിയവൻ വവുതിയും തരും" എന്നുള്ള പഴഞ്ചൻ ഭവദാനന്ദം ചവച്ചിറക്കി വിശപ്പടക്കാൻ ശ്രമിക്കുന്ന അപ്രായോഗിക ബുദ്ധികളും ഈ ജീവൽപ്രശ്നത്തെ അതർഹിക്കുന്ന വീക്ഷണകോടിയിൽ നിന്നു ദർശിച്ചിട്ടുള്ളവരല്ല. വിഭിന്ന നിലകളിൽ നിന്നുകൊണ്ട് ഒരു പ്രശ്നത്തെ വീക്ഷിക്കുന്നവരുടെ അഭിപ്രായങ്ങളും വിഭിന്നങ്ങളും വിവിധങ്ങളുമായിരിക്കും. ഈ അഭിപ്രായങ്ങളിൽ, ഏറ്റവും പൂജ്യമായിട്ടുള്ളത്, ഏറ്റവുമധികം ജനങ്ങളുടെ ജീവിതത്തിൽ ഗുണകരമായ പരിവർത്തനം വരുത്താൻ ഏറ്റവും പ്രേരണാശക്തിയുള്ളതേതോ അതാണ്. സന്താനനിയന്ത്രണം എന്ന ഈ പ്രശ്നം ഇവിടത്തെ ബഹുഭൂരിപക്ഷം വരുന്ന ജനാവലിയുടെ ജീവിതത്തെ എങ്ങനെ ബാധിക്കുന്നു എന്നു നോക്കിയിട്ടാണ് അതിന്റെ പ്രാധാന്യം തീരുമാനിക്കേണ്ടത്. അല്ലാതെ സന്താനമില്ലാത്ത ഒരു വ്യക്തിയുടെ വീക്ഷണകോണമവലംബിച്ചോ, യുക്തിന് അളവു ചേക്കുന്ന ഒരു സാമ്രാജ്യദുർമ്മോഹിയുടെ വീക്ഷണകോടിയിൽ നിന്നോ അല്ല ഈ പ്രശ്നത്തെ വീക്ഷിക്കേണ്ടത്.

മതങ്ങളും പുരോഹിതന്മാരും സന്താന നിയന്ത്രണ പ്രസ്ഥാനത്തിന്റെ ജന്മാന്തശത്രുക്കളാണെത്രെ. ദൃഷ്ടിപ്രാകൃതമല്ലാത്തതുകൊണ്ടോ മതപ്രവാചകന്മാരുടെ പിൻതുണയില്ലാത്തതുകൊണ്ടോ നല്ലതു നല്ലതല്ലാതെ വരികയില്ലല്ലൊ. രണ്ടായിരമോ മൂവായിരമോ വർഷത്തിനു മുമ്പ് ജീവിച്ചിരുന്ന ഒരു ദൃഷ്ടിയുടെ പ്രവചനത്തിനും മീതെ വേറൊരു സത്യമില്ലെങ്കിൽ അതിന്റെ അർത്ഥം ലോകത്തിന്റെ വളർച്ച ആ ദൃഷ്ടിയുടെ പ്രവചനത്തോടൊപ്പം നിലച്ചുപോയിരിക്കുന്നുവെന്നാണെല്ലൊ. എന്നതന്നെയുമല്ല, ഈ മതപ്രവാചകന്മാരുടെയും

ചങ്ങനാശ്ശേരിയിൽ വെച്ചു തുലാമാസം ൧൨—ാം തീയതി നടന്ന അനുമോദന യോഗത്തിൽ

മി. സി. കേശവൻ ചെയ്ത മറുപടിപ്രസംഗം

മാന്യരെ,

ചങ്ങനാശേരിത്താലൂക്കു നിവാസികളായ ഈഴവ—ക്രിസ്തീയ—മുസ്ലീം സമുദായങ്ങളിൽ ഉൾപ്പെട്ട നിങ്ങൾക്ക് എന്റെ സ്നേഹപൂർവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു. എന്നെ ഉദ്ദേശിച്ചു നിങ്ങൾ ചെയ്യുന്ന ആഡംബരപൂർവ്വമായ സ്വീകരണോപചാരങ്ങൾക്കും അഭിനന്ദനവാക്യങ്ങൾക്കും എനിക്കുവേണ്ടി നിങ്ങൾ നൽകിയ ഭാരമേറിയ പണക്കിഴികൾക്കും ആയി ഞാൻ നന്ദി പ്രദർശിപ്പിച്ചുകൊള്ളുന്നു.

ചങ്ങനാശേരിക്കാരായ നിങ്ങൾക്കു ഞാൻ തീരെ അപരിചിതനല്ല. എന്റെ ജയിൽവാസത്തിനു മുമ്പുള്ള രണ്ടുമൂന്നു കൊല്ലക്കാലത്തെ സംയുക്തസമുദായങ്ങളുടെ പ്രക്ഷോഭണകാലത്തു പല സന്ദർഭങ്ങളിലും നിങ്ങളുടെ മുമ്പിൽ പ്രത്യക്ഷനാവാനുള്ള ഭാഗ്യം എനിക്കു സിദ്ധിച്ചിട്ടുണ്ട്. സുപ്രസിദ്ധമായ നിവർത്തനപരിപാടിയെ എസ്. എൻ. ഡി. പി. യോഗം ഹർഷപൂർവം സ്വീകരിച്ചു ഈഴവരുടെ സാമുദായികപ്രക്ഷോഭണത്തിൽ ഏറ്റവും സ്മരണീയമായ ഒരു കാര്യപരിപാടി അംഗീകരിച്ചതു ചങ്ങനാശ്ശേരി പട്ടണത്തിൽവച്ചാണെന്നുള്ള വസ്തുത ഈഴവസമുദായത്തെ സംബന്ധിച്ചിടത്തോളമെങ്കിലും ചരിത്രപ്രധാന്യമുള്ള ഒരു സംഭവമാണ്. സംയുക്തസമുദായ പ്രക്ഷോഭണകാലത്തു് എതിർശക്തികളുടെ പ്രാബല്യത്താൽ ശിഥിലമാകാൻ തുടങ്ങിയ സംയുക്തശക്തിയെ സജീവമാക്കി, ശക്തിമത്താക്കി, പുരോഗമനപരമാക്കിയ ആ കായൽക്കരയിലെ മഹാമഹം നിങ്ങളുടെ സ്മൃതിപഥത്തിൽനിന്ന് ഒരിക്കലും മാഞ്ഞുപോകുന്നതല്ലല്ലൊ.

സംയുക്തസമുദായ സംഘടനയുടെ പ്രധാന ഘടകം ക്രിസ്തീയരാണല്ലൊ. ക്രിസ്തീയരിൽ സിറിയൻ കത്തോലിക്കു് സമുദായത്തിനുള്ള ഭാഗം ഒന്നു പ്രത്യേകംതന്നെയാണ്. ചങ്ങനാശ്ശേരിയിലും പരിസരങ്ങളിലുമുള്ള ക്രിസ്തീയരിൽ ബഹുഭൂരിപക്ഷം സിറിയൻകത്തോലിക്കരാകയാൽ ആ സമുദായത്തെ അഭിമുഖീകരിച്ചു എനിക്കു പറയുവാനുള്ള ചില സംഗതികൾ പറയുന്നതിനു ഞാൻ ഈ സന്ദർഭത്തെ ഉപയോഗപ്പെടുത്തിക്കൊള്ളുന്നു. കത്തോലിക്കസമുദായം സുസംഘടിതവും അതിന്റെ കാര്യപരിപാടികൾ ശിക്ഷണാധീനവുമാണെന്നുള്ളതു് എല്ലാവർക്കും അറിവുള്ള കാര്യങ്ങളാണ്. ഈഴവസമുദായത്തെ സംയുക്തഘടനയിൽ ദൃഢനിശ്ചയത്തോടുകൂടി പ്രവേശിക്കുവാനും അതിന്റെ കാര്യപരിപാടിയെ അക്ഷരംപ്രതി അനുഷ്ഠിക്കുവാനും ആരംഭംമുതൽക്കേ പ്രേരിപ്പിച്ച ഒരു പ്രധാന കാരണം സിറിയൻ കത്തോലിക്കസമുദായത്തിന്റെ ഈ ശിക്ഷണവും സംഘടനാശക്തിയും ആണെന്നു ഞാൻ പറയുമ്പോൾ അതു വെറും പരമാർത്ഥം മാത്രമാകുന്നു. കത്തോലിക്കസമുദായനേതൃക്കന്മാരും ആ സമുദായത്തിന്റെ പാരമ്പര്യത്തിനു് അനുരൂപമായ ആത്മാർത്ഥതയോടും ശിക്ഷണത്തോടുംകൂടി സംയുക്തവ്യൂഹത്തിന്റെ മുന്നണിയിൽ നിന്നതു്, ആ സംഘടിതശക്തിക്കു് ഇതിനകം എന്തെങ്കിലും സാരമായ നേട്ടം ഉണ്ടായിട്ടുണ്ടെങ്കിൽ, ആ നേട്ടത്തിന്റെ ഒരു പ്രധാന ഹേതുവാണെന്നാണു ഞാൻ പരിപൂർണ്ണമായി വിശ്വസിക്കുന്നതു്. ആ സംഘടനയുടെ പ്രധാന നേതാവും, സംയുക്തത്തിന്റെ സാരഥിയും എന്റെ ആത്മമിത്രവുമായ മി. എൻ. വി. ജോസഫ് 108 മകരത്തിലെ സുപ്രസിദ്ധമായ എൽ. എം. എസ്. ഹാൾ യോഗകാലം മുതൽക്കു എനിക്കു സുപരിചിതനാണ്. സംയുക്തപ്രക്ഷോഭണത്തിൽ അദ്ദേഹം സഹിച്ച നിരവധി ത്യാഗങ്ങളെ സംയുക്തസമുദായാംഗങ്ങൾ നന്ദിപൂർവം സ്മരിക്കുമെന്നാണ് എന്റെ വിശ്വാസം. കത്തോലിക്കസമുദായപ്രമുഖന്മാരിൽ നമ്മുടെ സ്നേഹവിശ്വാസങ്ങൾക്കു പാത്രീഭൂതരായ മെ. പി. ജെ. സെബാസ്റ്റ്യൻ, എ. സി. കുര്യാക്കോസ്, കുളത്തുങ്കൽ പോത്തൻ മുതലായ പേരുകൂടി ഞാൻ നിങ്ങളെ അനുസ്മരിപ്പിക്കുമ്പോൾ കൃതജ്ഞതാസന്നദ്ധരായി തങ്ങളുടെ സർവ്വശക്തികളും പൊതുക്കാര്യങ്ങൾക്കായി വിനിയോഗിച്ച അനേകം കത്തോലിക്കമഹാജനങ്ങളെ ഞാൻ വിസ്മരിക്കുന്നു എന്നു വിശ്വസിക്കാതിരിക്കാനപേക്ഷിക്കുന്നു.

ഞാൻ ജയിൽവാസം അനുഭവിച്ചകാലത്തു് ഈ സ്ഥലത്തുകാരായ ക്രിസ്തീയസുഹൃത്തുക്കളുടെയിടയിൽ ഉണ്ടായതായി ഞാൻ പുറത്തുവന്നതിൽ പിന്നീടു് കേൾക്കാൻ ഇടയായ അസ്വാരസ്യങ്ങളും ചില്ലറ കശപിശകളും എന്നെ എത്രമാത്രം വേദനപ്പെടുത്തിയെന്നു പറയുക വിഷമമാണ്. തിരഞ്ഞെടുപ്പു സംബന്ധമായുണ്ടായ ഈ വഴക്കുകൾ ഇപ്പോൾ മിക്കവാറും ശമിച്ചിട്ടുണ്ടെന്നും സൗഹാർദ്ദപൂർണ്ണമായ ഒരു അന്തരീക്ഷം ഇതിനിടയിൽ സംജാതമായിട്ടുണ്ടെന്നും അറിയുന്നതിൽ ഉപരിയായി മറ്റൊരു ഉപഹാരവും എനിക്കു നിങ്ങൾ നമപ്പിക്കുവാനില്ല. വിഭിന്നമായ പാരമ്പര്യങ്ങളും സാഹചര്യങ്ങളും മൂലം ഭിന്നമാർഗ്ഗങ്ങളിൽക്കൂടി സഞ്ചരിച്ചുകൊണ്ടിരുന്ന മൂന്നു സമുദായങ്ങൾ തമ്മിൽ ഒന്നുചേർന്നു പ്രവർത്തിക്കുവാൻ സംഗതിയായതു് ആദർശങ്ങളുടെയും ആവശ്യങ്ങളുടെയും ഐകരൂപ്യം കൊണ്ടാണെന്നുള്ളതിനു സംശയമില്ല. ആ ആദർശങ്ങൾക്കും ആവശ്യങ്ങൾക്കും മാറ്റമില്ലാത്ത കാലത്തോളം നമ്മുടെ സംയുക്തഘടന പുരോഗമനപരമായി പ്രവർത്തിച്ചുകൊണ്ടിരിക്കുമെന്നുള്ളതു തീർച്ചയാണ്. അവകാശസമത്വസ്ഥാപനം നമ്മുടെ കാര്യപരിപാടിയുടെ ജീവൽപ്രശ്നമാണ്. അതിൽ ചില കാര്യങ്ങൾ നമുക്കു സിദ്ധിച്ചുവെന്നു സമ്മതിക്കാമെങ്കിലും സാരമായ പല നേട്ടങ്ങളും ഇനി ഉണ്ടാകേണ്ടതായിട്ടാണ് ഇരിക്കുന്നതു്. അതിലേക്കു നമ്മുടെ മൂന്നു സമുദായങ്ങളും ഒന്നിച്ചു നിന്നുകൊണ്ടുതന്നെ പ്രവർത്തിക്കേണ്ടതും ഒഴിച്ചുകൂടാത്ത ഒരാവശ്യമാണെന്ന് എല്ലാവരും പ്രത്യേകം ഓർത്തിരിക്കണമെന്നു ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

ലോകപ്രസിദ്ധവും നമ്മുടെ മഹാരാജാവു തിരുമനസ്സിലേക്കു അനശ്വരമായ കീർത്തി ഉണ്ടാക്കിയതുമായ ക്ഷേത്രപ്രവേശന വിളംബരത്തെ സംബന്ധിച്ചു ഞാൻ ഇതിനുമുമ്പു് ഒരു മഹായോഗത്തിൽ മറ്റൊരു കാര്യത്തെ പരാമർശിച്ചുചെയ്ത പ്രസ്താവനയിൽ അടങ്ങിയിരുന്ന സൂചന, ഹൈന്ദവസംഘടനയ്ക്കുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്ന എന്റെ സ്നേഹിതന്മാരിൽ ചിലരെ തെറ്റിദ്ധരിപ്പിക്കാൻ ഇടയാക്കിയെന്ന് അറിയാൻ ഇടവന്നതിൽ ഞാൻ അത്യന്തം പരിതപിക്കുന്നു. ക്ഷേത്രപ്രവേശന വിളംബരത്തെ സംബന്ധിച്ചു എന്റെ അഭിപ്രായം സുവ്യക്തമാക്കിക്കൊണ്ടു ഞാൻ ജയിലിൽനിന്നു് ഇറങ്ങിയ ആ പ്രഭാതത്തിൽ തന്നെ ചില പത്രപ്രതിനിധികളോടു പ്രസ്താവിക്കുകയും അവർ അതു പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടുള്ളതാണ്. മാതൃഭൂമിയിലും കേരളകൌമുദിയിലും പ്രസിദ്ധപ്പെടുത്തിക്കണ്ട ആ പ്രസ്താവനകളും ആ കാര്യത്തിൽ എനിക്കുള്ള അഭിപ്രായത്തെ അവിതർക്കിതമായി രേഖപ്പെടുത്തിയിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. ആവർത്തിച്ചാവർത്തിച്ചു് എന്റെ അനുമോദനയോഗങ്ങളിൽ ആ പ്രസ്താവനകളും ചെയ്യേണ്ട ആവശ്യമുണ്ടാകാത്തക്ക വല്ല തെറ്റിദ്ധാരണയും ആരുടെ എങ്കിലും ഇടയിൽ ഉള്ളതായി എനിക്കു തോന്നുന്നില്ല. അവശസമുദായങ്ങളും പൊതുവേയും ഈഴവർ പ്രത്യേകിച്ചും ഏതുകാലത്തും നന്ദിപൂർവം സ്മരിക്കേണ്ട ആ സ്വാതന്ത്ര്യപ്രഖ്യാപനം നിരുപണങ്ങൾക്കു് ഉപരിയായി സ്ഥിതിചെയ്യുന്നു എന്നാണ് എന്റെ അഭിപ്രായം. പക്ഷെ നമ്മുടെ രാഷ്ട്രീയാവകാശസ്ഥാപനവും ഈ പ്രഖ്യാപനവും കൂട്ടിക്കലർത്തി നമ്മുടെ രാഷ്ട്രീയാവകാശങ്ങൾ സ്ഥാപിച്ചുകിട്ടേണ്ട ആവശ്യകതയെ വിസ്മരിക്കുവാൻ ഇടവരരുതെന്നു മാത്രമേ ഞാൻ ഉദ്ദേശിക്കുന്നുള്ളു എന്നും, ലോകോത്തരമായ ഈ വിളംബരംകൊണ്ടുപോലും ഈഴവരുടെ അവകാശസ്ഥാപനശ്രമമവസാനിക്കുന്നില്ലെന്നുള്ള എന്റെ അഭിപ്രായത്തെ ഞാൻ ഒരു സന്ദർഭത്തിൽ പ്രസ്പഷ്ടമാക്കുക മാത്രമേ ചെയ്തുള്ളു എന്നുമേ ഈ കാര്യത്തിൽ എനിക്കു പ്രസ്താവിക്കുവാനുള്ളു.

രാജ്യത്തെ പൊതുവേ ബാധിക്കുന്ന സാമ്പത്തികവും വ്യാവസായികവുമായ പല പ്രശ്നങ്ങളിൽ നമുക്കു—പ്രത്യേകിച്ചു് ഈഴവർക്കു—പല പുതുസംരംഭങ്ങളും ഇനി തുടങ്ങുവാനുണ്ട്. അതിലേക്കു സർവ്വസമുദായങ്ങളുടെയും സഹകരണം ആവശ്യമായിരിക്കുന്നു. അങ്ങനെ സർവ്വസമുദായങ്ങളും ഏകോപിച്ചുള്ള പ്രസ്ഥാനങ്ങളും വളരുവാൻ ഇടകൊടുക്കത്തക്കവണ്ണം നമ്മുടെ കാര്യപരിപാടികളെ വിപുലപ്പെടുത്തണമെന്നാണ് ഇനി സംയുക്തസമുദായങ്ങളുടെ സംഘടനയോടു് എനിയ്ക്കുള്ള അപേക്ഷ

അനന്തരകാര്യപരിപാടികൾ, സംയുക്തസംഘടനയും, എസ്. എൻ. ഡി. പി. യോഗവും രൂപീകരിക്കേണ്ടതാണ്. അതു ചെയ്കഴിഞ്ഞാൽ ആ കാര്യപരിപാടിയുടെ പ്രവർത്തനത്തിൽ എന്നാൽ കഴിയുന്ന സകലശ്രമങ്ങളും ചെയ്യുന്നതിനു ഞാൻ സന്നദ്ധനായിരിക്കുന്നു എന്നുള്ള വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. നിങ്ങൾ എനിക്കു ചെയ്ത സൽക്കാരങ്ങൾക്കും, സ്നേഹപൂർവം എനിക്കു തന്ന പണക്കിഴികൾക്കും മംഗളപത്രങ്ങൾക്കും ഞാൻ ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ടു വിരമിക്കുന്നു.

—o—

ട്ടുഷികളുടേയും കാലത്തു് ജീവിതമെടുത്തിട്ടില്ലാത്ത പല പ്രശ്നങ്ങളെയും അഭിമുഖീകരിക്കേണ്ടതു് ഇന്നു മനുഷ്യസമുദായത്തിന്റെ ജീവിതാവശ്യങ്ങളായിത്തീർന്നിട്ടുണ്ട്. ദാരിദ്ര്യംകൊണ്ടും തൊഴിലില്ലായ്മകൊണ്ടും കഷ്ടപ്പെടുന്ന ജനങ്ങളെ സമുദ്ധരിക്കാൻ പ്രാപ്തമായ ഒരു പ്രസ്ഥാനം—ഭൂതദയാപുരസ്സരമായ ഒരു പ്രസ്ഥാനം,—ഭൂതദയയുടെ പ്രവാചകന്മാരായ ക്രിസ്തുവിന്റേയോ ബുദ്ധന്റേയോ മതത്തിനു് എതിരായ ഒരു പ്രസ്ഥാനമല്ല. മനുഷ്യന്റെ ബുദ്ധിമുട്ടും കഷ്ടപ്പാടും ലഘൂകരിച്ചു്, അവനു് സമാധാനവും സംതൃപ്തിയും പ്രദാനം ചെയ്യുക കർത്തവ്യമായിട്ടുള്ള മതങ്ങളും, സന്താനനിയന്ത്രണം പോലെയുള്ള സേവനപരങ്ങളായ ധാർമ്മികപ്രസ്ഥാനങ്ങൾക്കു് സ്വാഗതവും പ്രോത്സാഹനവും നൽകുകയാണു് വേണ്ടതു്. തിരുവിതാംകൂറിലെ പൊതുജനപ്രതിനിധ്യമുള്ള നിയമസഭാ സാമാജികന്മാരും ഉത്തരവാദബോധമുള്ള ഗവർമ്മെൻറും 'യഥാർത്ഥമായ സേവന' സന്നദ്ധതയുണ്ടെങ്കിൽ ചെയ്യേണ്ട പ്രധാനമായ കൃത്യം, സന്താനനിയന്ത്രണത്തിനു് നിയമസാധുത്വം വരുത്തി അതിന്റെ പ്രവർത്തനത്തിനാവശ്യമായ പ്രചരണവേല നടത്തുകയാകുന്നു.

———

ഉത്തരവാദിത്വഭരണം

ഒരു കുടുംബത്തിൽ ധാരാളം അംഗങ്ങളുണ്ടെന്നു വിചാരിക്കുക. ആ കുടുംബത്തിലെ കാരണവർ മറ്റുള്ള അംഗങ്ങളുടെ ഹിതമനുസരിച്ചു ഭരിക്കുകയാണെങ്കിൽ ആ കുടുംബഭരണം ഉത്തരവാദിത്വഭരണമാണെന്നു പറയാം. ഒരു രാഷ്ട്രം ഒരു വലിയ കുടുംബമാണ്. ആ രാഷ്ട്രം ഭരിക്കുന്ന ആളുകളാണ് അതിലെ കാരണവന്മാർ. അവർ രാഷ്ട്രത്തിലെ അംഗങ്ങളായ പൊതുജനങ്ങളുടെ ഹിതമനുസരിച്ചു ഭരിക്കുകയാണെങ്കിൽ ആ ഭരണം ഉത്തരവാദിത്വഭരണമാണ്. ഭരണകർത്താക്കൾ ഭരണീയരുടെ ഹിതമനുസരിച്ചു ഭരിക്കുമ്പോഴാണ് ഉത്തരവാദിത്വഭരണമെന്നു പറയുന്നത്.

സ്വേച്ഛാഭരണവും ഉത്തരവാദിത്വഭരണവും ഉത്തരദക്ഷിണധ്രുവങ്ങളെപ്പോലെ അകന്നാണു സ്ഥിതിചെയ്യുന്നത്. രാഷ്ട്രീയസംഘടനകളും ഭരണസംബന്ധമായി സുനിശ്ചിതങ്ങളായ നിയമങ്ങളും ഇല്ലാതിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നത്തെ ഭരണസമ്പ്രദായം മിക്കവാറും സ്വേച്ഛാപ്രഭുത്വമായിരുന്നു. "കൈയൂക്കുള്ളവൻ കാര്യക്കാരൻ" എന്നതത്വമാണു അന്നു നിലവിലിരുന്നത്. ഭരിക്കപ്പെടുന്ന ആളുകൾക്കു രാഷ്ട്രീയമായ യാതൊരു ബോധവും ഇല്ലാതിരുന്നതിനാൽ അവരെ ബുദ്ധിശക്തിയും ദേഹശക്തിയും ഉള്ളവർക്കു കീഴടക്കിയറാൻ സാധിച്ചിരുന്നു. അലക്സാണ്ടർ, സീസർ, നെപ്പോളിയൻ മുതലായവരെപ്പോലെ സൈന്യനായകന്മാരായി യുദ്ധഭൂമിയിൽ വിജയം നേടിയിട്ടുള്ളവർക്കും മാക്‌വില്ലി, മൈദിലവ്വൻ, അംഗസീബ് മുതലായി ബുദ്ധിശക്തികൊണ്ടു മറ്റുള്ളവരെ കീഴടക്കാൻ സാമർത്ഥ്യമുള്ളവർക്കും ഭരണകർത്താക്കളാകാൻ സാധിച്ചിട്ടുള്ളൂ. ഇങ്ങനെയാണ്. തങ്ങളെ മറ്റുള്ളവർക്കു ഭരിക്കാൻ നിയതീകൃതമായ നിയമമൊന്നും ഇല്ലെന്നും, സാമൂഹികജീവിതം സുഗമമാക്കിത്തീർക്കുന്നതിനുള്ള സൌകര്യങ്ങളിൽ ഒന്നായിട്ടു മാത്രമാണ മിലൊ ഭരണകർത്താക്കളായിട്ടു തെരഞ്ഞെടുക്കുന്നതെന്നും ഉള്ള ബോധം അന്നു ജനങ്ങൾക്കു ഉണ്ടായിരുന്നില്ല. ഇന്നും ആ ബോധം ഇല്ലാത്തവർ ധാരാളം ഉണ്ടല്ലൊ. അതുകൊണ്ടാണു ബുദ്ധിമാന്മാരായ ചില രാഷ്ട്രതന്ത്രജ്ഞന്മാർ "രാജാ പ്രത്യക്ഷദൈവതം" (Divine Right of Kingship) എന്ന തത്വമായ കെട്ടുകൊട്ടുത്തു സാധാരണജനങ്ങളെ മയക്കിയിരുന്നതു്. ഭരണകർത്താക്കളും, ആക്ഷം കാണാൻ സാധിക്കാത്ത ഒരാളോട്, അതായതു ദൈവത്തിനോടു മാത്രം ഉത്തരവാദപ്പെട്ടവർ എന്നാണല്ലൊ ആ തത്വത്തിന്റെ സാരം. തങ്ങളെ ഭരിക്കുന്ന കാര്യങ്ങളിൽ തങ്ങൾക്കാണ് പരമാധികാരം എന്ന തത്വവും ഈ തത്വവും പരസ്പരവിരുദ്ധങ്ങളാണ്. 17-ാം ശതാബ്ദത്തിൽ ഇംഗ്ലണ്ടിലെ ദൈവീകാവകാശസിദ്ധാന്തക്കാരായ സ്റ്റുവർട്ട് (Stuart) രാജവംശക്കാരും ജനകീയാധികാരസിദ്ധാന്തക്കാരായ പാർലിമെന്റുകാരും തമ്മിലുണ്ടായ നിഷ്ഠുരമായ വടംവലിയിൽ പാർലിമെന്റുകാർക്കു വിജയം സിദ്ധിച്ചതോടുകൂടി ഉത്തരവാദിത്വഭരണസിദ്ധാന്തത്തിനു ലോകത്തിൽ അദ്ഭുതപൂർവമായ ഒരു സ്ഥാനം കരഗതമായി. ക്രിസ്താബ്ദത്തിനു നാലഞ്ചു ശതവർഷങ്ങൾക്കു മുമ്പുതന്നെ ഉത്തരവാദിത്വഭരണം ഗ്രീസിൽ നടപ്പുണ്ടായിരുന്നെങ്കിലും, അതിനു സാർവ്വജനീനമായ പ്രാധാന്യം ഉണ്ടായതു ക്രിസ്താബ്ദം 17-ാം ശതകത്തിൽ ഇംഗ്ലണ്ടിലുണ്ടായ രാഷ്ട്രീയ കലഹങ്ങൾക്കു ശേഷമാണ്. 18-ാന്നൂറാണ്ടിലെ അമേരിക്കയുടെ സ്വാതന്ത്ര്യസമരവും ഫ്രാൻസിലെ ഭയങ്കരവിപ്ലവവും (French Revolution) ഉത്തരവാദിത്വഭരണത്തിന്റെ മഹത്തായനേട്ടങ്ങളായിരുന്നു. 19-ാന്നൂറാണ്ടിന്റെ ആരംഭത്തോടുകൂടി യൂറോപ്പിൽ മിക്ക രാജ്യങ്ങളിലും ജനങ്ങൾക്കു ഉത്തരവാദിത്വഭരണബോധവും അവരുടെ പ്രക്ഷോഭണങ്ങളുടെ ഫലമായി ഭരണകർത്താക്കളിൽ ഉത്തരവാദിത്വബോധവും വളരെ വർദ്ധിച്ചു. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ പ്രസിദ്ധനായിരുന്ന എബ്രഹാം ലിങ്കന്റെ "ജനങ്ങൾക്കുവേണ്ടിയുള്ള ജനങ്ങളുടെ ഭരണം" (Government by the people for the people) എന്നമുദ്രാവാക്യം യൂറോപ്പിൽ പല ജനസമൂഹങ്ങളും സ്വീകരിച്ചു ഡിമോക്രസി "ജനകീയഭരണം" 19-ാന്നൂറാണ്ടിന്റെ അവസാനദശകങ്ങളിൽ യൂറോപ്പിലെ പലരാജ്യങ്ങളിലും സ്ഥാപിതമായി. ജനകീയഭരണമാണല്ലൊ ഉത്തരവാദിത്വഭരണത്തിന്റെ ഏറ്റവും അഭിലഷണീയമായ രൂപം. കഴിഞ്ഞ മഹായുദ്ധത്തിനുശേഷം അല്പകാലത്തെ സ്വേച്ഛാപ്രഭുത്വം നിലവിലിരുന്നിരുന്ന പല രാജ്യങ്ങളിലും ഉത്തരവാദിത്വഭരണം സ്ഥാപിതമായി. ഈയ്യിടെയായി ഉത്തരവാദിത്വഭരണത്തിനു യൂറോപ്പിൽ സാരമായ അധഃപതനം സംഭവിക്കുകയും ഏകാധിപത്യത്തിനു(Dictatorship) പ്രാധാന്യം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ഇറാലി, ജർമ്മനി, പോർട്ടുഗൽ, ആസ്ത്രിയ മുതലായ രാജ്യങ്ങളിലെല്ലാം ഏകാധിപത്യമാകുന്നതെന്നായ് വന്ന ഉത്തരവാദിത്വഭരണമായ ആട്ടിൻകുട്ടിയെ പിടിച്ചു തിന്നിരിക്കുന്നു. എന്നാൽ അമേരിക്ക, ഇംഗ്ലണ്ട്, ഫ്രാൻസ്, ആസ്ത്രേലിയ, ഐർലണ്ട്, സ്വിറ്റ്സർലണ്ട്, ഹോളണ്ട് മുതലായ രാജ്യങ്ങളിൽ പൂർണ്ണമായ ഉത്തരവാദിത്വഭരണം ഉണ്ട്.

ഈ രാജ്യങ്ങളിൽ ഉത്തരവാദിത്വഭരണം ഏതു രീതിയിലാണു നടക്കുന്നതെന്നു സാമാന്യമായി പ്രതിപാദിക്കുന്നതു അഭിലഷണീയമായിരിക്കുമല്ലൊ. ഭരണകർത്താക്കൾക്കും ഭരണീയരോടു ഉത്തരവാദിത്വത്തോടുകൂടി പെരുമാറിക്കൊള്ളാമെന്നു വാഗ്ദത്തം ചെയ്തുകൊണ്ടുമാത്രം ഉത്തരവാദിത്വഭരണം സുകരമാവുകയില്ല. ഭരണകർത്താക്കൾക്കു നിരുത്തരവാദിത്വത്തോടുകൂടി പെരുമാറാൻ നിവൃത്തിയില്ലാത്തവിധത്തിൽ ഉള്ള ഒരു ഭരണയന്ത്രം സൃഷ്ടിക്കേണ്ടതത്യാവശ്യമാണ്. അങ്ങനെ സുനിശ്ചിതമായ ഒരു ഭരണക്രമം ഉള്ളതുകൊണ്ടാണു ഇംഗ്ലണ്ടിലും അമേരിക്കയിലും മറ്റും ഉത്തരവാദിത്വഭരണം അപകടം കൂടാതെ നടക്കുന്നതു്. ആ ഭരണക്രമം എന്താണെന്നു സാമാന്യമായി പ്രസ്താവിക്കാം.

ഇംഗ്ലണ്ട്, അമേരിക്ക, ഫ്രാൻസ്, സ്വിറ്റ്സർലണ്ട് എന്നീ രാജ്യങ്ങളിലാണ് ഇന്നു ഉത്തരവാദിത്വഭരണം ഏറ്റവും ഭംഗിയായി നടക്കുന്നതു്. ഈ രാജ്യങ്ങളിൽ മിക്കതിലും ക്യാബിനറ്റ് ഭരണമാണ്. മന്ത്രിസഭക്കാണ് ക്യാബിനറ്റ് എന്നു പറയുന്നതു്. പണ്ടു ഇംഗ്ലണ്ടിൽ രാജാവിന്റെ മന്ത്രിമാർ രാജ്യകാര്യങ്ങളെപ്പറ്റി പര്യാലോചിക്കാൻ രാജാവിന്റെ കീഴിൽ ഒന്നിച്ചു കൂടിയിരുന്ന സ്വകാര്യമുറിക്കു ക്യാബിനറ്റ് മുറി എന്നു പറഞ്ഞിരുന്നു. ആ മുറിയിൽവച്ചു മന്ത്രിമാർ ഒന്നിച്ചുകൂടി ഭരണകാര്യങ്ങൾ തീരുമാനിച്ചിരുന്നതുകൊണ്ടു ക്യാബിനറ്റുഭരണം എന്നുപേർ ആവിർഭവിച്ചു. ആ ക്യാബിനറ്റു മന്ത്രിമാർ ക്രമേണ രാജാവിനോടുള്ള ഉത്തരവാദിത്വം വിട്ടു പാർലിമെണ്ടിനോടു ഉത്തരവാദിത്വമായി. പാർലിമെൻറ് ജനങ്ങളുടെ പ്രതിനിധിസഭയാണല്ലൊ. അങ്ങനെയാണു ക്യാബിനറ്റുഭരണം ഉത്തരവാദിത്വഭരണമായി ബന്ധപ്പെട്ടതു്.



ശ്രീമൂലംഅസംബ്ളിയിൽ തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന
ശ്രീ: സി. ഒ. പൊന്നമ്മ ബി. എ., ബി. എൽ.

ഒരു രാജ്യത്തിലെ ഗവമ്മെൻറ് ആ രാജ്യത്തിലെ എല്ലാ ജനങ്ങളോടും പ്രത്യേകം പ്രത്യേകം ഉത്തരവാദിത്വത്തോടുകൂടി ഭരിക്കാൻ സാധിക്കുന്നതല്ലല്ലൊ. ജനങ്ങളുടെ ഹിതത്തെ സാമാന്യേന പ്രതിനിധീകരിക്കുന്ന ഒരു സമിതിയോടു ഉത്തരവാദിത്വമായി ഭരിക്കാനെ സാധിക്കയുള്ളൂ. അതാണു നിയമസഭ. ആ സഭയിലെ അംഗങ്ങളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. ആ നിയമസഭ രാജ്യഭരണത്തിനു ആവശ്യമായ നിയമങ്ങളും ദ്വിപക്ഷതത്വമനുസരിച്ചു സൃഷ്ടിക്കുന്നു. ഗവമ്മെൻറും ആ നിയമങ്ങളും അനുസരിച്ചു മാത്രമേ ഭരിക്കുകയുള്ളുവെങ്കിൽ അതു ഉത്തരവാദിത്വഭരണമായി. ഗവമ്മെൻറ് നിയമസഭയോടു ഉത്തരവാദപ്പെടുന്നു. നിയമസഭ നിയോജകമണ്ഡലങ്ങളോടും. ഇങ്ങനെയാണു ഇപ്പോൾ ഇംഗ്ലണ്ടിലും മറ്റും ഉത്തരവാദിത്വഭരണം നടക്കുന്നതു്.

ഇംഗ്ലണ്ടിലെ പാർലിമെൻറു രണ്ടു സഭകൾ കൂടിയതാണ്. അതായതു ജനകീയസഭയും പ്രഭുസഭയും (House of Commons & House of Lords). ജനകീയസഭയിലെ അംഗങ്ങളും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നവരാണ്. വാസ്തവത്തിൽ ആ സഭയ്ക്കാണു അധികാരം മുഴുവനും. ആ സഭയുടെ സമ്മതം കൂടാതെ അവിടത്തെ മന്ത്രിസഭയ്ക്കു ഒന്നും ചെയ്യുകൂടാ. മന്ത്രിസഭയിലെ അംഗങ്ങൾ ഓരോരുത്തരും ഗവമ്മെണ്ടു ഡിപ്പാർട്ടുമെണ്ടുകളിൽ ഓരോന്നിന്റെയും മേലധികൃതന്മാരായിരിക്കും. അതായതു ഭരണംനടത്തുന്ന മന്ത്രിസഭ അഥവാ ക്യാബിനറ്റ് ആണ്. എന്നാൽ മന്ത്രിസഭയിലെ അംഗങ്ങൾ പാർലിമെൻറു സഭയിലെ അംഗങ്ങളുമാണ്. മന്ത്രിസഭ എന്തെങ്കിലും ചെയ്യണമെങ്കിൽ ക്യാബിനറിനു പാർലിമെൻറിന്റെ ദ്വിപക്ഷാനുകൂല്യം ലഭിക്കണം. ഇതിനാൽ ഉത്തരവാദിത്വഭരണതത്വം ഭരണത്തിന്റെ മൌലികതത്വമായി സ്വീകരിച്ചിരിക്കുന്നുവെന്നു സ്പഷ്ടമാണല്ലൊ.

ഉത്തരവാദിത്വഭരണയന്ത്രം അപകടംകൂടാതെ തിരിയുന്നതു സംഘടിതങ്ങളായ രാഷ്ട്രീയകക്ഷികളുടെ സൃഷ്ടിപരമായ പ്രവർത്തനം നിമിത്തമാണ്. ഇംഗ്ലണ്ടാണ് ഇതിനു മാതൃ

കം. അവിടെ ഉത്തരവാദിത്വഭരണതത്വം സുസ്ഥാപിതമായതോടുകൂടി രണ്ടു പ്രധാനകക്ഷികളും ആവിർഭവിച്ചു. അതായതു യാഥാസ്ഥിതികകക്ഷിയും (Conservative party) ഉല്പതിഷ്ണു(Liberals)കക്ഷിയും. ഇപ്പോൾ ഉല്പതിഷ്ണുകക്ഷിക്കു പ്രാധാന്യംകുറഞ്ഞു(Labour party) തൊഴിലാളികക്ഷി മുന്നണിയിൽനില്ക്കുന്നു. പാർലിമെണ്ടിലെ തിരഞ്ഞെടുപ്പിനു ഈ കക്ഷികളെല്ലാംതന്നെയോജകമണ്ഡലങ്ങളിലും അവരവരുടെ സ്ഥാനാർത്ഥികളെ നിറുത്തുന്നു. ഓരോ കക്ഷിയും തിരഞ്ഞെടുപ്പിൽ ജയിച്ചു നിയമസഭയിൽ പോയാൽ എന്തായിരിക്കും അവരുടെ നയം, എന്തെല്ലാമാണു അവർ ചെയ്വാനുദ്ദേശിക്കുന്നതു് എന്നിവയെക്കുറിച്ചു സുദ്ധമായ ഒരു കായ്വ്യപരിപാടി ഓരോ കക്ഷിയും തിരഞ്ഞെടുപ്പവസരത്തിൽ പൊതുജനസമക്ഷം സമർപ്പിക്കുന്നു. അതിൽ ഏതു കക്ഷിയുടെ കായ്വ്യപരിപാടിക്കാണു സമ്മതിദായകന്മാരിൽ അധികംപേർക്കും ആനുകൂല്യം എന്നു വച്ചാൽ ആ കക്ഷി നിറുത്തുന്ന സ്ഥാനാർത്ഥികൾക്കായിരിക്കും തിരഞ്ഞെടുപ്പിലെ വിജയത്തിൽ ഭൂരിപക്ഷം കിട്ടുന്നതു്. അയായതു ആ കക്ഷിയിൽ നിന്നായിരിക്കും പാർലിമെണ്ടിലെ ഭൂരിപക്ഷം അംഗങ്ങളും.

മേൽവിവരിച്ച സംഗതി ഒരുദാഹരണംകൊണ്ടു വിശദമാക്കാം. പാർലിമെൻറിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്ന യാഥാസ്ഥിതികകക്ഷി ആണുങ്ങൾക്കു മീശവേണമെന്നു നിർബന്ധമുള്ളവരാണെന്നും തൊഴിലാളികക്ഷി അതിനെതിരാണെന്നും വിചാരിക്കുക. അങ്ങനെയാണെങ്കിൽ യാഥാസ്ഥിതിക കക്ഷി തങ്ങളുടെ കക്ഷി കായ്വ്യപരിപാടിയിൽ തങ്ങൾ തിരഞ്ഞെടുപ്പിൽ ജയിച്ചാൽ എല്ലാ പ്രായം ചെന്ന ആണുങ്ങൾക്കും മീശ വേണമെന്നുള്ള നിയമം നടപ്പിലാക്കും എന്നു വിശദമായി പ്രസ്താവിച്ചിരിക്കും. തൊഴിലാളികക്ഷി അവരുടെ കായ്വ്യപരിപാടിയിൽ നേരെ മറിച്ചും പ്രസ്താവിച്ചിരിക്കും. തിരഞ്ഞെടുപ്പിൽ യാഥാസ്ഥിതിക കക്ഷി ജയിച്ചു എന്നിരിക്കട്ടെ. ഉടനെ അവർ നിയമസഭ കൂട്ടുമ്പോൾ മേല്പറഞ്ഞ നിയമം സഭയിൽ അവതരിപ്പിക്കും. തിരഞ്ഞെടുപ്പിൽ ആ കക്ഷിക്കു ഭൂരിപക്ഷം കിട്ടിയിട്ടുള്ളതുകൊണ്ടു ആ നിയമം പാസ്സാക്കപ്പെടുമെന്നുള്ളതിനു സംശയമില്ല. എന്തെന്നാൽ ഓരോ കക്ഷിയിൽപെട്ട അംഗങ്ങളും നിയമസഭയിൽ പ്രധാനകായ്വ്യങ്ങളെപ്പറ്റി തീരുമാനിക്കേണ്ടിവരുമ്പോൾ വ്യക്തിപരമായ അഭിപ്രായം എത്രതന്നെ ആയിരുന്നാലും തന്റെ കക്ഷിയുടെ അംഗം എന്ന നിലയിൽ ആ കക്ഷിയുടെ കായ്വ്യപരിപാടി അനുസരിച്ചു വോട്ടു ചെയ്വാൻ നിർബന്ധിതനാണ്. മേല്പറഞ്ഞ ഉദാഹരണംതന്നെ എടുക്കുക. യാഥാസ്ഥിതിക കക്ഷിയിൽ പെട്ട ഒരാൾക്കു പരമാർത്ഥത്തിൽ മീശ വെയ്ക്കുന്ന കാര്യത്തിൽ ഇഷ്ടമില്ലാത്ത ആളായിരിക്കാം. എങ്കിലും അയാൾ ആ കക്ഷിയിൽ പെട്ടപ്പോൾ ആ കക്ഷിയിലെ അംഗം എന്ന നിലയിൽ തിരഞ്ഞെടുപ്പിൽനിന്നു വിജയം സിദ്ധിച്ചു ആളായതുകൊണ്ടു അയാൾക്കു മീശവയ്ക്കുന്നതിനു അനുകൂലമായി വോട്ടു ചെയ്വാതെ നിവൃത്തിയില്ല.

ഇങ്ങനെ തിരഞ്ഞെടുപ്പിനു ശരിയായ സംഘടനയോടും കായ്വ്യപരിപാടിയോടുംകൂടി രാഷ്ട്രീയകക്ഷികൾ മത്സരിക്കുന്നതുകൊണ്ടു ഓരോ കക്ഷിക്കും വിജയം സിദ്ധിച്ചാൽ അടുത്ത നിയമസഭയിൽ എന്തെല്ലാമായിരിക്കും ചെയ്വാനുദ്ദേശിക്കുന്നതെന്നു പൊതുജനങ്ങൾക്കു അറിയാൻ സാധിക്കും. പൊതുജനങ്ങളിൽ ഭൂരിപക്ഷത്തിനു ഏതു കക്ഷിയുടെ കായ്വ്യപരിപാടിയാണു സ്വീകായ്യം, ആ കക്ഷിയുടെ ഭരണമാണു തിരഞ്ഞെടുപ്പിനു ശേഷം വേറൊരു തിരഞ്ഞെടുപ്പുവരെയുള്ള നിയമസഭയിൽ നടക്കുന്നതു്. ആ കക്ഷി പൊതുജനഭൂരിപക്ഷം ലഭിച്ചിട്ടുള്ള കായ്വ്യപരിപാടി അനുസരിച്ചല്ലാതെ ഭരിക്കുകയുമില്ല. അല്ലെങ്കിൽ അടുത്ത തിരഞ്ഞെടുപ്പിൽ ആ കക്ഷിക്കു പരാജയം തീർച്ചയാണല്ലൊ. ഇങ്ങനെയാണു കക്ഷിഭരണം (Party Government)നിമിത്തം ഇംഗ്ലണ്ടിൽ ഉത്തരവാദിത്വഭരണംഭംഗിയായി നടക്കുന്നതു്.

തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടുന്ന കക്ഷിയുടെ നേതാക്കന്മാർ ഒന്നിച്ചുചേർന്നാണു ക്യാബിനറ്റ് (മന്ത്രിസഭ) രൂപവല്ക്കരിക്കപ്പെടുന്നതു്. പ്രധാനനേതാവു പ്രധാനമന്ത്രിയാകുന്നു. കൂടാതെ പത്തൊ പന്ത്രണ്ടോ വേറെ മന്ത്രിമാരും ഉണ്ടാകും. ഇവരിൽ ഓരോരുത്തരും ഓരോ ഡിപ്പാർട്ടുമെൻറിന്റെയും മേലധികൃതന്മാരായിരിക്കും. ഈ മന്ത്രിമാർ എല്ലാം ഒന്നിച്ചുചേർന്നാണു ഭരണസംബന്ധമായ തീരുമാനങ്ങളും ചെയ്യുന്നതു്. ഈ തീരുമാനങ്ങളും നിയമസഭയുടെ ഭൂരിപക്ഷാനുകൂല്യത്തിനു സഭയിൽ സമർപ്പിക്കുന്നു. പാർലിമെണ്ടിൽ ഭൂരിപക്ഷമുള്ള കക്ഷിയുടെ നേതാക്കന്മാരാണു മന്ത്രിസഭയിലെ അംഗങ്ങളും. അതുനിമിത്തം മന്ത്രിസഭയുടെ തീരുമാനങ്ങൾക്കു പാർലിമെണ്ടിൽ എപ്പോഴും ആനുകൂല്യം ലഭിക്കുന്നു. എപ്പോളും ഈ ആനുകൂല്യം ഇല്ലാതാകുന്നുവോ, എപ്പോളും മന്ത്രിസഭയ്ക്കു പാർലിമെൻറിൽ ഭൂരിപക്ഷം ഇല്ലാതാകുന്നുവോ അപ്പോൾ ആ പാർലിമെണ്ടു പരിച്ചുവിട്ടു വേറൊരു പൊതുതിരഞ്ഞെടുപ്പുനടത്താൻ മന്ത്രിസഭയ്ക്കു അധികാരമുണ്ട്. ഇതിനാൽ മന്ത്രിസഭ പാർലിമെൻറിനോടല്ല, പൊതുജനങ്ങളോടാണു ഉത്തരവാദപ്പെടുന്നതു എന്നു സ്പഷ്ടമാണല്ലൊ.

മേൽപറഞ്ഞ രീതിയിലുള്ള ഉത്തരവാദിത്വഭരണം വിജയകരമാകണമെങ്കിൽ സാധാരണജനങ്ങൾക്കു ശരിയായ രാഷ്ട്രീയബോധം ഉണ്ടായിരിക്കണം. അല്ലെങ്കിൽ കക്ഷികളുടെ കുതന്ത്രങ്ങൾനിമിത്തം പൊതുജനങ്ങൾ വഴിതെറ്റിപ്പോകാൻ വളരെ എളുപ്പമുണ്ട്. കൂടാതെ പ്രായപൂർത്തിവോട്ടവകാശവും അത്യാവശ്യമാണ്. ശരിയായ രാഷ്ട്രീയബോധം ഉള്ള ഒരു ജനതയ്ക്കു ഏറ്റവും അഭിലഷണീയമായ ഭരണരീതി ഉത്തരവാദിത്വഭരണമാണെന്നുള്ളതിനു സംശയമില്ല. അങ്ങനെയുള്ള ഭരണയന്ത്രം എപ്പോഴും ശാന്തമായി തിരിഞ്ഞുകൊണ്ടിരിക്കും. അതിനു മറ്റുള്ള ഭരണരീതികളേക്കാൾ സ്ഥിരതയുണ്ടാകും. ഇന്നു പല രാജ്യങ്ങളിലും ഏകാധിപത്യം വിജയപ്രദമായി നടക്കുന്നതായി നമുക്കു അനുഭവമുണ്ടായിരിക്കാം. പല ഹിറ്റ്ലർമാരും മുസ്സോളിനിമാരും അവരുടെ രാജ്യം കായ്യക്ഷമതയോടുകൂടി ഭരിക്കുന്നുണ്ടായിരിക്കും. ഓരോ രാജ്യത്തിലും ചില പ്രത്യേകാവസരങ്ങളിൽ രാഷ്ട്രീയക്കോളിളക്കങ്ങളുണ്ടാകും. ആ അവസരങ്ങളിൽ ഭരണകൂടമാകുന്ന വഞ്ചിയെ കുഴപ്പംകൂടാതെ തുഴഞ്ഞുകൊണ്ടുപോകാൻ ചില ഹിറ്റ്ലർമാരെയും മുസ്സോളിനിമാരേയും കെമൽപാഷമാരെയും ആവശ്യമായിരിക്കാം. പക്ഷെ അന്തരീക്ഷം ശാന്തമാകുമ്പോൾ അവർക്കു രാഷ്ട്രത്തിലുള്ള സ്ഥാനവും അന്തർദ്ധാനംചെയ്യുന്നു. പിന്നീടു അവർ ഭരിക്കണമെങ്കിൽ അതു പൊതുജനഹിതത്തിനു വിരുദ്ധമായിട്ടായിരിക്കണം. അതിൽനിന്നുള്ള ഭവിഷ്യത്തു വിപ്ലവങ്ങളും അക്രമങ്ങളും ആയിരിക്കും. ഉത്തരവാദിത്വഭരണത്തിനു ഈവക തകരാറുകളും ഒന്നുമില്ല.

(സഹോദരൻ)

—:—

കാരുണ്യപ്രാർത്ഥന

ആലപ്പുഴ ജൂബിലി ഹോമിന്റെ വാർഷികയോഗത്തിൽ മി. സി. പി. മാത്തൻ ചെയ്ത അദ്ധ്യക്ഷപ്രസംഗത്തിൽ നിന്നു:—



നമ്മുടെ സമുദായത്തിൽ കാണുന്ന ഒരു ദുഷ്പ്രവൃത്തിയെപ്പറ്റി രണ്ടു വാക്കു പറഞ്ഞുകൊള്ളട്ടെ. മിക്കവാറും എല്ലാ സിറിയൻക്രിസ്ത്യൻ കുടുംബത്തിലും ഓരോ അടിമക്കുഞ്ഞു പിറന്നുവീഴുന്നു ഈ സമുദായവുമായി 20 കൊല്ലക്കാലത്തെ അടുത്ത പരിചയമുള്ള ഒരു വനിതാമിഷനറി പ്രസ്താവിച്ചിട്ടുണ്ട്. നിഷ്ഠൂരജോലികൾ ചെയ്വാനായി 8-ം 9-ം വയസ്സു പ്രായമുള്ള പെൺകുട്ടികളെ ഏല്പിക്കുന്നതിനു സൂചിപ്പിച്ചുകൊണ്ടാണു് അവർ അങ്ങനെ പറഞ്ഞിട്ടുള്ളതു്. പെൺകുഞ്ഞുങ്ങളെ വിവാഹം ചെയ്തുകൊടുക്കുവാൻ നിവൃത്തിമില്ലാത്ത സാധുമാതാപിതാക്കന്മാർ അവരെ വിവിധകുടുംബങ്ങളിൽ ഭൃത്യജോലിക്കായി തള്ളിവിടുന്നു. അവരുടെ ജോലിക്കു യാതൊരു ക്രമപ്പെടുത്തലുമുണ്ടായിരിക്കുന്നതുമില്ല. അവരുടെ മാനസികവും ശാരീരികവുമായ ഉണർവിശേഷങ്ങളുടെ വളർച്ചയ്ക്കു യാതൊരു സന്ദർഭവുമില്ല. ഈ സാധുപെൺകുട്ടികളുടെ കഷ്ടപ്പാടുകൾ ഞാൻ നേരിട്ടു കണ്ടറിഞ്ഞിട്ടുള്ളതാണ്. ഈ സാധുപെൺകുട്ടികളെ സ്വതന്ത്രകളാക്കുവാനും ഈ ഇരുപതാംനൂറ്റാണ്ടിലും നമ്മുടെ ഇടയിൽ നിലനില്ക്കുന്ന ഈ അടിമത്വത്തെ ഉച്ചാടനം ചെയ്യുവാനും അടിയന്തിരമായ ശ്രദ്ധ പതിയേണ്ടതാണ്.

അനേകമാളുകൾ—ദുർജ്ജനങ്ങൾ പ്രത്യേകിച്ചും—ജീവിതത്തിന്റെ അന്ത്യഘട്ടത്തിൽ മാത്രം പഠിക്കാവുള്ള ഒരു പാഠത്തെപ്പറ്റി ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. യഥാർത്ഥമായ ആനന്ദം നമ്മുടെ സ്വന്തം സുഖസൗകര്യങ്ങൾ സമാഹരിക്കുന്നതിലല്ലെന്നും പ്രത്യുത നമ്മുടെ ചുറ്റുപാടും ജീവിക്കുന്ന നമ്മെക്കാൾ ഭാഗ്യഹീനന്മാരായവരുടെ കഷ്ടപ്പാടുകൾ പരിഹരിക്കുന്നതിനു ശ്രമിക്കുന്നതിൽ സ്ഥിതിചെയ്യുന്നു എന്നുള്ളതുമാണ് ആ പാഠം. ഇന്നു കാണുന്ന പരിതഃസ്ഥിതികളിൽ ദൈവികമായ ഒരു അസംതൃപ്തി ഉളവാകുവാൻ യേശുക്രിസ്തുവിന്റെ യഥാർത്ഥ അനുയായികളെന്ന നിലയ്ക്കു നമുക്കു ശ്രമിക്കാം.

———

ജനനരാശി

അദ്ധ്യായം 10

തുലാംരാശി—ഒക്ടോബർമാസം

മൂക്കോത്തുകുമാരൻ

തുലാംരാശി സപ്തമ്പർ 21-ാംനു ആരംഭിക്കുമെങ്കിലും ആദ്യത്തെ ഏഴുദിവസം മുൻരാശിയുടെ ശിഖ ബാധിക്കുകയാൽ ബലം കുറഞ്ഞിരിക്കുകയും സപ്തമ്പർ 28-ാംനു മുതൽ ഒക്ടോബർ 20-ാംനുവരെ പൂർണ്ണബലത്തിലിരിക്കുകയും പിന്നീടു 7 ദിവസം വൃശ്ചികം രാശിയുടെ ശിഖ ബാധിച്ചു ക്രമേണ ബലം കുറഞ്ഞുകൊണ്ടു വരുകയും ചെയ്യും.

തുലാരാശി തുലാസിന്റെ ചിഹ്നത്താൽ സൂചിപ്പിക്കപ്പെട്ടിരിക്കയാണല്ലൊ. ഈ രാശിയിൽ ജനിച്ചവരുടെ പ്രവൃത്തികളും വിചാരങ്ങളും ഖണ്ഡിതവും ദൃഢതയും ഉള്ളവയായിരിക്കും. ഇവർക്കു മുന്നാലോചനയും ജന്മസിദ്ധമായ ജ്ഞാനവും ഉണ്ടായിരിക്കും. ഇവർക്ക് ആദ്യം തോന്നുന്ന അഭിപ്രായമനുസരിച്ചു പ്രവർത്തിക്കുന്നതായിരിക്കും അധികം ഫലപ്രദം. ആത്മതത്വ സംബന്ധമായ രഹസ്യാനുഭവങ്ങളും ഉണ്ടാവാനുള്ള ശക്തി ഇവർക്കു സഹജമായിരിക്കും. അസാധാരണമായ ചില മുന്നറിവുകളും ഉണ്ടായിക്കൊണ്ടിരിക്കും. ആത്മവിദ്യ, ബ്രഹ്മവിദ്യ, ദൃഢവിദ്യ, എന്നിവയിൽ ദൃഢവിശ്വാസമുള്ളവരായിരിക്കുമെങ്കിലും എല്ലാറ്റിന്റെയും കാര്യകാരണസംബന്ധം അറിവാൻ ആഗ്രഹമുള്ളവരാകയാൽ, ശരിയായ തെളിവുകളും കണ്ടറിവാനുള്ള ആ വാസന അവരുടെ മേല്പറഞ്ഞ സഹജശക്തിയേയും ജയിച്ചെന്നു വരും. യോഗ്യായോഗ്യ വ്യാപാരത്തിൽ വിജയികളായിരിക്കുമെങ്കിലും, ധനത്തിന്റെ വിലയെ അധികം ഗണ്യമാക്കുന്നവരായിരിക്കയില്ല. ജീവിതത്തിൽ വലിയ ഉയർച്ചയും താഴ്ചയും ഉണ്ടായിക്കൊണ്ടിരിക്കും. എല്ലാ കാര്യങ്ങളും മനസ്സുകൊണ്ടു തുലാസിൽ എന്നപോലെ, ശരിയായി തൂക്കി, ഏറ്റക്കുറച്ചിൽ വരുത്താതെയുള്ള വിധി കല്പിക്കുവാൻ ശ്രമിക്കുന്നവരാണെന്നു തോന്നും.

ഈ രാശിയിൽ ജനിച്ചവരിൽ വളരെ അധികം പേരും പ്രകൃത്യാ നിയമജ്ഞന്മാരായിത്തീരുകയാണു ചെയ്തിട്ടുള്ളതു്. അവർ വക്കീൽമാരായും ബാരിസ്റ്റർമാരായും ജഡ്ജിമാരായും പേരെടുത്തിരിക്കുന്നു.

ഇവർ പലപ്പോഴും പൊതുകാര്യപ്രസക്തരായി കാണപ്പെടും; അതും എല്ലാവക്കും തുല്യമായ നിലയിൽ കാര്യങ്ങൾ ശരിപ്പെട്ടുത്തേണമെന്നുള്ള സഹജമായ ആഗ്രഹത്തോടുകൂടി, സഹജീവികളെ അഭിവൃദ്ധിപ്പെടുത്തേണ്ടതിനു വേണ്ടിയായിരിക്കും. ഇവർ ജ്ഞാനത്തെ അത്യധികം ബഹുമാനിക്കും. ജീവകാലം മുഴുവനും വല്ലതും പഠിച്ചറിവാനും വല്ല പ്രത്യേക വിഷയത്തെപ്പറ്റിയും ഗവേഷണം ചെയ്വാനും വേണ്ടി ചെലവഴിച്ചു കൊണ്ടിരിക്കും. അതും അങ്ങിനെയുള്ള വിഷയങ്ങളുടെ നാനാമുഖങ്ങളും മനസ്സാക്ഷിക്ക് ഏറ്റവും അനുസരിച്ച നിലയിൽ തൂക്കി കണക്കാക്കി നോക്കികൊണ്ടായിരിക്കും. അതുകൊണ്ട് ഇവർ വിദഗ്ദ്ധരായ ഡാക്ടർമാരായിത്തീരും. എന്നാൽ ചികിത്സ ചെയ്തിട്ടില്ല, വൈദ്യ സംബന്ധമായ വല്ല പ്രത്യേക വിഷയത്തിലും വിദഗ്ദ്ധത സമ്പാദിച്ചായിരിക്കും പേരെടുക്കുന്നതു്.


അഗാധമായ പഠിപ്പും ചിന്താശക്തിയും വിവേചനയും ആവശ്യമുള്ള ഉദ്യോഗങ്ങളിൽ ഇവർ നല്ലവണ്ണം ശോഭിക്കും. എന്നല്ല, പ്രത്യേകം അറിവു് ആവശ്യമുള്ള ഏതുതരം ഉദ്യോഗവും ഇവക്കു നല്ലവണ്ണം പറ്റിയതായിരിക്കും.

വിവാഹകാര്യത്തിൽ ഇവർ ദുർല്ലഭമായിട്ടേ ഭാഗ്യവാന്മാരായിരിക്കുകയുള്ളൂ. പ്രണയത്തിന്റെ സംഗതിയിലും ഇവർ, ഗുണദോഷങ്ങളും തൂക്കി ശരിപ്പെട്ടുത്തിനോക്കുവാൻ ആവശ്യത്തിലധികം തുണ്ടുകാണിക്കും. പ്രണയത്തിന്റെ ചിറകുകളും സൂക്ഷ്മദൃഷ്ടികണ്ണാടികൊണ്ടുള്ള പരിശോധനക്കു വിഷയമല്ലെന്നു് ഇവർ അറിയുകയില്ല. അതുകൊണ്ടു് ഇവർ ആ കാര്യത്തിൽ ഭഗ്നാശയരായിത്തീരാനുള്ള പ്രവൃത്തി മുൻകൂട്ടിത്തന്നെ ചെയ്തുവെക്കുന്നു.

ഗൃഹജീവിതത്തിൽ സമാധാനവും സൌഭാഗ്യവും ഇവർ ആഗ്രഹിക്കുമെങ്കിലും ആ കാര്യത്തിലും നിർബ്ബന്ധമായ ചില കൃത്രിമതകളും ആവശ്യപ്പെടുന്നതിനാൽ പലപ്പോഴും ഫലം അനർത്ഥകരമായിരിക്കും. എന്നാൽ ഇവക്കു് അനേകം സ്നേഹജനങ്ങളും പരിചയക്കാരും ഉണ്ടായിരിക്കുകയും പലരും ഇവരും സ്നേഹം സമ്പാദിക്കുവാൻ ശ്രമിച്ചുകൊണ്ടിരിക്കുകയും ചെയ്യും.

സ്നേഹിതന്മാർ

ജനുവരി 21 മുതൽ ഫിബ്രുവരി 18-27 തീയതിവരെയും മേയി 21 മുതൽ ജൂൻ 20-27 തീയതിവരെയും മാർച്ചു് 21 മുതൽ ഏപ്രിൽ 19-26 തീയതിവരെയും ഏതെങ്കിലും തീയതി ജനിച്ചവരും സ്വന്തം രാശിയിലും ജനിച്ചവരും ഇവരുടെ സ്ഥിരമിത്രങ്ങളായിരിക്കും.



ഡാക്ടർ ഖാൻ സാഹിബ്

ആരോഗ്യം

ഈ രാശിയിൽ ജനിച്ചവക്കു ഞരമ്പുസംബന്ധമായ സുഖക്കേടും മാന്ദ്യതയും ഉണ്ടാകും. പുറത്തുവേദന, കഠിനമായ തലനോവു്, വൃക്കരോഗം സുഖക്കുറവു് എന്നിവയും പിടിപെട്ടും. വൃക്കകളിൽ ഉണിലുകൾ ഉണ്ടാകയാൽ ഉത്ഭവിക്കുന്ന ഒരു വിധം രോഗത്തിനു് ഇവർ വശംവദരാകാം. ഒരു പ്രത്യേകതരം ചർമ്മരോഗവും ബാധിക്കാം. സ്ത്രീകളാണെങ്കിൽ ശരീരത്തിനുള്ളിലുള്ള അവയവങ്ങൾക്കു രോഗം ബാധിക്കുന്നതും കഠിനമായ ശസ്ത്രക്രിയചെയ്യാൻ ഇടവരുന്നതുമാകുന്നു.

വർണ്ണങ്ങൾ

നീല, ഊത, ധൂമ്രം, എന്നീനിറങ്ങളുടെ ഏതു ഛായയും ഇവക്കു പറ്റും.

രത്നങ്ങൾ

ഇവർ ധരിക്കേണ്ടതു "ഓപ്പൽ" എന്ന രത്നവും മുത്തും ആകുന്നു.

ജൂലിയസ് സീസർ, റൊബർട്ട് പ്രഭു, ഡാക്ടർ ആനിബസൻറ്, മഹാത്മാഗാന്ധി, മാർട്ടിൻ ലൂതർ, എന്നിവരെല്ലാം ജനിച്ചതു് ഈ രാശിയിലത്രെ.

———

വായ്ർ & കമ്പനി ക്ലിപ്തം

(Bankers, Brokers, Commission Agents etc)

തിരുവനന്തപുരം

പ്രതിമാസച്ചിട്ടികൾ.

ടി കമ്പനി തലയാലംനിന്നു് 11.3-ാമാണ്ടു് വൃശ്ചികമാസം 5-ാംനു ആരംഭിച്ചു് ഇരുപത്തിഅഞ്ചു മാസംകൊണ്ടവസാനിക്കുന്ന ഒരു പ്രതിമാസ ലേലച്ചിട്ടിയും ഒരു പ്രതിമാസ നറുക്കെടുപ്പുചിട്ടിയും നടത്തുന്നതിനു് നിശ്ചയിച്ചിരിക്കുന്നു.

ഈ ചിട്ടികളിൽ പ്രതിമാസം

40	രൂപാവീതം	25	തവണയായി	1000	രൂപാമുതലുള്ള ഏ ക്ലാസും
20	,,	,,		500	,, ബി ,,
10	,,	,,		250	,, സി ,,
5	,,	,,		125	,, ഡി ,,

ഉണ്ടായിരിക്കുന്നതാണു്.


ചിട്ടികളിൽ ചേരണമെന്നുള്ളവർ തലവയ്യോലയ്ക്കു ഉടൻ ആവശ്യപ്പെടുക.

കെ. ജി. വായ്ർ

മാനേജിംഗ് ഡയറക്ടർ,

വായ്ർ ആൻഡ് കമ്പനി ക്ലിപ്തം,

തിരുവനന്തപുരം



ചെറുകഥ

എന്റെ "സിങ്കപ്പൂർ പ്രണയം"

'മെട്രിക്കുലേഷൻ' പാസ്സായതോടുകൂടി എനിക്ക് എന്റെ പഠിപ്പു നിറുത്തേണ്ടിവന്നു. എങ്ങനെയെങ്കിലും ഒരു ഉദ്യോഗം സമ്പാദിക്കേണമെന്നായിരുന്നു പിന്നീട് എന്റെ ആലോചന അയക്കുന്ന അപേക്ഷകൾക്കെല്ലാം 'തല്ക്കാലം ഒഴിവില്ല' എന്ന മറുപടിയല്ലാതെ ആശാജനകമായ ഒരു മറുപടിയും എനിക്ക് ലഭിച്ചിരുന്നില്ല. ഒടുവിൽ, അമ്മാവനെത്തന്നെ ശരണംപ്രാപിക്കാമെന്നുറച്ച്, ഞാൻ തിരുവനന്തപുരത്തേക്ക് പോയി.

'വിമല' അമ്മാവന്റെ മകളാണ്. അന്നു സെക്കൻഡ് ഫാറത്തിൽ പഠിക്കുകയായിരുന്നു അവൾ. അന്നദിനവും അവൾക്ക് പാഠം പഠിപ്പിച്ചുകൊടുക്കുന്നതിന് അമ്മാവി എന്നെ പ്രത്യേകം നിഷ്കർഷിച്ചിരുന്നു.

നാലുമാസംകൊണ്ട് എന്റെ ഉദ്യോഗശ്രമം അവിടെ നിലച്ചു. കരുണയുള്ള അമ്മാവൻ, ഇതിനകം പലയുറകളിലും "പലവിധത്തിലും" ശ്രമിച്ചുനോക്കി എനിക്കൊരു ഉദ്യോഗം സമ്പാദിച്ചുതരുന്നതിന്. ഒരു ഫലവുമുണ്ടായില്ല. എത്രയോ സവ്കലാശാലാ ബിരുദധാരികൾ തൊഴിലില്ലായ്മയുടെ ദുസ്സഹമായ ഞെരുക്കിൽപെട്ട ദുരിതമനുഭവിക്കുന്നത് പ്രത്യക്ഷത്തിൽ കണ്ടറിഞ്ഞ ഞാൻ, ഒരു ജീവിത കവാടവും, അവിടെ എനിക്കു തുറന്നുകിട്ടുന്നതല്ലെന്ന് ഒടുവിൽ തീർച്ചയാക്കി, വീട്ടിലേക്ക് മടങ്ങി.

വിമല പുഷ്ടിതയായത് അവളുടെ വിദ്യാഭ്യാസത്തിന് ഇടിത്തീയായിട്ടാണ് കലാശിച്ചത് അമ്മാവിയുടെ നിർബ്ബന്ധപ്രകാരം, വിശാലഹൃദയനെങ്കിലും, വിമലയുടെ വിദ്യാഭ്യാസത്തിന് പൂർണ്ണവിരാമമിടുന്നതിന് അമ്മാവൻ നിർബന്ധിതനായി. അങ്ങനെ, അവളെ വഹിക്കാനുള്ള സൌഭാഗ്യം ഒരു ഹൈസ്കൂളിനും കൈവരാനിടയായില്ല.

ഞാൻ, അമ്മാവന്റെ വീട്ടിൽ പിന്നെയും പൊയ്ക്കൊണ്ടിരുന്നു. പല സംഭവങ്ങളേയും പിന്നിലാക്കിക്കൊണ്ട് ഒരുകൊല്ലം അനന്തതയുടെ അഗാധതയിലേക്ക് മാറിമറഞ്ഞു. ഇതിനകം, എന്തിനൊളിക്കുന്നു, ഞാനും വിമലയും പരസ്പരം സ്നേഹിച്ചുപോയി. പോരാ, ഞങ്ങളുടെ യുവഹൃദയങ്ങൾ തമ്മിൽ കൂട്ടിമുട്ടി. നിർമ്മലപ്രേമത്തിൽനിന്നും ഊറിവന്ന നിസ്തുല്യമായ ആനന്ദം ഞങ്ങൾ നിർവ്വിഘ്നം ആസ്വദിക്കാൻ തുടങ്ങി. ജീവിതമഹാഗ്രന്ഥത്തിലെ 'സുന്ദരകാണ്ഡം' അങ്ങനെ, ഞങ്ങൾ പാരായണം ചെയ്തുതുടങ്ങി.

ലോകം ഇതിനിടയിൽ, ഞങ്ങളെപ്പറ്റി രസകരമായി പലതും കെട്ടിച്ചമച്ചു. 'മാലിക'യിൽ എന്റെ ഒരു സ്നേഹിതൻതന്നെ, ഒരു ചെറുകഥയെഴുതി, അതിൽ ഞങ്ങളെത്തമ്മിൽ വിവാഹംകഴിപ്പിച്ചതായിപോലും ഞങ്ങൾകണ്ടു. എന്നാലവയെല്ലാംതന്നെ വിമലയ്ക്കും എനിക്കും പൂർവ്വാധികം ആനന്ദനിർവൃതിയാണ് നൽകിയത്. ഞങ്ങളുടെ കാടടറ പ്രേമത്തിന് വളം ചേർക്കുകയത്രേ അവ ചെയ്തത്.

അച്ഛനമ്മമാർ എന്റെ ഈ 'പോക്കുവരവി'ന് ഒരു തടസ്ഥവും പുറപ്പെടുവിച്ചില്ലെന്നുള്ളത് ഞങ്ങളുടെ ഭാസുരമായ ഭാവിജീവിതത്തിന്റെ നാന്ദിയായി എനിക്കുതോന്നി.

'ഉദരവ്യഗ്രത' നാനാപ്രകാരേണ അപ്പോഴും എന്നെ അലട്ടിക്കൊണ്ടിരുന്നു. സാധുമാതാപിതാക്കളെ ഞെക്കിപ്പിഴിഞ്ഞു ലഭ്യമാക്കിയ വിദ്യാഭ്യാസം ജീവിതോപായത്തിന് എന്നെ സഹായിക്കുന്നില്ലെന്ന് കണ്ടപ്പോൾ എന്റെ കർത്തവ്യബോധം പതറി. വിമലയെ കഴിയുന്നതും വേഗം എന്റേതാക്കേണമെന്ന മൂഴുത്ത ആഗ്രഹം എന്റെ മനോരാജ്യത്തെ അടക്കി ഭരിക്കാൻ തുടങ്ങി. സ്വന്തമായി, ജീവിതമാർഗ്ഗമില്ലാതെ, വിവാഹംചെയ്താലത്തെ കഥയെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്റെ ഉള്ളിൽ കോളിളക്കമുണ്ടാവും. എന്നോടും—പ്രായപൂർത്തിയാക്കി, കാലോചിതമായ വിദ്യാഭ്യാസം, തങ്ങളുടെ കഴിവിനു മേലെയായി നൽകിയ ഒരു പുത്രനേയും—എന്റെ ഭാര്യയേയുംകൂടി അച്ഛനമ്മമാർ പുലർത്തുക! ഞാൻ നടുങ്ങി. വിവാഹംകഴിച്ച്, ഭാര്യാഗൃഹത്തിൽ, അവരുടെ വിടുതിക്കാരനായി താമസിക്കുക! ഹേ, എന്റെ അഭിമാനം പടം വിരുത്തു..... പുളച്ചാർക്കുന്ന നവയൌവനത്തോടുകൂടി വളർന്നുവരുന്ന വിമലയെ എത്രകാലമാണ് അമ്മാവി എനിക്കായ് 'വച്ചു സൂക്ഷിക്കുവാൻ പോകുന്നു' എന്ന ഒരു ശങ്ക എന്നെ വല്ലാതെ മെതിക്കാൻതുടങ്ങി. ഇതികർത്തവ്യതാമൂഢനായി ചമഞ്ഞ ഞാൻ, ഈ വിഷമപ്രശ്നങ്ങളോട് എങ്ങനെ നേരിടണമെന്നറിയാതെതന്നെ കുഴങ്ങി.....ഒടുവിൽ, ഞാനൊരു പോംവഴി കണ്ടുപിടിച്ചു.

* * *

സിങ്കപ്പൂരിലെ പ്രശസ്തിപെറ്റ "താംബ്സൻ" കമ്പനിയിൽ എനിക്ക് ഒരു ക്ലാർക്കിന്റെ പണികിട്ടിയിട്ട്, ഇപ്പോൾ സുമാറ് രണ്ടുകൊല്ലം കഴിഞ്ഞിരിക്കുന്നു. കമ്പനിയാൽ ഏർപ്പെടുത്തപ്പെട്ട പ്രോവിഡൻറ് ഫണ്ടിലേക്ക്, സാമാന്യം ഭേദപ്പെട്ട എന്റെ മാസപ്പടിയിൽനിന്ന് ഒരു തുക മാസംതോറും വെട്ടിയെടുക്കുന്നതിലേക്ക് ഞാൻ ഉദ്യോഗത്തിൽ പ്രവേശിച്ചതു മുതൽക്കുതന്നെ വേണ്ട നിബന്ധനകളും ചെയ്തിരുന്നുവെന്നുള്ളതു് എനിക്ക് അനവരതം ആശ്വാസവും അഭിമാനവും പകർന്നിരുന്നു. പണസംബന്ധമായി ഞാൻ ഇങ്ങനെ ഒരു മുൻകരുതൽ ചെയ്തിരുന്നതു് ചില സിങ്കപ്പൂർ മലയാളികളുടെ "കഥകളെ" അടിസ്ഥാനപ്പെടുത്തിയുമായിരുന്നു.

നാട്ടിലേക്ക്, രണ്ടോട്ടയിൽ ഒരിക്കലെങ്കിലും ഞാൻ കത്തയക്കാതിരിക്കുകയില്ല. വിമല മലയാളത്തും, ഞാൻ മലയാളിയും ആയിരുന്നെങ്കിലും ഞങ്ങളുടെ പാസ്സാരമുള്ള കത്തുകൾ, അതെ, "അനുരാഗപ്രബുദ്ധങ്ങൾ" സ്ഥലദൂരം വിസ്മൃതമാക്കപ്പെട്ടിരുന്നു. എന്റെ മാതാപിതാക്കന്മാരുടെ ചെലവും ഞാൻതന്നെയാണു അഭിമാനത്തോടുകൂടി നിർവഹിച്ചു വന്നിരുന്നതു്. മലയാളസഹോദരന്മാരുമായുള്ള സഹവാസം വിലമതിക്കാൻ പാടില്ലാത്ത പല പൊരുളുകളും എനിക്ക് നേടിത്തന്നു. മലയാളി അസോസിയേഷനിൽ പോകാതെയും, മലയാളപത്രങ്ങൾ വായിക്കാതെയും ഒരുദിവസംപോലും ഞാൻ ഉറങ്ങിയിരുന്നില്ല .....അകപ്പാടെ എന്റെ ഉദ്ദിഷ്ടകാര്യസിദ്ധിക്ക്, എന്റെ ഭാവി വാഗ്ദത്തം ചെയ്യുന്നതുപോലെ ഞാൻ ധൈര്യപ്പെട്ടു.

* * *

'വിന്നിയും' ഞാനും ഒരേ ആഫീസിൽ ജോലിചെയ്യുന്നവരാണ്. ജോലിസംബന്ധമായി കൂടക്കൂടെയുള്ള "ഇടപാടു"നിമിത്തം ചുരുങ്ങിയ കാലത്തിനുള്ളിൽ ഞങ്ങൾ വലിയ സ്നേഹിതന്മാരായിത്തീർന്നു. എന്റെ പാപ്പിടത്തു് സാധാരണയായി വിന്നി വരാറുണ്ടെങ്കിലും, നിർബന്ധിച്ചാൽതന്നെയും അയാളുടെ വീട്ടിൽ പോകാൻ ഞാൻ കേവലം മടിച്ചിരുന്നു. യൂറേഷ്യൻ "എറേഷ്യൻ" എനിക്ക് നല്ല വശമില്ലാതിരുന്നതിനാലും, അങ്ങനെയുള്ള ഒരു 'കൂട്ടുകെട്ടു' അത്ര സ്പീകായ്മയായി എനിക്ക് തോന്നാതിരുന്നതിനാലുമാണ് ഞാൻ അങ്ങനെ ചെയ്തിരുന്നതു്.

"എമിലി വില്ലായിൽ" അന്നൊരു വിശേഷദിനമായിരുന്നു. വിന്നിയുടെ സഹോദരി 'എമിലി'യുടെ ജന്മദിനാഘോഷം! പാശ്ചാത്യപരിഷ്കാരപ്പകിട്ടോടുകൂടി ഒട്ടധികം ആളുകൾ അവിടെ തടിച്ചുകൂടിയിരുന്നു. ഒഴിവുകഴിവുകളൊന്നും ഫലിച്ചില്ല; വിന്നിയുടെ പ്രത്യേക ക്ഷണമനുസരിച്ചു എനിക്കും ആ പാർട്ടിയിൽ പങ്കുകൊള്ളേണ്ടതായി വന്നുകൂടി. ഇൻഡ്യാക്കാരനായി, ഞാനൊഴികെ മറ്റാരും അവിടെയില്ലെന്നു കണ്ടപ്പോൾ, ഒരു വല്ലായ്മക്ക് എന്റെ ഹൃദയം വഴങ്ങിയെങ്കിലും, ഞാൻ അതിനെ പുറത്തു പ്രകാശിപ്പിക്കാതെ പ്രസന്നവദനനായിരുന്നു. വിന്നി സഹോദരി എമിലിയെ അപരിചിതർക്ക് പരിചയപ്പെടുത്തിക്കൊടുക്കാൻതുടങ്ങി. ഞാനും 'എമിലി'ക്ക് ഹസ്തദാനംചെയ്തു; ഞങ്ങളും പരസ്പരം പരിചിതരായി. കുടി, തീൻ ഇവകൾതുടങ്ങി. 'കുടി' എന്തെന്നുപോലുമറിഞ്ഞിട്ടില്ലാത്ത ഞാൻ ഈ രംഗത്തിൽ എങ്ങനെയാണ് അഭിനയിക്കേണ്ടതെന്നറിയാതെ നട്ടംതിരിഞ്ഞു. കുടി എന്നോടും വിടുകയില്ലെന്നു എനിക്കു ബോദ്ധ്യംവന്നു. എന്റെ ഉള്ളൊന്നു നടുങ്ങി. അവിടെനിന്ന് തക്കത്തിൽ, വെളിക്ക് ചാടുന്നതിന് ഒരു സൂത്രം പ്രയോഗിക്കാമെന്നു കരുതി ഞാൻ ആംഗ്യംകൊണ്ടു വിന്നിയെ വിളിച്ചു. എന്തോ,എന്റെ വിളിയെ അയാൾ ചെവികൊണ്ടില്ല. അടുത്തനിമിഷത്തിൽ ഞാൻ കണ്ടതു് ഒരു ഗ്ലാസ് നിറയെ "പാനീയ"വുമായി എന്റെ മുമ്പിൽനില്ക്കുന്ന എമിലിയെ ആയിരുന്നു. തക്കം പറയാൻ എന്റെ നാവു പൊന്തിയില്ല; ആ ദശമെല്ലാം, എന്നിൽ നിന്നും ഓടിഒളിച്ചു. എന്റെ നേക്ക് നീട്ടിപ്പിടിച്ചു നിൽക്കുന്ന ആ ഗ്ലാസ് ഞാൻ വാങ്ങി, അതിലുണ്ടായിരുന്നതു്, ഒരുവിധത്തിൽ, കു....ടി....ച്ചു തീർത്തു! ചില "ഡോസുകൾ" പിന്നെയും. ഓരോ പ്രാവശ്യവും അവളുടെ സൌന്ദര്യാംശമായിരുന്ന അവൾ എനിക്കു പകർന്നതാണെന്ന് ഒരഭിമാനം എന്നിൽ ഉദിച്ചുപൊങ്ങി. കുടിയും തീ

ണ്ടും കഴിഞ്ഞതോടുകൂടി 'ഡാൻസിംഗി'ന്റെ കാലമായി. അന്നുവരെ ഡാൻസിംഗ് ചെയ്തിട്ടില്ലാത്ത ഞാൻ അന്നാണദ്ദേഹവിച്ചറിഞ്ഞു. ഞാൻ അറിഞ്ഞോ, അറിയാതെയോ, എമിലിയുമായി കെട്ടിച്ചേർന്ന പലതവണയാടി. ആഹ്! ദുരാത്മത്തനായി ഞാൻ ചമഞ്ഞു.....

വിരുന്നുകാരെല്ലാം പിരിഞ്ഞുപോയി. എമിലിയും ഞാനും ഒന്നരമണിക്കൂറുകൂടി, അവിടെ, പിന്നീടും കഴിച്ചുകൂട്ടി.

വീട്ടിൽ മടങ്ങിയെത്തുമ്പോഴേക്കും ഒരസ്വസ്ഥത എന്നിൽ സ്ഥലംപിടിച്ചിരുന്നു. ഹൃദയം അസാധാരണമായ ഉദ്വേഗം കൈക്കൊണ്ടിരുന്നു. ഹാ! വിമലയും എമിലിയുമായി ഒരു ദ്വന്ദയുദ്ധത്തിൽ ഏർപ്പെട്ടുകഴിഞ്ഞിരുന്നു; എന്റെ അന്തരംഗത്തിൽ ഞാൻ കണ്ടു.....കഷ്ടം! ഏതോ, ഒരു ശക്തിയുടെ സഹായത്താൽ എമിലി, വിമലയെ പരാജിതയാക്കി, അവിടെനിന്നും നിഷ്ക്കാസനംചെയ്യ.....ഹൃദയം കണ്ണീർവാർത്തു.

പിറെന്നുമുതൽ, വിന്നി, എന്നെ ക്ഷണിച്ചേ രീതിയുണ്ടായില്ല, ദിവസവും ജോലികഴിഞ്ഞാൽ 'എമിലിവില്ലാ'യിൽ ഞാൻ ഹാജരാകും. എമിലിയുമായി ഉലാത്താൻ പോവുക എന്റെ ഒരു ദിനചര്യയായിത്തീർന്നു. പല പ്രണയകഥകളും, പ്രണയരംഗങ്ങളും തുടങ്ങിയ 'മൗണ്ട് എമിലി' (ഇത്: സിംഗപ്പൂർ ടൗണിലുള്ള മനോമോഹനമായ ഒരു സുഖവാസസ്ഥലമാണ്)യിൽ ഇരുന്നാസ്വദിച്ചു സമയം കഴിക്കും. പലപ്പോഴും രാത്രി അസമയത്തായിരിക്കും, ഞാൻ എമിലിയെ അവളുടെ വീട്ടിൽകൊണ്ടു ചെന്നാക്കുക. എന്റെ ഈ പ്രവൃത്തികളെല്ലാം, എന്നെ എമിലിവില്ലായിലെ ഒരു 'പെററാ'ക്കിത്തീർക്കുകയാണു ചെയ്തത്.

* * *

ഒരു വർഷം അങ്ങനെ ആടിക്കഴിഞ്ഞുപോയി. എന്റെ താമസം മുക്കാലും എമിലിയുടെ വീട്ടിലായി. പട്ടരുടെ കടയിലെ എന്റെ ശാപ്പാട്, എമിലിവില്ലായിലെ തീനായിമാറി. ഇതിങ്ങും. എന്നാൽ, ഒരു കാർപടലം അവയെ മൂടപടമിട്ട പൊതിഞ്ഞു കളയും.....

എമിലിയും ഞാനുമൊന്നിച്ച് ആഴ്ചയിലൊരിക്കലെങ്കിലും "ഷാപ്പിംഗി"നും സിനിമായ്ക്കും പോകാതിരിക്കുന്നതു് അപൂർവമാണ്. പ്രാവിടന്റെ ഫണ്ടിലേക്കുള്ളതു് കഴിച്ചാൽ, ബാക്കി എനിക്ക് കിട്ടുന്ന ശമ്പളമെല്ലാം, എമിലിയുടെ ഇഷ്ടപ്രകാരം ഞാൻ ദീപാളി കുളിച്ചു. ഒരു ധാരാളിയായ എന്നിൽ എമിലിയും വീട്ടുകാരും വല്ലാതെ ഭ്രമിച്ചുവശായി.

അന്ന് ഒരു സോമവാരദിനമായിരുന്നു. ഉദ്യോഗസംബന്ധമായി, എനിക്ക് അന്ന്, 'കത്തോങ്ങ്' (സിംഗപ്പൂർ ടൗണിൽ നിന്നു നാലു മൈൽ ദൂരത്തുള്ള ഒരു സ്ഥലം)വരെ പോകേണ്ടിയിരുന്നു. മദ്ധ്യാഹ്നം അപ്പോഴും എത്തിയിരുന്നില്ല.

ഞാൻ, ട്രാമിൽ നിന്നിറങ്ങി ഉദ്ദിഷ്ടദിക്കിലേക്ക്, ഒരു "റിക്ഷാ"യിൽ കയറി പ്രയാണം തുടങ്ങി. എനിക്കഭിമുഖമായി, അടച്ചു മൂടിയ ഒരു റിക്ഷായിൽ ഒരു സ്ത്രീയേയും, പുരുഷനേയും അവ്യക്തമായി ഞാൻ കണ്ടു. ഏതോ ഒരു ജിജ്ഞാസ, എന്നെ, അവരെ അനുഗമിപ്പിച്ചു. ഒരു ഹോട്ടലിന്റെ മുന്നിലായി അവർ രണ്ടുപേരും ഇറങ്ങി. സമയം ഒട്ടും കളയാതെ, ആ കെട്ടിടത്തിന്റെ ഉള്ളിലേക്ക് ആ തരുണി ഓടിക്കയറിപ്പോയി; ആ പുരുഷൻ പുറകേയും. ആ ഹോട്ടലിന്റെ നേരെയുള്ള ഒരു ചായക്കടയിൽ ഞാനും സ്ഥലം പിടിച്ചു. മണിക്കൂർ രണ്ടു, ആ ഇരിപ്പിൽ ഞാൻ തള്ളിക്കഴിച്ചു. ഒരു റിക്ഷാ, വീണ്ടും ആ ഹോട്ടലിന്റെ മുൻഭാഗത്തു് വന്നുനിന്നു. ഹോട്ടലിന്റെ ഉള്ളിലേക്കു കയറിപ്പോയ ആ സ്ത്രീ കോവണി ഇറങ്ങി വരുന്നതുകണ്ടു്, ഓടി ഞാൻ അവളുടെ മുമ്പിലെത്തി. ഹൃദയത്തെ ഭേദിച്ചും കൊണ്ടുവന്ന വികാരങ്ങളെ ഒരു വിധത്തിൽ അടക്കിക്കൊണ്ടു ഞാൻ അവളോടിങ്ങനെ ചോദിച്ചു: "എമിലി, ഇവിടെ എന്തിനു വന്നു?" മറുപടി പറയാൻ കാത്തു നില്ക്കാതെ അവൾ റിക്ഷായിൽ കയറാൻ ഭാവിച്ചു. ഞാൻ അവളെ മാറ്റുനിരോധം ചെയ്തുകൊണ്ടു്, അവളിലും, ഉച്ചയ്ക്കു് മുമ്പ് വന്നാൽ അതു് തന്നെ സാധിക്കാമെന്നും, ചിരിച്ചും, ലജ്ജിച്ചും അവർ എന്നോടു പറഞ്ഞു. എന്റെ ഹൃദയത്തിൽ കൂടി ഒരു മിന്നൽ പിണർ പാഞ്ഞുപോയി. 'ആകട്ടെ, ഇനി ഒരു ദിവസം വരാ'മെന്നു പറഞ്ഞു ഞാൻ അവിടംവിട്ടു.

ആഫീസിലേക്ക് പോകാൻ അന്ന്, പിന്നീടു ഞാൻ ഒരുങ്ങിയില്ല; എന്റെ താമസസ്ഥലത്തേക്ക്തന്നെ വണ്ടികയറി. മുറിയുറന്നതും കട്ടിലിൽ വീണതും മാത്രമേ എനിക്കറിഞ്ഞുകൂട്ടൂ. താപവും കോപവും എന്നെ അസ്വസ്ഥചിത്തനാക്കി. നിശ്ചലനായി ഒന്നര രണ്ടു മണിക്കൂറുകൾ ഞാൻ ആ കിടപ്പിൽ കിടന്നു, ഒരു മയക്കത്തിനധീനനായി. എന്റെ കഴിഞ്ഞ ഒന്നര ക്കൊല്ലത്തെ ജീവിതത്തിലോട്ടു ഞാൻ ഒന്നു കണ്ണോടിച്ചുനോക്കി. മ്ലേച്ഛമായ ആ ജീവിതം കണ്ണുരുട്ടി, പല്ലിളിച്ചു എന്റെ നേരെ നോക്കുന്നതുപോലെ കാണപ്പെട്ടു. എന്റെ ആ ജീവിതത്തിന്റെ ഒരു തെളിഞ്ഞ ചിത്രം എന്റെ മുമ്പാകെ നിവർത്തിപ്പിടിച്ചിരിക്കുന്നതു് ഞാൻ വ്യക്തമായി നോക്കിക്കണ്ടു.....ഹൃദയം വലിഞ്ഞു പൊട്ടുമെന്ന് എന്നെ ഭയപ്പെടുത്തി. ഹാ! അവിവേകത്തിന്റെ പാരമ്യത!! പനിമതി പാൽ മഴ പൊഴിച്ചിരുന്ന ആ രാത്രിയിൽ, സാന്ദ്രസുഗന്ധം വഹിച്ചിരുന്ന ആ ചെറുപൂന്തോട്ടത്തിൽ, പ്രകൃതിദേവിയെ സാക്ഷിനിറുത്തി, ഞാൻ, എന്റെ ഹൃദയനായകിയോടു്—നിഷ്കളങ്കതയുടെ നിറകുടത്തോടു്—അതെ, എന്റെ ജീവിത സർവ്വസ്വമായ വിമലയോടു് ചെയ്ത വാഗ്ദാനങ്ങളും, ഹൃദയഭേദകമാം വിധം എന്നെ കെട്ടിപ്പുണർന്നുകൊണ്ടു് അവൾ തുരുതുരെ ചെയ്തുംബനങ്ങളും, വിമ്മിക്കരഞ്ഞുകൊണ്ടു് 'സിങ്കപ്പൂർ പ്രണയ'ത്തിൽ പെടാതെ ഇങ്ങ്വന്നൊത്തണേ, എന്നു കരുളിയുമവൾ എന്നോടു യാത്രപറഞ്ഞതും, മറ്റും ഒന്നൊന്നായി ചലനചിത്രത്തിലെന്നപോലെ എനിക്ക് കാണാറായി. ശരീരം വിറക്കൊണ്ടു. രോമകൂപങ്ങൾ കണ്ണീർപൊഴിച്ചു.....അപ്പോഴും ദയ അത്തിച്ചുംകൊണ്ടു ഒരു പൊളിക്കാത്ത കത്തു് എന്റെ മേശപ്പുറത്തു കിടക്കുന്നുണ്ടായിരുന്നു. പരീക്ഷാഫലം അറിവാനുള്ള ഒരു വിദ്യാർത്ഥിയുടെ ഉൽക്കണ്ഠയോടുകൂടി ഞാൻ ആ കത്തുമുറന്നു:

തിരുവനന്തപുരം
11—1—1112

പ്രാണനാഥാ,

തുടർച്ചയായി ഞാനയച്ച എത്രയോ കത്തുകൾക്ക് ഒരു മറുപടിപോലും അയക്കാതിരിക്കേ, വീണ്ടും ഒരു കത്തുകൂടി അങ്ങയ്ക്കെഴുതുവാൻ മുതിരുന്നതിൽ, അവിടുന്ന് സ്ത്രീലോകത്തെ, പാടെ അവഹേളിക്കരുതെന്ന് ഞാൻ അപേക്ഷിക്കുന്നു. എന്റെ ഹൃദയവല്ലഭനായി, ഞാൻ, അങ്ങയെ കരുതിപ്പോയതുകൊണ്ടാണ് ഈ ഒരു കത്തു് കൂടി എഴുതുന്ന സാഹസം ചെയ്യാൻ ഞാനൊരുങ്ങുന്നതു്. എന്റെ അവസാനത്തെ കത്തും ഇതു തന്നെയാണ്. ഈ കത്തിന് ഒരു മറുപടി ഞാൻ പ്രതീക്ഷിക്കുന്നില്ല. അങ്ങയുടെ തല്ലാല ജീവിതത്തിന്റെ ഒരു പൂർണ്ണ വിവരണം, കഴിഞ്ഞ കപ്പലിൽ ഇവിടെ വന്ന അങ്ങയുടെ ഒരു മിത്രത്തിൽ നിന്നും, തികച്ചും മനസ്സിലാക്കാൻ എനിക്കിതാ സാധിച്ചിരിക്കുന്നു. അവിടുന്ന് ആ 'സിങ്കപ്പൂർ പ്രണയിനി'യുമായി സസുഖം വാണാലും ഹതഭാഗ്യയായ ഇവളുടെ ജീവിതം ഇങ്ങനെ അവസാനിപ്പിച്ചുകൊള്ളാം.

ഭവാനു നമസ്കാരം
എന്ന്, അവിടുത്തെ
വിമല

—o—

By

വക്കം രാമകൃഷ്ണൻ—സിങ്കപ്പൂർ



വായിക്കാൻപാടില്ലാത്ത പുസ്തകം

ഫിലിപ്പൈൻദ്വീപിൽപെട്ട മാനിലായിലെ ഡാക്ടർ പാലം ആർ. വെർഗോസ്സാ ഒരു പുസ്തകമെഴുതിയിരിക്കുന്നു. അദ്ദേഹത്തിനല്ലാതെ മറ്റാർക്കും അതു വായിക്കാനറിഞ്ഞുകൂടാ എന്നുള്ളതാണ് ഈ പുസ്തകത്തിന്റെ പ്രത്യേകത. ഇതു പ്രാചീന ഹിലിഗായൻ ലിപിയിലാണ് എഴുതപ്പെട്ടിരിക്കുന്നതു്.

* * *

ബോംബിടാൻ ശബ്ദമില്ലാത്ത വിമാനം

ഹാംപ്സ്റ്റീഡ് എന്ന സ്ഥലത്തു് ഇപ്പോൾ താമസിച്ചുകൊണ്ടിരിക്കുന്ന ഒരു ബൽജിയൻ പ്രൊഫസർ ഒരു പുതിയ "ബോംബിങ്ങ് പ്ലെയിൻ" കണ്ടുപിടിച്ചിരിക്കുന്നു. ഇതിന് 500മൈൽ വേഗമുണ്ടെന്നും, അതു ആകാശത്തിൽക്കൂടി പറന്നുപോകുന്ന സമയം യാതൊരു ശബ്ദവുമുണ്ടാകുകയില്ലെന്നും അറിയുന്നു.

* * *

85000000 പവൻ

85,000,000പവൻ സാധുസംരക്ഷണാർത്ഥം സംഭാവനചെയ്ത ആൻഡ്രൂകാണ്ണഗി കേവലം ഒരു നെയിത്തുകാരന്റെ പുത്രനായി ജനിച്ചു് അമേരിക്കയിലെ ഒരു കാട്ടൺ ഫാക്ടറിയിൽ മാസം ഒരുപവൻ വേതനത്തിൽ ഉദ്യോഗം ആരംഭിച്ചയാളാണ്. അദ്ദേഹം വ്യവസായത്തിൽനിന്നു പിന്മാറുമ്പോൾ പ്രതിവർഷം 3,000,000 പവൻ ആദായം കിട്ടിവന്നിരുന്നു.

* * *

153-ാമത്തെ വയസ്സിലും വിവാഹം

ഒരുപക്ഷെ ഇന്നു ജീവിച്ചിരിക്കുന്നവരിൽവെച്ചു പ്രായംകൂടിയ ആൾ ടക്കിക്കാരനായ ആഗാ ആണ്. അദ്ദേഹം 1927-ൽ തന്റെ 153-ാമത്തെ വയസ്സിൽ വീണ്ടും വിവാഹം കഴിച്ചു. ഇതിനകം അയാൾ പത്തു ഭാര്യമാരുടേയും 27-സന്തതികളുടേയും ശവസംസ്കാരകർമ്മം നിവർഹിച്ചിട്ടുണ്ട്. ഇപ്പോഴും അദ്ദേഹത്തെ നിരാശ ബാധിച്ചിട്ടില്ല. താൻ ഇപ്പോഴും ചെറുപ്പമാണെന്നു തന്നെ അദ്ദേഹം വിശ്വസിക്കുന്നു.

സ്റ്റടികപ്പാമ്പു്

വടക്കെ അമേരിക്കയിൽ ഒരുതരം പാമ്പുണ്ട്. സ്ഫടിക നിർമ്മിതമല്ലെങ്കിലും അതിനെ സ്ഫടികപ്പാമ്പു് എന്നാണ് വിളിച്ചുവരുന്നതു്. ശരീരത്തിൽ ആരെങ്കിലും തൊട്ടാൽ അതു ചിലപ്പോൾ പല കഷണങ്ങളായിതെറിച്ചുപോകുന്നു. പൂർണ്ണരൂപത്തിൽ ഈ ജന്തുവിനെ ഇതുവരെ ആർക്കും പിടിക്കുവാൻ സാധിച്ചിട്ടില്ല. ഏതെങ്കിലും പ്രകാരത്തിൽ അനക്കം തട്ടിയാൽ അതിന്റെ വാൽ ശരീരത്തിൽ നിന്നും തെറിച്ചു പോകുന്നു.

* * *

സന്യാസിയുടെ പേടി

പേടി പലപ്പോഴും ബാധയുടെ രൂപമെടുക്കാറുണ്ട്. 1488-നും, 1523-നും മദ്ധ്യേ ജീവിച്ചിരുന്ന പ്രസിദ്ധനായ ഒരു ജർമ്മൻ സന്യാസി ഇപ്രകാരം ഒരു ബാധോപദ്രവത്തിനു വിധേയനായിരുന്നു. താൻ ഒരു ഗോതമ്പുമണിയാണെന്നും ഏതു നിമിഷവും തന്നെ ഒരു പക്ഷി കൊത്തിതിന്നുകുമെന്നുമുള്ള ഭയം കൊണ്ടു അയാൾ വീട്ടിനുപുറത്തുവരാതെ ജീവിതം കഴിക്കേണ്ടിവന്നു.

* * *

പെരുമ്പാമ്പും ശിശുവും സ്നേഹിതന്മാർ

ബുഡാപെസ്റ്റിൽ, 4 വയസ്സുപ്രായമുള്ള ഗീസാ സെഗാദി എന്ന പേരുള്ള ഒരു ചെറുപൈതലും ഇൻഡ്യൻ വനത്തിലെ ഭീകര ജന്തുക്കളിൽ ഒന്നായ ഒരു പെരുമ്പാമ്പും ആത്മാർത്ഥ സ്നേഹിതന്മാരായി ജീവിച്ചുവരുന്നു. ഈ കുഞ്ഞിനെ കളിപ്പിക്കുന്നതാണ് പാമ്പിന്റെ ജോലി. പാമ്പ്, കുട്ടിയുടെ ശരീരത്തിൽ ചുറ്റിക്കിടക്കുകയും അതിനെ ഉമ്മവെയ്ക്കുകയും ചെയ്യുന്ന ഫോട്ടോകൾ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഈ പാമ്പിനു 12½- വയസ്സുപ്രായമുണ്ട്. ഗീസാ മൃഗങ്ങളെ ഇണക്കുന്ന ഒരാളുടെ പുത്രനാണ്. എങ്കിലും ഗീസായുടെ പിതാവിനു ഈ പാമ്പിനെ വലിയ ഭീതിയാണ്.

* * *

വിവാഹമോചനത്തെ നിയന്ത്രിക്കാൻ

പൂർവ്വാലോചനകൂടാതെ വിവാഹബന്ധത്തിൽ ഏർപ്പെടുന്നവരേയും, മദ്യഷാപ്പുകളിൽവെച്ചും, നിശാവേളകളിലെ ആനന്ദനിമിഷങ്ങളുടെ പ്രേരണകൾക്കു വശംവദരായും വിവാഹത്തിൽപെട്ട്, നിരാശരായിജീവിതം കഴിക്കേണ്ടിവരുന്ന യുവജനങ്ങളെയും ഉദ്ദേശിച്ചു് ന്യൂയാക്കിൽ ഒരു പുതിയ വിവാഹനിയമംപാസ്സാക്കിയിരിക്കുന്നു. ഈ നിയമമനുസരിച്ചു വിവാഹലൈസൻസു വേണമെന്നുള്ളവർ മൂന്നുദിവസത്തിനുമുമ്പെ അപേക്ഷിച്ചിരിക്കണം. ഇല്ലെങ്കിൽ ലൈസൻസു നൽകുന്നതല്ല. നിയമം നടപ്പിൽവന്നു് നാലുദിവസത്തിനകം തന്നെ, പുനരാലോചനയ്ക്കു അവസരംകിട്ടിയതിന്റെ ഫലമായി, ലൈസൻസിനുള്ള അനേകം അപേക്ഷകൾ പിൻവലിക്കപ്പെടുകയുണ്ടായി.

* * *

5605 നാഴിക ഓടി

പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ജീവിച്ചിരുന്ന മെൻസൺ എൻസ്റ്റ് എന്ന സ്കൂൾമിനേവിയാക്കാരനാണ് ലോകത്തു ജീവിച്ചിരുന്നിട്ടുള്ള ഓട്ടക്കാരിൽ വെച്ചു പ്രഥമഗണനീയൻ. ഒരിക്കൽ പാരീസിൽ വിന്നും മോസ്കോയിൽ അയാൾ രണ്ടോട്ടകൊണ്ടു് ഓടിഎത്തി. ഈ ഓട്ടത്തിനിടയിൽ അയാൾ 13-നദികളും നീന്തിക്കടന്നു എങ്കിലും ശരാശരി ദിവസം ഒന്നിനു 125-മൈൽ വീതം ഓടിയിരുന്നു. കാൺസ്റ്റാൻറിനോപ്പിളിൽ നിന്നും കൽക്കട്ടാവരെയും തിരിച്ചും, 5605 നാഴിക ദിവസമൊന്നിനു് ശരാശരി 95-നാഴിക വീതം 59-ദിവസം കൊണ്ടു് അയാൾ ഓടുകയുണ്ടായി. ഈ ഓട്ടത്തിനിടയിൽ അയാൾക്കു നദികൾ നീന്തിക്കടക്കേണ്ടതായും മരുഭൂമികൾ തരണം ചെയ്യേണ്ടതായും, വഴിയിൽ പല ആപത്തുകളും നേരിടേണ്ടതായും വന്നു.

* * *

കുരുടന്മാരുടെ വിപ്ലവം

ഈജിപ്തിന്റെ തലസ്ഥാനമായ കെയിറോ നഗരത്തിനടുത്തുള്ള അന്ധമന്ദിരത്തിലെ കുരുടന്മാർ ഈയിടെ വലിയൊരു ബഹളമുണ്ടാക്കിയിരിക്കുന്നു. ഒരു ദിക്കിൽതന്നെ കിടന്നു ജീവിതം നയിക്കേണ്ടിയിരിക്കുന്നതിലുള്ള നീരസംകൊണ്ടാണ് അവർ ഇളകിവശായതു്. അവർ ആ അന്ധമന്ദിരം ഡയറക്ടരേയും പല പരിചാരകന്മാരെയും ആ കാവൽക്കാരേയും അടിച്ചു. ഡയറക്ടരുടെ ആഫീസെല്ലാം അലങ്കോലപ്പെടുത്തി. മന്ദിരം തീവെക്കാൻപോലും അവർ മടിച്ചില്ല. ഒരു വലിയ പോലീസ്സൈന്യംചെന്നു് അന്ധന്മാരെ അമർത്തുകയും വിപ്ലവത്തിനു പുറപ്പെട്ടവരിൽ പ്രധാനികളായ നാലുപേരെ അറസ്റ്റുചെയ്കയും ചെയ്തു.

* * *

ഉറക്കുന്ന ബോംബുകൾ

ന്യൂയോർക്കിലുള്ള ശാസ്ത്രീയഗവേഷണ പട്ടണം ഈയിടെ ഒരു മാതിരി "സ്ലീപിംഗ് ഗ്യാസ്" (ഉറക്കമുണ്ടാക്കുന്ന വാതകം) അടയ്ക്കപ്പെട്ടിട്ടുള്ള ബാംബുകൾ ഉണ്ടാക്കിയിരിക്കുന്നു.

ഈ ബോംബുകൾ പൊട്ടുന്നസ്ഥലത്തെ ആളുകൾക്കു പെട്ടെന്നു ഉറക്കം ഉണ്ടാകുന്നതാണ്. ഉറക്കം ഉണ്ടാകുന്ന ഗ്യാസിന്റെ പേർ "അസിറിൽകോളിൻ" എന്നാണ്. ഈ ഗ്യാസ് സ്ഫടികനിർമ്മിതമായ ചെറിയ കുഴലുകളിൽ അടച്ചു് ബോംബിനുള്ളിൽ വെക്കുന്നു. ഇങ്ങനെയുള്ള ആയിരത്തോളം കുഴലുകൾ ഒരു ബോംബിൽതന്നെകാണും. ബോംബു പൊട്ടുന്ന അവസരത്തിൽ ഈ കുഴലുകൾ തെറിച്ചു് പല സ്ഥലങ്ങളിലായി ചെന്നു വീഴുന്നു. അതു പൊട്ടിത്തീരുമ്പോൾ ഉറക്കമുണ്ടാകുന്ന ഗ്യാസ് പുറത്തുവരും. ഒരു മനുഷ്യന്റെ ശരീരത്തിലാണ് അതു പതിക്കാനിടയായതെങ്കിൽ അയാളുടെ മാംസപേശികൾ തളർച്ചു് അതു കഠിനവേദനയോടെ ഉള്ളിലേക്കു കടക്കുകയും, ഗ്യാസ് "ഉൻകോക്ഷൻ" (മരുന്നു കുത്തിവയ്പിനു) തുല്യം രക്തനാളത്തിൽ കലരുകയും ചെയ്യും.

* * *

കോഴിക്കുഞ്ഞിന്റെ കഷ്ടപ്പാട്

ന്യൂയോർക്കുകാരനായ മാക്സ് ബർഗർ തന്റെ ഭാര്യാവസതിയിൽനിന്നും വീട്ടിലേക്കുവരികയായിരുന്നു. മിസിസ് മാക്സ് ബർഗർ സമ്മാനിച്ച ഒരു കോഴിക്കുഞ്ഞിനേയുംകൊണ്ടാണ് അയാൾ വീട്ടിലേക്കുവന്നതു്. പ്രണയപരവശനായി തീർന്നിരുന്ന അയാൾ ഒട്ടു വഴിമദ്ധ്യത്തിലെത്തിയപ്പോൾ "അവൾ എന്നെ സ്നേഹിക്കുന്നു. അവൾ എന്നെ സ്നേഹിക്കുന്നു."എന്നു് ഉരുവിട്ടുകൊണ്ടു് ആ പാവപ്പെട്ട കോഴിക്കുഞ്ഞിന്റെ ഓരോ തൂവലും നിർദ്ദയമായി പറിച്ചു് ആകാശത്തിൽ പറപ്പിക്കുവാൻ ആരംഭിച്ചു. പ്രാണവേദനയെടുത്ത കോഴിക്കുഞ്ഞു് ഏറ്റവും ദയനീയമായി നിലവിളിതുടങ്ങി. എന്നിട്ടും ആ പ്രണയമത്തൻ തന്റെ ജോലി അവസാനിപ്പിച്ചില്ല. കടന്നുപോയ ഒരു സ്നേഹിതൻ ഈ ജീവിയിൽ അനുകമ്പതോന്നി ആ നിഷ്ഠുരകൃത്യത്തിൽനിന്നും പിന്തിരിയുവാൻ മി. ബർഗറോടാവശ്യപ്പെട്ടു. അവർതമ്മിൽ വാഗ്വാദം മൂത്തു. തെരുവീഥിയിൽവച്ചു ബഹളമുണ്ടാക്കി എന്ന കാരണത്താൽ പോലീസുകാർ അവരെ അറസ്റ്റുചെയ്തു. ഒരു പോലീസ്കാരൻ നിർദ്ദയമായ ഒരടികൊടുത്തു് കോഴിക്കുഞ്ഞിനെ യമപുരിക്കയച്ചിട്ടു് അതിന്റെ കാലിൽ 'തെളിവുകം ഒന്നു്' എന്ന ഒരു കടലാസു് എഴുതിത്തൂക്കി. ജന്തുക്കളോടു് ജീവകാരുണ്യം കാണിക്കുന്നില്ലെന്ന കുറ്റംആരോപിച്ചു് പോലീസുകാർ ബർഗറിന്റെപേരിൽ കേസ് ഫയൽചെയ്തു. മജിസ്ട്രേട്ടപ്രതിയെവെറുതെവിട്ടു. പ്രതി തന്റെ കോഴിക്കുഞ്ഞിനെതിരെയുള്ള അവശ്യപ്പെട്ടപ്പോൾ അതെവിടെപോയി മറഞ്ഞിരുന്നു എന്നു് ആർക്കും നിശ്ചയമുണ്ടായിരുന്നില്ല.

—o—